## കത്തുകൾ

മാന്യപത്രാധിപർ,
ഗുരുരത്നത്തിന്റെ ഏപ്രിൽ ജൂൺ ലക്കം കിട്ടി ശ്രീനാരായണഗുരു ദേവപ്രചാരണത്തിൽ മറ്റേത് ഗുരുദേവ പ്രസിദ്ധീകരണത്തേക്കാളും മുൻനിരയിലേക്ക് ഗുരുരത്നം വളർന്നുവരുന്നതിൽ അഭിമാനം കൊള്ളുന്നു. ശ്രീനാരായണഗുരുധർമ്മം പുലരട്ടെ; വളരട്ടെ; ഗുരുരത്നം ഒരു നിഷ്പക്ഷ രാഷ്ട്രീയ പ്രസിദ്ധീകരണമായി വളർന്നു വരട്ടെ. ഗുരുദേവന്റെ ദർശനങ്ങളും ആദർശങ്ങളും ലോകജനതയിലെത്തിക്കുവാൻവണ്ടി ഗുരുരത്നത്തിന്റെ വിലപ്പെട്ട ഓരോ പേജുകളും ഉപയോഗപ്പെടുത്തുക.ഗുരുദേവ ചരണം ശരണം.

**എം ജി. കണ്ടല്ലൂർ, ഐരോളി.**

ധന്യാത്മൻ,
ഗുരുരത്നത്തിന്റെ ഉള്ളടക്കം വളരെ നന്നായിട്ടുണ്ട്. കവർപേജ് അതി മനോഹരം. എനിക്കിഷ്ടപ്പെട്ടു. അഭിനന്ദനങ്ങൾ.
സസ്നേഹം,

**സത്യൻ താന്നിപ്പുഴ, തൂമ്പായിൽ**

ഗുരുരത്നം കാണാറുണ്ട്. കേരളത്തിനുപുറത്തുള്ള ഗുരുപ്രസിദ്ധീകരണങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കാൻ ഇതിനകം ഗുരുരത്നത്തിന് കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ശ്രീ നാരായണസം ബന്ധിയായ പുസ്തകങ്ങളുടെ പ്രസിദ്ധീകര ണം ഇനിയുണ്ടാകണം. അതുപോലെതന്നെ ആവശ്യമായിട്ടുള്ളതാണ് ഗവേഷണവും. കേരളത്തിലെ മൂന്നു യൂണിവേഴ്സിറ്റികളുടേയും റിസർച്ച് ഗൈഡെന്ന നിലക്കും 12 പേരെ പി. എച്ച്. ഡി. എടുപ്പിച്ച ആളെന്ന നിലക്കും എനിക്കു നിങ്ങളെ സഹായിക്കാനാകും. ഇടക്ക് കേരളത്തിൽ നിന്ന് പ്രഗൽഭരെ കൊണ്ടുപോയുള്ള സെമിനാറുകളുമാകാം. എന്റെ നോട്ടത്തിൽ ബോംബെയിലെ ശ്രീ നാരായണപ്രസ്ഥാനം ആ പ്രദേശത്തെ പിന്നോക്കക്കാർക്ക് പ്രോത്സാഹനവും പ്രചോദനവുമാകണം.
സ്നേഹപൂർവ്വം,

**ഷൊർണ്ണൂർ കാർത്തികേയൻ.**

## ശ്രീനാരായണഗുരു സ്റ്റാമ്പ് ശ്രീലങ്ക പുറത്തിറക്കി

ശ്രീനാരായണ ഗുരുവിന്റെ ചിത്രം ആലേഖനം ചെയ്ത സ്റ്റാമ്പ് ശ്രീലങ്കൻ തപാൽവകുപ്പ് പുറത്തിറക്കി. ഗുരുവിന്റെ 155-ാമത് ജന്മദിനത്തിനോടനുബന്ധിച്ചായിരുന്നു ഇത്. ലങ്കയിലെ പശ്ചിമ പ്രവിശ്യാ ഗവർണർ അലവി മൗലാന തപാൽ വകുപ്പ് ഉപമന്ത്രി എം.എസ്. സെല്ല സ്വാമിക്കു നൽകിയാണ് സ്റ്റാമ്പ് പ്രകാശനം ചെയ്തത്. ഇന്ത്യക്കു പുറമെ ഗുരുവിന്റെ സ്റ്റാമ്പ് പുറത്തിറക്കുന്ന ആദ്യരാജ്യമാണ് ശ്രീലങ്ക.

ശ്രീലങ്ക സമാധാനത്തിലേക്കു തിരിച്ചുവരുന്ന സാഹചര്യത്തിൽ ഗുരുദേവ ദർശനങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് ഗവർണർ പറഞ്ഞു. ശിവഗിരി മഠത്തിലെ സ്വാമി ശാരദാനന്ദ, അദ്വൈതാശ്രമത്തിലെ സ്വാമി ശിവസ്വരൂപാനന്ദ, ശ്രീലങ്കൻ പ്രസിഡണ്ടിന്റെ ഉപദേശകൻ വാസുദേവ നാനയക്കര, കൊളംബോ മുനിസിപ്പൽ കൗൺസിലിന്റെ പ്രതിനിധി ഒമർ കാമിൽ, സൊസൈറ്റിയുടെ പ്രസിഡണ്ട് എം.കെ. രാഹുലൻ, സെക്രട്ടറി ദേശബന്ധു, കെ. ജയകുമാർ, രാജ്യാന്തര കോ-ഓർഡിനേറ്റർ ടി.എസ്. പ്രകാശ് എന്നിവർ പ്രസംഗിച്ചു. അഞ്ചു ശ്രീലങ്കൻ രൂപയുടേതാണ് സ്റ്റാമ്പ്.



കൊളംബോ ആസ്ഥാനമായ ശ്രീനാരായണ ഗുരു സൊസൈറ്റി ഓഫ് ശ്രീലങ്കയുടെ ശ്രമഫലമായാണ് സ്റ്റാമ്പ് പുറത്തിറക്കിയത്. 1918ലും 26ലും ഗുരു ലങ്ക സന്ദർശിച്ചിരുന്നു.

*പത്രാധിപക്കുറിപ്പ്.......*

# 26/11 – ഓർമ്മയുണ്ടോ ചരിത്രത്തിന്റെ വേദനയായി മാറിയ ആ 60 മണിക്കൂർ

മുംബൈ നഗരത്തെ, അല്ല ഇന്ത്യൻ ജനതയെ ഞെട്ടി വിറപ്പിച്ച ആ ഭീകര താണ്ഡവം കഴിഞ്ഞിട്ട് ഈ നവംബർ 26ന് ഒരു വർഷം തികയുകയാണ്. താജ്മഹൽ ഹോട്ടലിൽ നിന്നും ഛത്രപതി ശിവാജി ടെർമിനസിൽ നിന്നുമൊക്കെ കറുത്ത പുകയുയരുമ്പോൾ പൊള്ളിയത് ഓരോ ഇന്ത്യക്കാരന്റെയും നെഞ്ചായിരുന്നു. ചരിത്രത്തിൽ ഇടം നേടിയ മുംബൈയുടെ ഫ്രെയിമുകളിൽ താജ്ഹോട്ടൽ കാലത്തിനു മായ്ക്കാൻ കഴിയാത്ത പെയിന്റിംഗ് പോലെയാണ്. ചരിത്രാതീതകാലത്തെ സംഭാവനകളുടെ മകുടോദാഹരണമാണ് ഛത്രപതി ശിവാജി ടെർമിനസ് എന്ന ബോംബെ വി.ടി. പതിനായിരങ്ങളാണ് ഓരോ മണിക്കൂറിലും ഛത്രപതി ശിവാജി ടെർമിനസിലൂടെ കടന്നുപോകുന്നത്. എന്നാൽ നവംബർ 26നു ഈ സ്ഥലങ്ങളെല്ലാം നിശ്ചലമായി. മുബൈയെ നെഞ്ചോടു ചേർക്കുന്ന ഓരോ ഇന്ത്യക്കാരന്റെയും ഹൃദയം പിളർക്കുന്ന കാഴ്ചകളായിരുന്നു ഓരോന്നും. അക്രമങ്ങളുടെ ഭീകരദൃശ്യങ്ങൾ കണ്ടു മനുഷ്യജീവൻ മരവിച്ചു. കുട്ടികൾ ഞെട്ടി വിറച്ചു. എവിടെയും മരണം മണക്കുന്നതുപോലെ. ഒരു ചെറിയ ശബ്ദം കേട്ടാൽപോലും ജനം ഞെട്ടി വിറയ്ക്കുന്ന അന്തരീക്ഷം. കണ്ണിമ വെട്ടാതെ ഭയചകിതരായി ടെലിവിഷനു മുമ്പിലിരുന്നു ജനം മൂന്നു ദിവസം ചെലവഴിച്ചു. ഹൊ! ആ നിമിഷങ്ങൾ ഓർക്കുമ്പോൾ പോലും ഭയമാകുന്നു.

എത്രയോ പ്രതിസന്ധികളെ ധൈര്യസമേതം നേരിട്ട മുംബൈ അന്നു തളർന്നു പോയി. ഭീകര സ്ഫോടനങ്ങൾക്കും വർഗ്ഗീയ കലാപങ്ങൾക്കും തളർത്താൻ കഴിയാത്ത നഗരവാസികൾ അവസാനം അടിയറവു പറഞ്ഞു. ഉള്ളിൽ നിറയുന്ന വേദനയും കണ്ണുകളിൽ പ്രതീക്ഷയുടെ തിരിനാളവുമായി ആശുപത്രി വരാന്തകളിൽ ബന്ധുക്കളെയും ഉറ്റവരെയും തേടി പരതുന്ന കാഴ്ച നഗരത്തിന്റെ മനസ്സിൽ കനൽ കോരിയിട്ടതുപോലെയായിരുന്നു.

രാജ്യത്തു നടന്ന വിവിധ ഭീകരാക്രമങ്ങളിലായി ആയിരക്കണക്കിനു വിലപ്പെട്ട മനുഷ്യജീവിതങ്ങളാണ് നമുക്ക് നഷ്ടപ്പെട്ടത്. ഭീകരതയെ ചെറുക്കുവാൻ രാഷ്ട്രീയാതീതമായ ഒത്തൊരുമയും ശക്തമായ നടപടികളുമാണാവശ്യം. ഒപ്പം രാജ്യാന്തര സഹകരണവും അത്യാവശ്യമാണ്. ജനങ്ങൾ കൂടുതൽ ഉത്തരവാദിത്വ ബോധമുള്ളവരാകണം. സ്വന്തം മണ്ണിൽ ഭീകരതയെ വളർത്തിയ രാജ്യങ്ങൾ പാമ്പിനു പാൽ നൽകിയ അനുഭവത്തിലാണിപ്പോൾ.

മുംബൈ ഭീകരാക്രമണത്തിൽ നമ്മെ സംരക്ഷിക്കുന്നതിനിടയിൽ നമുക്കു നഷ്ടപ്പെട്ട വിജയ് സലാസ്ക്കർ, ഹേമന്ത് കർക്കരെ, അശോക് കാംമ്തേ, സന്ദീപ് ഉണ്ണികൃഷ്ണൻ തുടങ്ങിയ നിരവധി പോലീസ് ഉദ്യോഗസ്ഥരുടെയും, മറ്റ് സേനാ-പോലീസ് അംഗങ്ങളുടെയും ഈയാംപാറ്റകളെ പോലെ മരിച്ചുവീണ നിരപരാധികളായ നൂറുകണക്കിന് മനുഷ്യാത്മാക്കളുടെയും, രക്ത സാക്ഷിത്വത്തിനു മുമ്പിൽ ഞങ്ങളുടെ പ്രണാമം. നിരപരാധികളെ കൊന്നൊടുക്കുന്ന ഇത്തരം സംഭവങ്ങൾ ഇനി ഉണ്ടാകരുതേ എന്ന് കൂട്ടായി പ്രാർത്ഥിക്കാം.



**എൻ.എസ്. സലിംകുമാർ**

എഡിറ്റർ

# മുംബൈ ശ്രീനാരായണ മന്ദിരസമിതിയുടെ ആഭിമുഖ്യത്തിൽ 155-ാമത് ഗുരുജയന്തി ആഘോഷപൂർവ്വം കൊണ്ടാടി

**എൻ.എസ്. സലിംകുമാർ**

മുംബൈ ശ്രീനാരായണ മന്ദിരസമിതിയുടെ ആഭിമുഖ്യത്തിൽ 155-ാമത് ഗുരുജയന്തി വമ്പിച്ച പരിപാടികളോടെ കൊണ്ടാടി. മഹാഗുരുപൂജ, സാംസ്കാരിക സമ്മേളനം, വിദ്യാഭ്യാസ മെറിറ്റ് അവാർഡ് വിതരണം, സദ്യ, കലാപരിപാടികൾ എന്നിവയും ഉണ്ടായിരുന്നു.

സമ്മേളന ദിവസം കോരിച്ചൊരിയുന്ന മഴയായിരുന്നതിനാൽ ഘോഷയാത്ര റദ്ദാക്കേണ്ടി വന്നു.

യു.എ.ഇ.യിലെ പ്രമുഖ വ്യവസായിയും സേവനത്തിന്റെ പ്രസിഡണ്ടുമായ പി. രാജേന്ദ്രപ്രസാദ് മുഖ്യാതിഥിയായിരുന്നു. എറണാകുളം ക്രൈംബ്രാഞ്ച് എസ്.പി., പി. വിജയൻ ഐ.പി.എസ്. മുഖ്യപ്രഭാഷണം നടത്തി. എറണാകുളം ജില്ലാ കളക്ടർ ഡോ. ബീന, ഫെഡറൽ ബാങ്ക് എക്സി. ഡയറക്ടർ കെ.എസ്. ഹർഷൻ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.

**പ്രമുഖരുടെ സംഭാഷണങ്ങളിൽ നിന്ന്...**

### ശ്രീനാരായണ ഗുരുദേവൻ ലോകം കണ്ട ഏറ്റവും വലിയ സാമൂഹ്യ പരിഷ്കർത്താവ് : ഡോ. ബീന

ശ്രീനാരായണ ഗുരുദേവൻ ലോകം കണ്ട ഏറ്റവും വലിയ സാമൂഹ്യ പരിഷ്കർത്താവായിരുന്നെന്ന് എറ



ണാകുളം ജില്ല കളക്ടർ ഡോ. ബീന അഭിപ്രായപ്പെട്ടു. ശ്രീനാരായണ മന്ദിരസമിതിയുടെ ആഭിമുഖ്യത്തിൽ ചെമ്പൂരിൽ സംഘടിപ്പിച്ച വൻസമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അവർ. കേരള നവോത്ഥാനത്തിന്റെയും കേരളത്തിലെ സാക്ഷരതയുടെയും ഒക്കെ മൂലകാരണം ഗുരുദേവ ദർശനങ്ങളാണ്. അതൊരു സാമൂഹ്യ വിപ്ലവമായിരുന്നു. അതിന് ചുക്കാൻ പിടിച്ചത് ഗുരുദേവനായിരുന്നു. ഇന്ത്യയിൽ തന്നെ വ്യത്യസ്ഥമായ ഒരു സാമൂഹ്യ മാറ്റം കേരളത്തിൽ കാണാം. അതിവേഗം മാറികൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യങ്ങളിൽ നാം ഓരോരുത്തരും ലോക പൗരന്മാരായി മാറിക്കഴിഞ്ഞിരിക്കുന്നു. എല്ലാവരിലും ഓടുന്നത് ഒരേ രക്തമാണെന്നുള്ള ഗുരുവിന്റെ തിരിച്ചറിവ് ഇന്ന് യാഥാർത്ഥ്യമായിരിക്കുന്നു. ഡോ ബീന അഭിപ്രായപ്പെട്ടു.

### സേവനം : ഗൾഫ് മലയാളികളുടെ പ്രതീക്ഷാ കേന്ദ്രം പി. രാജേന്ദ്രപ്രസാദ്

ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ത്യാഗങ്ങളെക്കുറിച്ച് വിശദീകരിച്ചുകൊണ്ടായിരുന്നു ഗൾഫിലെ പ്രമുഖ വ്യവസായിയും 8000ത്തിലധികം അംഗങ്ങളുള്ള സംഘടനയായ സേവനത്തിന്റെ പ്രസിഡണ്ടുമായ പി. രാജേന്ദ്രപ്രസാദ് തന്റെ പ്രസംഗം ആരംഭിച്ചത്. പണ്ടൊരു ഗൾഫ് മലയാളി മരിച്ചാൽ ശവശരീരം നാട്ടിലേക്കു അയക്കുവാൻ മാസങ്ങളെടുക്കുമായിരുന്നു. സേവനത്തിന്റെയും മറ്റും പ്രവർത്തനഫലമായി ഇപ്പോൾ ഉടൻതന്നെ നാട്ടിലേക്കു അയക്കുവാനുള്ള സംവിധാനമുണ്ട്. സാമ്പത്തിക സഹായവും ചെയ്തുവരുന്നു. അങ്ങനെ ലോകത്തെമ്പാടുമുള്ള ശ്രീനാരാ



യണ പ്രസ്ഥാനങ്ങളൊത്തു ചേരുമ്പോൾ വൻ അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ കഴിയും - അദ്ദേഹം പറഞ്ഞു. സേവനം ഹോൾഡിംഗ്സ് എന്ന പേരിൽ ഒരു കമ്പനിയുണ്ടാക്കി 7000ത്തിലധികം ഓഹരിയുടമകളെ കണ്ടെത്തി ആ തുക മുടക്കിയാണ് മെഡിക്കൽ കോളേജിനും മറ്റും പണം മുടക്കിയത്. ഉടനെ തന്നെ മറ്റൊരു മെഡിക്കൽ കോളേജുകൂടി തുടങ്ങുവാനുള്ള പണിപ്പുരയിലാണെന്നും അദ്ദേഹം പറഞ്ഞു.

## ഉന്നതസ്ഥാനങ്ങളിലെത്താൻ പണവും കുടുംബ മഹിമയും വേണ്ടിയിരുന്ന കാലം പോയി : പി. വിജയൻ ഐ.പി.എസ്.

21-ാം നൂറ്റാണ്ട് അറിവിന്റെ നൂറ്റാണ്ടാണെന്നും അറിവു നേടിയാൽ ആർക്കും ഏതുയരങ്ങളിലുമെത്താൻ കഴിയുമെന്നും എറണാകുളം ക്രൈംബ്രാഞ്ച് എസ്.പി., പി. വിജയൻ ഐ.പി.എസ്. പറഞ്ഞു.

പുതിയ തലമുറയിലെ കുട്ടികൾ ചരിത്രത്തിന്റെ ഗതി സൂക്ഷ്മമായി പരിശോധിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആദ്യമൊക്കെ അടിമകളെ വച്ചു പുലർത്തുന്നവർ സമൂഹത്തിലെ വലിയ പ്രമാണിമാരായിരുന്നു. പിന്നീട് ഭൂമി കൂടുതൽ കൈവശമുള്ളവർക്ക് സമൂഹം വില നിൽകി. കുറെകാലം കഴിഞ്ഞപ്പോൾ പണമുള്ളവനെ ആളുകൾ ബഹുമാനിക്കാൻ തുടങ്ങി. എന്നാൽ 21-ാം നൂറ്റാണ്ട് അറിവിന്റെ ലോകമായി മാറി. ഇന്ന് അറിവും വിദ്യാഭ്യാസവുമുള്ളവന് ഏത് ഉയരങ്ങളിലുമെത്താം. ഉന്നതസ്ഥാനങ്ങളിലെത്താൻ പണവും കുടുംബമഹിമയും വേണ്ടിയിരുന്ന



കാലം കഴിഞ്ഞു. ഇന്ത്യൻ പ്രസിഡണ്ടുമാരായിരുന്ന അബ്ദുൾ കലാമും കെ.ആർ. നാരായണനുമൊക്കെ അറിവിന്റെ ബലത്തിൽ ഉയരങ്ങളിലെത്തിയവരാണ്. അവർക്കു വലിയ കുടുംബ പശ്ചാത്തലമുണ്ടായിരുന്നില്ല. അമേരിക്കൻ പ്രസിഡണ്ട് ഒബാമയും ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻസിംഗുമൊക്കെ മറ്റ് ഉദാഹരണങ്ങളാണ്. അതുകൊണ്ട് അറിവുനേടുവാൻ അദ്ദേഹം യുവാക്കളെ ആഹ്വാനം ചെയ്തു. അറിവുള്ള തൊഴിലാളിക്ക് ഇന്ന് അവൻ ജോലി ചെയ്യേണ്ട സ്ഥാപനം നിശ്ചയിക്കാം. അമേരിക്കയെ ലോകരാഷ്ട്രങ്ങൾ അംഗീകരിക്കുന്നതും അവരുടെ അറിവിന്റെ ബലത്തിലാണ്. ഇന്ത്യയും ചൈനയുമൊക്കെ ഇന്ന് അറിവിന്, അഥവാ വിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുക്കാൻ തുടങ്ങിയപ്പോൾ അമേരിക്കയ്ക്കു ഭയമായി തുടങ്ങി.

അറിവില്ലാത്തവൻ ഇനിയുള്ള കാലം പുറംതള്ളപ്പെടും. അദ്ദേഹം മുന്നറിയിപ്പു നൽകി. ഇനിയും ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ സമ്പത്തും മറ്റു പലതും നിഷ്പ്രഭമാകും. കാലത്തിന്റ മാറ്റങ്ങൾ മുന്നിൽക്കണ്ട്. നാം കൂടുതൽ നിക്ഷേപം നടത്തേണ്ടത് അറിവിലായിരിക്കണം. ഗുരുശിഷ്യനാകണമെങ്കിൽ അറിവിനെ ഉപാസിക്കണം. ശിവഗിരി തീർത്ഥാടനം അറിവിന്റെ തീർത്ഥാടനമാണ്. മത ചിന്ത കൂടുകയും ആത്മീയത കുറയുകയും ചെയ്യുമ്പോഴാണ് വർഗീയ കലാപങ്ങൾ ഉടലെടുക്കുന്നത്. ഗുരുശിഷ്യനാകണമെങ്കിൽ മതാതീത ചിന്ത അത്യാവശ്യമാണ്. പരോപകാരികളായിരിക്കുവാനും അറിവില്ലാത്തവരോടു കരുണകാണിക്കുവാനും അദ്ദേഹം ആഹ്വാനം ചെയ്തു.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു പല ഗവൺമെന്റ് പദ്ധതികളും പര്യാപ്തമല്ല. വിദ്യാഭ്യാസത്തിൽ മേന്മയ്ക്കു പ്രാധാന്യം നൽകണം. മീൻ പിടിച്ചു കൊടുക്കാതെ മീൻ പിടിയ്ക്കാൻ പഠിപ്പിക്കുകയാണ് വേണ്ടത്. കേരളം വിദ്യാഭ്യാസ രംഗത്ത് ഏറെ മുന്നോട്ട് പോയ

തിൽ ഗുരുദേവ ദർശനങ്ങൾക്ക് ഏറെ പങ്കുണ്ട്. വ്യഭിചാരവും അനാശാസ്യപ്രവർത്തനങ്ങളും രാജ്യത്തു വർദ്ധിച്ചു വരുന്നത് ഗവൺമെന്റ് പദ്ധതികൾ കാര്യക്ഷമമല്ലാത്തതിനാലാണ്.

ഗുരുവിനെ ഇപ്പോൾ ഒരു ജാതിയുടെ മാത്രം വക്താവാക്കി മാറ്റിയോ എന്നു സംശയിക്കുന്നതായും അദ്ദേഹം പറഞ്ഞു. വിദ്യ അറിവാണ്. ഉപനിഷത്തിന്റെ സാരാംശമായ ആത്മോപദേശ ശതകം തുടങ്ങുന്നതുതന്നെ അറിവ് എന്ന പദം ഉപയോഗിച്ചുകൊണ്ടാണ്. അറിവുനേടി മുന്നേറാൻ അദ്ദേഹം യുവജനങ്ങളെ ആഹ്വാനം ചെയ്തു. ശിവഗിരി തീർത്ഥാടനം വിജ്ഞാനത്തിന്റെ തീർത്ഥാടനമാണ്. അറിവുനേടി ആത്മപരിശോധന നടത്തി പുതിയ പ്രതിജ്ഞയെടുത്തു മടങ്ങണം.

ഗുരുവിനെ കൂടുതൽ അറിയാൻ തുടങ്ങിയപ്പോൾ വല്ലാത്തൊരു ആരാധനയാണ് തനിക്കു തോന്നിയതെന്ന് അദ്ദേഹം പറഞ്ഞു. ഗുരുവിനെ അറിഞ്ഞവർ പലരുമുണ്ടെങ്കിലും ആ മഹത് സന്ദേശങ്ങൾ പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നവർ വിരളമാണ്. യേശുവിന്റ്യും ബുദ്ധന്റെയും തത്വസംഹിതകൾ പ്രചരിപ്പിച്ചത് ശിഷ്യന്മാരാണെന്നും ഗുരുദേവ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാൻ ശിഷ്യന്മാരായ നമ്മൾ ഒന്നായി യത്നിക്കുവാനും അദ്ദേഹം ആഹ്വാനം ചെയ്തു. ഒരു മണിക്കൂറിലധികം നീണ്ടുനിന്ന പ്രഭാഷണം അവസാനം വരെ ജനം നിശ്ശബ്ദരായി കാതോർത്തിരുന്ന് കേട്ടു.

## കെ.എസ്. ഹർഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഫെഡറൽ ബാങ്ക്

വരും തലമുറയെ വാർത്തെടുക്കുവാനും അവർക്കു വിദ്യാഭ്യാസ




155-ാമതു ജയന്തിയോടനുബന്ധിച്ചു നടന്ന പൊതുസമ്മേളത്തിൽ മുഖ്യാതിഥി പി. രാജേന്ദ്രപ്രസാദ് സംസാരിക്കുന്നു

മുന്നേറ്റമുണ്ടാക്കുവാനും സമിതി മുൻകൈയെടുക്കുന്ന പദ്ധതികൾക്കു എല്ലാവിധ ആശംസകളും നേർന്നുകൊണ്ടാണ് ഫെഡറൽ ബാങ്ക് ഡയറക്ടർ കെ.എസ്. ഹർഷൻ തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

സമിതി പ്രസിഡണ്ട് ഡോ. കെ.കെ. ദാമോദരൻ, ചെയർമാൻ എം.ഐ. ദാമോദരൻ, വൈസ്. ചെയർമാൻ കെ. നടരാജൻ, ജന. സെക്രട്ടറി എൻ.എസ്. സലിംകുമാർ തുടങ്ങിയവരും പ്രസംഗിച്ചു. ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ കുട്ടികളെ ചടങ്ങിൽ ആദരിച്ചു.

2 മണി മുതൽ 5 മണി വരെ സമിതിയുടെ 26 യൂണിറ്റുകളിലെ കുട്ടികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. ക്ലാസിക്കൽ, നോൺ ക്ലാസിക്കൽ എന്നീ ഇനങ്ങളിലായി തിരിച്ച് ഏറ്റവും നല്ല 3 കലാപരിപാടികൾക്കു സമ്മാനങ്ങൾ നൽകി.

ക്ലാസിക്കൽ ഇനത്തിൽ സയൺ കോളിവാഡ യൂണിറ്റിലെ ശ്രുതി രാധാകൃഷ്ണനു ഒന്നാം സ്ഥാനം ലഭിച്ചു. വാഷി യൂണിറ്റിലെ ശ്രുതി മോഹനും ശ്രീജിത് മോഹനും അണു ശക്തി നഗർ യൂണിറ്റിലെ സംഗീതാ വേണുഗോപാലനും രണ്ടാം സ്ഥാനം പങ്കിട്ടു. സി.ബി.ഡി. യൂണിറ്റിലെ കുമാരി വിദ്യാസുരേഷ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ക്ലാസിക്കൽ ഇതര വിഭാഗത്തിൽ സാക്കിനാക്കാ യൂണിറ്റിലെ സജിത് സോമനും സംഘവും ഒന്നാം സ്ഥാനം കരസ്ഥമാക്കി. മീരാറോഡിലെ നിമി ജയധരൻ രണ്ടാം സ്ഥാനവും താരാപ്പൂർ യൂണിറ്റിലെ ശ്രേയാ സുഭാഷും ദിയാ രമേശും മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

സുരേഷ്കുമാർ മധുസൂദനനായിരുന്നു പ്രോഗ്രാം കമ്മറ്റി ചെയർമാൻ. എൻ.എസ്. രാജൻ, ഡി. അശോകൻ, പി. വിജയൻ, കെ. ബാലൻ, ധർമ്മരാജൻ, കെ. എൻ. സുകുമാരൻ, പങ്കജാക്ഷൻ, മോഹൻദാസ്, കുഞ്ഞിരാമൻ, പി.എ. സുകുമാരൻ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

പി.എ. ചന്ദ്രശേഖരനായിരുന്നു വോളണ്ടിയർ ക്യാപ്റ്റൻ. എൻ.കെ. പ്രഭാകരനു രഥത്തിന്റെയും വി.വി. ഭാസ്കരനു ഗുരുമന്ദിരത്തിന്റെയും ചുമതല നൽകിയിരുന്നു.

# ശ്രീനാരായണ മന്ദിരസമിതിയുടെ വിവാഹാർത്ഥിമേള

## ഡിജിറ്റൽ സംവിധാനം ഏറെ ആകർഷകമായി; പങ്കെടുത്തവരിൽ പലരും തൃപ്തിയോടെ മടങ്ങി

വി.എൻ. സോമൻ



ഗുരുദേവഗിരി : ശ്രീനാരായണ മന്ദിരസമിതിയുടെ ആഭിമുഖ്യത്തിൽ നെരുൾ ഗുരുദേവഗിരി ശ്രീനാരായണഗുരു അന്താരാഷ്ട്ര പഠനകേന്ദ്രത്തിൽ നടന്ന ഇരുപത്തിയൊന്നാമതു വിവാഹാർത്ഥിമേളയിൽ നൂറുകണക്കിന് യുവതീയുവാക്കൾ പങ്കെടുത്തു. പങ്കെടുത്ത യുവാക്കളെ അപേക്ഷിച്ച് യുവതികൾ ഉന്നത ബിരുദധാരികളായതുമൂലം യോജിച്ച വരന്മാർക്കു ക്ഷാമമമായി. മുംബൈ-നവി മുംബൈ മേഖലകളിൽ നിന്നുള്ളവരെ കൂടാതെ മഹാരാഷ്ട്രയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ബാംഗ്ലൂർ, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങളിൽ നിന്നുള്ളവരും മേളയിൽ പങ്കെടുക്കാൻ എത്തിയിരുന്നു ചൈന, താൻസാനിയ, യു.എസ്.എ. എന്നീ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ രക്ഷിതാക്കളും മേളയ്ക്ക് എത്തിയിരുന്നു.

സർജനായ എന്റെ മകന് യോജിച്ച വധുവിനെ ലഭിച്ചത് മന്ദിരസമിതി നടത്തിയ മേളയിൽ വെച്ചാണ്. മൂന്നു വർഷം മുമ്പ്. അവർക്കിപ്പോൾ ഒരു കുട്ടിയുമായി. അവർ രണ്ടുപേരും ഒരേ ആശുപത്രിയിൽ ജോലി നോക്കി ബാംഗ്ലൂരിൽ സുഖമായി കഴിയുന്നു. ഇനി എന്റെ ഇളയ മകൾക്ക് ഒരു നല്ല ചെറുക്കനെ വേണം. അതിനാണ് ഇപ്പോൾ വന്നത്. ബാംഗ്ലൂരിൽ നിന്നും എത്തിയ ടെക്സ്റ്റൈൽ വ്യവസായി ഗോപാലകൃഷ്ണൻ നായർ പറഞ്ഞു. പൂനയിൽ നിന്നും വന്ന വസുമതിക്കു പറയാനുള്ളത് മറ്റൊന്നാണ് - ശ്രീനാരായണ മന്ദിരസമിതി നടത്തുന്നത് ഒരു വലിയ കാര്യം തന്നെയാണ്. സ്വകാര്യ ഏജൻസികളുടെ ചതിയിൽ പെടാതെ നമുക്ക് നേരിട്ട് കാര്യങ്ങൾ അന്വേഷിക്കുന്നതിനുള്ള സൗകര്യം ഇവർ ചെയ്തു തരുന്നു.

പ്രീഡിഗ്രി മുതൽ പി.എച്ച്.ഡി. വരെയുള്ളവർ ഇതിൽ എം.ഡി.യും എം.എസുമുള്ള ഡോക്ടർമാർ, എഞ്ചിനീയറിംഗ്, എം.ബി.എ. ബിരുദധാരികൾ തുടങ്ങിയവർ നിരവധി.

ബിരുദ സമ്പാദനത്തിൽ പെൺകുട്ടികൾ തന്നെ ഇവിടെയും മുന്നിൽ. പുരുഷന്മാർ ഏറെയും ബിസിനസ്സുകാർ. മലയാളികൾക്കു പുറമെ തമിഴ്, കന്നഡ, തെലുങ്ക് ഭാഷകൾ സംസാരിക്കുന്നവരും മഹാരാഷ്ട്രീയരും ഉത്തരേന്ത്യക്കാരും വിവാഹാർത്ഥിമേളയിൽ പങ്കെടുക്കാൻ എത്തിയിരുന്നു.

ഡോ. എൻ.സുകുമാരനും അദ്ദേഹത്തിന്റെ സഹധർമ്മിണി ദീപ്തിയും ചേർന്ന് ശ്രീനാരായണ ഗുരുദേവന്റെ ഛായാചിത്രത്തിനു മുന്നിൽ ഭദ്രദീപം കൊളുത്തിയാണ് മേള ഉദ്ഘാടനം ചെയ്തത്. വിവാഹപ്രായമായ പെൺകുട്ടികളുള്ള മാതാപിതാക്കൾക്ക് ഇത്തരം മേളകൾ ഒരു ആശ്വാസമാണെന്നും ശ്രീനാരായണ മന്ദിരസമിതി നടത്തിവരുന്ന സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ഒന്നാണ് ഈ വിവാർത്ഥി മേളയെന്നും ഡോ. സുകുമാരൻ അഭിപ്രായപ്പെട്ടു. സമിതി പ്രസിഡണ്ട് ഡോ. കെ.കെ. ദാമോദരൻ, ചെയർമാൻ എം.ഐ. ദാമോദരൻ, ജന. സെക്രട്ടറി എൻ. എസ്. സലിംകുമാർ, സോണൽ സെക്രട്ടറി ഒ.കെ. പ്രസാദ് എന്നിവർ സംസാരിച്ചു. സമിതി ഭാരവാഹികളായ കെ.കെ. സുസ്മേരൻ, പി.കെ. വേണു, ശശി ദാമോദരൻ എന്നിവരും സന്നിഹിതരായിരുന്നു.

ജാതകങ്ങൾ ഒത്തു നോക്കുന്നതിനായി ജ്യോത്സ്യന്റെ സേവനവും ഏർപ്പാടു ചെയ്തിരുന്നു. താൽപര്യമുള്ളരെ അടുത്തറിയുന്നതിനും പരിചയപ്പെടുന്നതിനുമുള്ള സൗകര്യവും ഒരുക്കിയിരുന്നു.

വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവരെ പരസ്പരം പരിചയപ്പെടുത്തുക മാത്രമേ സമിതി ചെയ്യുന്നുള്ളു. തുടർന്നുള്ള കാര്യങ്ങൾ ഇരുകൂട്ടരും ചേർന്ന് ആലോചിച്ചു തീരുമാനിക്കേണ്ടതാണ്. കഴിഞ്ഞ ഇരുപതു മേളകളിൽ പങ്കെടുത്തവരിൽ നിന്നായി ഇതിനകം ഏകദേശം 634 വിവാഹങ്ങൾ നടന്നതായും അപേക്ഷകരെ പരിചയപ്പെടുത്തുന്നതിന് കംപ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയതു മുതൽ കൂടുതൽ പേർ മേളയിൽ പങ്കെടുക്കാൻ താൽപര്യം കാണിക്കുന്നുണ്ടെന്നും ജന. സെക്രട്ടറി എൻ.എസ്. സലിംകുമാർ പറഞ്ഞു. മുൻപ് വിവാഹാർത്ഥികളെ നേരിട്ട് വേദിയിൽ വിളിച്ച് നിർത്തി പരിചയപ്പെടുത്തുകയായിരുന്നു. ഈ സംവിധാനത്തോട് പലരും താൽപര്യക്കുറവ് കാണിച്ചതുമൂലമാണ് പരിചയപ്പെടുത്തൽ ഡിജിറ്റൽ സംവിധാനത്തിലേയ്ക്കു മാറ്റിയത്. മേള നടന്ന ഹാളിൽ സ്ഥാപിച്ചിരുന്ന സ്ക്രീനിൽ മേളയിലേക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പേരു വിവരവും ഫോട്ടോയും തെളിയുന്നതിനനുസരിച്ച് കൂടുതൽ വിവരങ്ങൾ സംഘാടകർ മൈക്കിലൂടെ വിളിച്ചുപറയുകയും രക്ഷിതാക്കൾക്ക് അറിയാൻ കഴിയുകയും ചെയ്തു. തൻമൂലം തങ്ങൾക്ക് യോജിക്കുന്ന കുട്ടിയെ തിരഞ്ഞെടുക്കാനും രക്ഷിതാക്കളുമായി ഉടൻതന്നെ നേരിൽ കാണുവാനും കഴിഞ്ഞു. ഈ മേളയിലും നിരവധി പേർക്ക് യോജിക്കുന്ന ആലോചനകൾ ലഭിച്ചു. വിവാഹശേഷം ഉണ്ടാകാവുന്ന താളപ്പിഴകൾ പരമാവധി ഒഴിവാക്കുന്നതിനായി പ്രീ മാര്യേജ് കൗൺസലിംഗ് ആരംഭിക്കുന്നതിന് സമിതിയ്ക്ക് പദ്ധതിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.



**ഡോ. എൻ. സുകുമാരനും അദ്ദേഹത്തിന്റെ സഹധർമ്മിണി ദീപ്തിയും ചേർന്ന് ശ്രീനാരായണ ഗുരുദേവന്റെ ഛായാചിത്രത്തിനു മുന്നിൽ ഭദ്രദീപം കൊളുത്തി മേള ഉദ്ഘാടനം ചെയ്യുന്നു.**

പി.ആർ. ബാബുരാജ്, ചുന്ദ്രിഗർ, കുഞ്ഞിരാമൻ, സുകുമാരൻ, പങ്കജാക്ഷൻ, മായാസഹജൻ, നിർമ്മല രവീന്ദ്രൻ, വിജയമ്മ സോമൻ, വത്സല ഗോപിദാസ്, ഇന്ദിരാ ശശിധരൻ, ശ്രീദേവി ഭരതൻ, ഷീല ശിവദാസ്, അംബിക മുരളീധരൻ, ശ്രീകല തമ്പി, പ്രമീള നരേന്ദ്രൻ, നിർമ്മല, വിജയമ്മ, വി.വി. ഭാസ്കരൻ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# ശ്രീനാരായണീയം

## ഗുരുദേവചരിതം

നെടുംകുന്നം ഗോപാലകൃഷ്ണൻ



വയൽവാരം വീട്

ആധുനിക കേരളത്തിന്റെ പിതാവ് എന്ന സ്ഥാനത്തിന് എല്ലാ അർത്ഥത്തിലും ശ്രീ നാരായണഗുരു അർഹൻ. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലുംപെട്ട് മൃഗപ്രായരായിക്കഴിഞ്ഞിരുന്ന ഒരു ജനവിഭാഗത്തിന് ആശയും ആവേശവും ആത്മവിശ്വാസവും പകർന്നു നൽകി മാനവികതയുടെ മഹനീയ വേദിയിലേക്ക് അവരെ ഗുരു കൈപിടിച്ചുയർത്തി. അയിത്തജാതിക്കാരന്റെ ശപ്തജീവിതത്തിന് വിമോചനം ഒരുക്കിയതോടൊപ്പം ആചാരബദ്ധവും അർത്ഥശൂന്യങ്ങളുമായ അനുഷ്ഠാനങ്ങളിൽപ്പെട്ട് നട്ടംതിരിയുകയായിരുന്ന ഉയർന്ന ജാതിക്കാരന്റെ ജീവിതത്തിനും പുതിയ മാനങ്ങളും ദിശാബോധവും നൽകുവാൻ ഗുരുവിന്റെ നേതൃത്വത്തിൽ നടന്ന സാംസ്കാരിക നവോത്ഥാനപ്രവർത്തനങ്ങൾകൊണ്ട് സാധിച്ചു. അങ്ങനെ കേരളീയ നവോത്ഥാനത്തിന്റെ നായകനും പ്രവാചകനുമായി മാറി ശ്രീനാരായണഗുരു.

### ഗുരുദേവൻ ഭൂമിയിലേക്ക്

തിരുവനന്തപുരം പട്ടണത്തിന്റെ വടക്കുപടിഞ്ഞാറായി ചെമ്പഴന്തി എന്ന മനോഹരഗ്രാമത്തിൽ വയൽവാരം വീട്ടിലാണ് നാണു (നാരായണൻ എന്നതിന്റെ വിളിപ്പേരായിരുന്നു അത്) ജനിച്ചത്. ഗുരുവിന്റെ ആദ്യ ജീവചരിത്രകാരനായ മഹാകവി കുമാരനാശാന്റെ വാക്കുകൾ തന്നെ കേൾക്കുക. ''അവിടെ (ചെമ്പഴന്തി) ഒരു പുരാതനമായ ഈഴവകുടുംബത്തിൽ കൊല്ലവർഷം 1032-മാണ്ട് ചിങ്ങമാസത്തിൽ ചതയം നക്ഷത്രത്തിൽ (1856

**സ്വാമികളുടെ പിതാവായിരുന്ന മാടനാശാൻ വെറുമൊരു കൃഷീവലനായിരുന്നില്ല. ജ്യോതിഷത്തിലും ആയുർവ്വേദത്തിലും നൈപുണ്യം നേടിയിരുന്ന അദ്ദേഹം ഒരു അദ്ധ്യാപകൻ കൂടിയായിരുന്നു. ആശാനെന്നപേര് അങ്ങനെ കൈവന്നതാണ്. മറ്റ് ഗ്രാമീണരുടെ സ്നേഹാദരങ്ങൾക്കു പാത്രമായിരുന്ന അദ്ദേഹം അവരെ കൃഷി , സർവ്വേ, നികുതി എന്നിവ സം ബന്ധിച്ച പ്രശ്നങ്ങളിൽ സഹായിച്ചു പോന്നു.**

ആഗസ്റ്റ് 20) സ്വാമി ജനിച്ചു.'' മാതാപിതാക്കന്മാർ സദ്ബുദ്ധിയും ഈശ്വരഭക്തിയും ഉള്ളവർ ആയിരുന്നു. അച്ഛൻ മാടനാശാൻ ഒരു അദ്ധ്യാപകനും അമ്മാവൻ കൃഷ്ണൻ വൈദ്യൻ ഒരു ചികിത്സകനുമായിരുന്നു. സ്വാമിക്ക് മൂന്നു സഹോദരിമാർ ഉണ്ടായിരുന്നു. ഗുരുദേവൻ ജനിച്ച കുടുംബത്തിന്റെ പാരമ്പര്യവും സാംസ്കാരിക പശ്ചാത്തലവും എന്തെന്നറിയാൻ മറ്റൊരു ജീവചരിത്രകാരനായ പി. പരമേശ്വരന്റെ വിവരണം ഏറെ സഹായകമാണ്.

''പാരമ്പര്യവും പ്രശസ്തിയുമാർജ്ജിച്ച ഒരു കുടുംബമായിരുന്നു വയൽവാരത്തു കുടുംബം. കുടുംബാംഗങ്ങളെല്ലാവരും തന്നെ പരമ്പരയാ വിദ്യാസമ്പന്നരും സൽസ്വഭാവികളുമായിരുന്നു. സാഹിത്യം, വൈദ്യം, ജ്യോതിഷം തുടങ്ങിയ വിജ്ഞാന ശാഖകളിൽ തലമുറയായിത്തന്നെ നൈപുണ്യം നേടിയവരായിരുന്നു അവർ. കൊച്ചനാശാൻ എന്നു പേരുള്ള മഹായോഗ്യനായ ഒരു കാരണവർ വയൽവാരത്തു ജീവിച്ചിരുന്നു. താളിയോലഗ്രന്ഥങ്ങൾ പകർത്തിയെഴുതുന്നതിൽ അത്യന്തം സമർത്ഥനായിരുന്ന കൊച്ചനാശാനെ എഴുത്തൻ കൊച്ചനാശാൻ എന്നായിരുന്നു വിളിക്കാറ്. നിത്യബ്രഹ്മചാരിയായി ജീവിച്ച കൊച്ചനാശാന്റെ ആകൃതിയുമായി ശ്രീനാരായണഗുരുസ്വാമിയുടെ ആകൃതിക്ക് അടുത്ത സാമ്യമുണ്ടായിരുന്നു. ശ്രീനാരായണൻ ജനിക്കുന്നതിന് രണ്ടുവർഷം മുൻപ് കൊച്ചനാശാൻ ദിവംഗതനായി. മണയ്ക്കൽ ക്ഷേത്രത്തിലെ പ്രതിഷ്ഠ നടത്തിയത് ഇദ്ദേഹമായിരുന്നെന്ന് പറയപ്പെടുന്നു. കൊച്ചനാശാന്റെ സഹോദരിയായിരുന്നു കുട്ടി. കുട്ടിയെ കടയ്ക്കാവൂർ കൊച്ചുവിളയിൽ മാടനാശാൻ വിവാഹം കഴിച്ചു.'' നടരാജഗുരുവിന്റെ ചുവടെ ചേർക്കുന്ന വിവരണം കൂടിയാകുമ്പോൾ നാണുവിന്റെ ബാല്യകൗമാരങ്ങൾ കരുപ്പിടിപ്പിച്ച പൈതൃകത്തിന്റെ മാറ്റ് എത്രയെന്ന് മനസ്സിലാകും.

''സ്വാമികളുടെ പിതാവായിരുന്ന മാടനാശാൻ വെറുമൊരു കൃഷീവലനായിരുന്നില്ല. ജ്യോതിഷത്തിലും ആയുർവ്വേദത്തിലും നൈപുണ്യം നേടിയിരുന്ന അദ്ദേഹം ഒരു അദ്ധ്യാപകൻ കൂടിയായിരുന്നു. ആശാനെന്ന പേര് അങ്ങനെ കൈവന്നതാണ്. മറ്റ് ഗ്രാമീണരുടെ സ്നേഹാദരങ്ങൾക്കു പാത്രമായിരുന്ന അദ്ദേഹം അവരെ കൃഷി , സർവ്വേ, നികുതി എന്നിവ സംബന്ധിച്ച പ്രശ്നങ്ങളിൽ സഹായിച്ചു പോന്നു. ഓലക്കുടയും വെള്ളമുണ്ടും രണ്ടാംമുണ്ടുമായി നികുതിയടയ്ക്കാനും മറ്റുമായി തിരുവനന്തപുരത്തേക്ക് പോകുന്ന മാടനാശാന്റെ രൂപം നാട്ടുകാർക്ക് സുപരിചിതമാണ്. ആഴ്ചതോറും മാടനാശാൻ രാമായണ -മഹാഭാരത കഥകൾ വായിച്ച് അർത്ഥം പറയുന്നതു കേൾക്കുവാൻ ഗ്രാമവാസികൾ ആ കൊച്ചുവീടിന്റെ വരാന്തയിൽ തിങ്ങിക്കൂടുക പതിവായിരുന്നു.''

## ഉണരുക മമ ജനനീ

ശ്രീനാരായണഗുരുവിന്റെ ജന്മം കൊണ്ട് ധന്യമായ കാലഘട്ടം പ്രത്യേകിച്ച് 19-ാം ശതകത്തിന്റെ ഉത്തരാർദ്ധം, പൊതുവേ ജാഗരണത്തിന്റേയും പുതിയ ഉണർവ്വിന്റേയും കാലമായിരുന്നു. രാജഭരണത്തിന് അനുപൂരകമായി തിരുവിതാംകൂറിൽ ശ്രീമൂലം പ്രജാസഭ ആരംഭിച്ചത്, ആധുനിക പത്രപ്രവർത്തനത്തിന് നാന്ദി കുറിച്ച മലയാളമനോരമയുടെ തുടക്കം, കമ്പനിയടിസ്ഥാനത്തിലുള്ള വ്യാവസായിക സംരംഭങ്ങളുടെ (പുനലൂർ പേപ്പർമിൽ) പ്രാരംഭം. ഇതെല്ലാം കേരളീയ നവോത്ഥാനത്തിന്റെ അരുണോദയം വിളിച്ചറിയിക്കുന്ന പ്രഭാതഭേരികളായിരുന്നു. അതുപോലെ തന്നെ ഇത്രയധികം മഹാരഥന്മാർക്ക് ജന്മം നൽകിയ കാലഘട്ടവും നമ്മുടെ ഇന്നലെകളിൽ ഇതുപോലെ വേറൊന്ന് ചൂണ്ടിക്കാണിക്കാനില്ല. കാലങ്ങളെ നയിക്കുവാൻ കാലം നിയോഗിച്ച കർമ്മസാക്ഷി (യോഗി)യായ നാരായണഗുരു സ്വയം ചരിത്രത്തിന്റെ ഭാഗമാകുകയും ചരിത്രം

സൃഷ്ടിക്കുകയും ചെയ്തത് ഈ സവിശേഷമായ കാലഘട്ടത്തിന്റെ ഈറ്റില്ലത്തിലാണെന്നത് ഏറെ ശ്രദ്ധേയമാണ്.

ശ്രീനാരായണഗുരുവിനെ ആഴത്തിൽ പഠിക്കുകയും അപൂർവ്വശോഭയോടെ അത് രേഖപ്പെടുത്തി വയ്ക്കുകയും ചെയ്ത പി. കെ. ബാലകൃഷ്ണന്റെ വിലയിരുത്തലിൽ നിന്ന് ആ കാലഘട്ടത്തെക്കുറിച്ചുള്ള വ്യക്ത മായ ചിത്രം കിട്ടും. "നായന്മാർ ബ്രാഹ്മണരോടടുക്കുകയും ജാതി ശ്രേണിയിൽ ഉയരുകയും ചെയ്തു. ഈഴവർ ക്രമേണ താഴോട്ടുപോയി. ബ്രാഹ്മണരിൽ നിന്നും നായന്മാരിൽ നിന്നും തങ്ങൾക്ക് ലഭിച്ചിരുന്ന അവജ്ഞ നിറഞ്ഞ പെരുമാറ്റം ഈഴവർ അവരേക്കാൾ താഴ്ന്ന ജാതിക്കാരായ പുലയർ, പറയർ മുതലായവർക്കും പലിശസഹിതം കൊടുത്ത് സംതൃപ്തി പൂണ്ടു. നായന്മാരിൽ നിന്നും 64 അടി അകലം നിൽക്കുന്നതിൽ കാണിച്ചിരുന്നതിനേക്കാൾ ശുഷ്കാന്തി., പുലയനെ തന്നിൽ നിന്നും 100 അടി അകലത്തിൽ നിർത്തുന്ന കാര്യത്തിൽ ഈഴവർ കാണിച്ചു വന്നു. അതെന്തിന്? ഏതെങ്കിലുമൊരു ജാതി വിവരണഗ്രന്ഥം (Cast Survey) നോക്കിയാൽ ഈഴവരിൽ തന്നെ തമ്മിൽ തമ്മിൽ തൊട്ടുതിന്നാൻ പാടില്ലാത്ത എത്ര തരം തിരിവുകളുണ്ടായിരുന്നെന്ന് കാണാൻ സാധിക്കും."

അങ്ങനെ ഒരു വശത്ത് സാമൂഹ്യമായ അവശതകളും അവജ്ഞാപൂർവ്വമായ പെരുമാറ്റവും സഹിക്കാൻ വയ്യാതെ ആത്മാഭിമാനം മാത്രമല്ല മനുഷ്യത്വംപോലും ചോദ്യം ചെയ്യപ്പെട്ട അവർണ്ണ സമുദായങ്ങളുടെ ദയനീയാവസ്ഥ,

**ബ്രിട്ടീഷ് സാമ്രാജ്യത്തിന്റേയും അവരുടെ സാമന്തൻമാരായി തീർന്നിരുന്ന നാട്ടുരാജാക്കൻമാരുടേയും പിൻബലത്തോടെ ക്രിസ്തുമത പ്രചരണത്തിനു വന്ന വിദേശ പാതിരിമാരുടെ ആകർഷകമായ വാഗ്ദാനങ്ങളും പ്രലോഭനങ്ങളും. സ്വാഭാവികമായും ഹിന്ദുക്കൾ, പ്രത്യേകിച്ച് അവർണ്ണവിഭാഗങ്ങൾ, കൂട്ടം കൂട്ടമായി ക്രിസ്തുമതത്തിലേയ്ക്കും മറ്റു മതങ്ങളിലേക്കും പരിവർത്തനം ചെയ്യാൻ ചിന്തിച്ചു കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് ശ്രീനാരായണഗുരുദേവന്റെ ജനനം.**

മറുപുറത്ത് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റേയും അവരുടെ സാമന്തൻമാരായി തീർന്നിരുന്ന നാട്ടുരാജാക്കൻമാരുടേയും പിൻബലത്തോടെ ക്രിസ്തുമത പ്രചരണത്തിനു വന്ന വിദേശ പാതിരിമാരുടെ ആകർഷകമായ വാഗ്ദാനങ്ങളും പ്രലോഭനങ്ങളും. സ്വാഭാവികമായും ഹിന്ദുക്കൾ, പ്രത്യേകിച്ച് അവർണ്ണവിഭാഗങ്ങൾ, കൂട്ടം കൂട്ടമായി ക്രിസ്തുമതത്തിലേയ്ക്കും മറ്റു മതങ്ങളിലേക്കും പരിവർത്തനം ചെയ്യാൻ ചിന്തിച്ചു കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് ശ്രീനാരായണഗുരുദേവന്റെ ജനനം. ഭാരതീയ വിചാരകേന്ദ്രത്തിന്റെ കാര്യദർശിയായ പി. പരമേശ്വരന്റെ ഈ വിലയിരുത്തൽ സംഗതികളുടെ കാര്യഗൗരവം വ്യക്തമാക്കുന്നതാണ്.

തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽപ്പെടുന്നതുപോലും ദോഷകരമായി അനുഭവിച്ചിരുന്നവരുമായ ഒരു വലിയ വിഭാഗം ജനത ഇവിടെ ഉണ്ടായിരുന്നു. ജാതികൃതമായ അനാചാരങ്ങൾ ദൈവദത്തമാണെന്ന് വിശ്വസിപ്പിക്കാൻ അധികാരവും സമ്പത്തും കൈയ്യാളിയിരുന്നവർക്ക് എളുപ്പത്തിൽ സാധിച്ചിരുന്നു. അതുകൊണ്ടുതന്നെ ഇത്തരം അരുതായ്മകളെ ചോദ്യം ചെയ്താൽ ദൈവകോപം ഉണ്ടാകും എന്ന മിഥ്യാധാരണയും പ്രബലമായി നിലനിന്നിരുന്നു. പക്ഷേ മുളയിലേ അറിയാം മുളങ്കരുത്ത് എന്ന ചൊല്ലുപോലെ കുസൃതിക്കുട്ടിയായ നാണു ഈ അരുതായ്മകളുടെ കഥയില്ലായ്മ മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്ന പ്രവൃത്തികൾ കാട്ടിക്കൂട്ടിയിരുന്നു. ഇതേക്കുറിച്ചുള്ള കുമാരനാശാന്റെ വിവരണം നമുക്കു ലഭിക്കുന്ന ആധികാരിക രേഖയാണ്.

കാലങ്ങളെ നയിക്കുവാൻ കാലം നിയോഗിച്ച കർമ്മസാക്ഷി (യോഗി) യായ നാരായണഗുരു സ്വയം ചരിത്രത്തിന്റെ ഭാഗമാകുകയും ചരിത്രം സൃഷ്ടിക്കുകയും ചെയ്തത് ഈ സവിശേഷമായ കാലഘട്ടത്തിന്റെ ഈറ്റില്ലത്തിലാണെന്നത് ഏറെ ശ്രദ്ധേയമാണ്.

## നിഷേധത്തിൽ നിന്നു തുടക്കം

"വീട്ടിൽ പൂജയ്ക്കായി ഒരുക്കി വയ്ക്കുന്ന പഴവും പലഹാരങ്ങളും പൂജകഴിയുന്നതിനു മുമ്പ് എടുത്തു ഭക്ഷിക്കുന്നതിൽ കുട്ടി അസാമാന്യമായ കൗതുകം കാണിച്ചു. താൻ സന്തോഷിച്ചാൽ

ദൈവവും സന്തോഷിക്കും എന്നു പറയുകയും തന്റെ ആ കൃത്യത്തെ തടയാൻ ശ്രമിക്കുന്നവരെ എങ്ങനെയെങ്കിലും ആ ബാലൻ തോല്പിക്കുകയും ചെയ്യും. തീണ്ടാൻ പാടില്ലാത്ത കീഴ്ജാതിക്കാരെ ദൂരത്തെവിടെയെങ്കിലും കണ്ടാൽ ഓടിയെത്തി അവരെ തൊട്ടിട്ട് കുളിക്കാതെ അടുക്കളയിൽ കടന്ന് സ്ത്രീകളേയും അധികം ശുദ്ധമാചരിക്കാറുള്ള പുരുഷന്മാരേയും തൊട്ട് അശുദ്ധമാക്കുന്നത് കുട്ടിക്ക് രസകരമായ ഒരു വിനോദമായിരുന്നു. ബുദ്ധിമാനും സുന്ദരനും തറവാട്ടിലെ ഏക പുത്രനുമായ കുട്ടിയെ ആ വക കുറ്റങ്ങൾക്ക് മാതാപിതാക്കൾ തല്ലിയിട്ടില്ല.''

## വിദ്യാഭ്യാസം

സ്വാമിയെ വിദ്യാരംഭം ചെയ്യിച്ചത് പാർവത്യകാരുദ്യോഗത്തിന്റെ പ്രൗഢിയും മറ്റു ദേശപ്രമാണിത്തവുമുള്ള ചെമ്പഴന്തി മൂത്തപിള്ള എന്നറിയപ്പെടുന്ന കണ്ണങ്കര ഭവനത്തിലെ കാരണവരായിരുന്നു. നാരായണപിള്ള എന്ന കണ്ണങ്കര മൂത്തപിള്ള മലയാളം അക്ഷരങ്ങൾ എഴുതി ചൊല്ലിച്ചു. അന്നത്തെ ഉൾനാട്ടിലെ രീതി അനുസരിച്ച് സിദ്ധരൂപം, ബാലപ്രബോധനം, അമരം മുതലായ ബാലപാഠങ്ങൾ കഴിഞ്ഞശേഷം സ്വദേശത്ത് ഉയർന്ന പഠിപ്പിന് സൗകര്യം ഇല്ലാതിരുന്നതിനാൽ പഠിപ്പു മതിയാക്കേണ്ടിവന്നു. കുടുംബത്തിലെ പ്രധാന ജോലി കൃഷിയായിരുന്നു. സ്വാമി തന്റെ പ്രായത്തിനനുസരിച്ച് അതിൽ സഹായിക്കുകയും അടുത്തുള്ള കാട്ടു പ്രദേശങ്ങളിൽ കന്നുകാലികളെ മേയ്ച്ചുകൊണ്ട് കുറെനാൾ കഴിക്കുകയും ചെയ്തിരുന്നു. മദ്ധ്യാഹ്നകാലത്ത് വൃക്ഷങ്ങളുടെ തണലുകളിൽ പശുക്കൾ മേഞ്ഞുനിൽക്കുമ്പോൾ സ്വാമി ഇലകൾ നിറഞ്ഞ മരക്കൊമ്പുകളിൽ കയറിയിരുന്ന് മനോരാജ്യം ചെയ്യുകയും സംസ്കൃതപദങ്ങൾ ഉരുവിട്ടു പഠിക്കുകയും ചെയ്യുക പതിവായിരുന്നു. സസ്യങ്ങൾ കൃഷി ചെയ്തുണ്ടാക്കുന്നതിൽ സ്വാമിക്ക് വലിയ വാസനയായിരുന്നു. തന്നത്താൻ വെറ്റിലക്കൊടി നട്ടു നനച്ച് വളർത്തിയിട്ടുള്ളതിനേപ്പറ്റി പലപ്പോഴും സ്വാമി പറഞ്ഞ് രസിക്കാറുണ്ട്. ബാല്യം കഴിയുന്നതിന് മുമ്പുതന്നെ സ്വാമി ഒരു വലിയ സാത്വികനും ഭക്തനുമാണെന്ന് അറിഞ്ഞു കഴിഞ്ഞു.

## വാരണപ്പള്ളിയിലേക്ക്

കുട്ടിയുടെ അസാമാന്യമായ ബുദ്ധിശക്തിയും സംസ്കൃതത്തിലുള്ള വ്യുൽപ്പത്തിയും മനസ്സിലാക്കിയ മാതുലൻ നാണുവിനെ ഉപരിപഠനത്തിനയക്കാൻ തീരുമാനിച്ചു. അങ്ങനെ 21-ാമത്തെ വയസ്സിൽ ( 1053-ൽ ) സ്വാമി സംസ്കൃതം പഠിക്കാനായി കരുനാഗപ്പള്ളി താലൂക്കിൽ പുതുപ്പള്ളി കുമ്മം പള്ളിൽ രാമൻപിള്ള ആശാൻ അവർകളുടെ അടുക്കലേക്കു പോയി, അവിടെ വാരണപ്പള്ളി എന്ന പ്രസിദ്ധ കുടുംബത്തിലാണ് സ്വാമി താമസിച്ചിരുന്നത്. പെരുനെല്ലി കൃഷ്ണൻ വൈദ്യർ വെളുത്തേരി കേശവൻ വൈദ്യർ മുതലായ പല യോഗ്യൻമാരും സഹാദ്ധ്യായികളായിരുന്നു.

ഗജേന്ദ്രമോക്ഷം കഥയെ വാരണപ്പള്ളി തറവാട്ടിലെ കാരണവരുടെ ആവശ്യപ്രകാരം സ്വാമി ഒരു വഞ്ചിപ്പാട്ടായി അവിടെ വച്ചെഴുതിയത് ഇപ്പോഴും അവിടുത്തുകാരിൽ ചിലർ പാടികേൾക്കാറുണ്ട്. സ്വാമിയുടെ ഇഷ്ടദേവത അപ്പോൾ വിഷ്ണുവായിരുന്നു.

വാരണപ്പള്ളിയിലെ പഠനകാലത്തെക്കുറിച്ച് നടരാജഗുരു ഇങ്ങനെ പറയുന്നു. ''ആയുർവ്വേദം, ജ്യോതിഷം എന്നിവയ്ക്കാവശ്യമുള്ളതിൽ കവിഞ്ഞ് ഒരു സംസ്കൃത പണ്ഡിതനായി തീർന്നു. ഇവിടെ വച്ചു ഗുരു കാവ്യം, നാടകം, അലങ്കാരം എന്നീ സാഹിത്യ ശാഖകളിൽ പാരംഗതനായി. നിഷ്കളങ്കമായ സരളസ്വഭാവവും ജീവിതത്തിന്റെ വിശുദ്ധിയും മാനസിക നിലപാടിന്റെ ഉണർവുറ്റ ഭാവാത്മകതയും അനുശാസനവും മൂലം വേദാന്തത്തിലേയും ഉപനിഷത്തുകളിലേയും രഹസ്യങ്ങൾ അദ്ദേഹത്തിന് ഒരു തുറന്നപുസ്തകമായിത്തീർന്നു''

രണ്ടുകൊല്ലത്തിനുള്ളിൽ കാവ്യ നാടക അലങ്കാരങ്ങളിൽ നല്ല വ്യുത്പത്തി സമ്പാദിച്ച് ഗുരുദക്ഷിണ കഴിഞ്ഞ് അവിടുത്തെ പഠിത്തം അവസാനിപ്പിച്ചു. 1053-ൽ വാരണപ്പള്ളിയിലെത്തി 1055-ൽ പഠനം പൂർത്തിയാക്കി തിരികെപ്പോന്നു എന്നുമാണ് ജീവചരിത്രകാരനായ കെ. ദാമോദരൻ രേഖപ്പെടുത്തിയിരിക്കുന്നത്.

## വിവാഹ കാണ്ഡം

വീട്ടിൽ മടങ്ങിവന്നതിനുശേഷം ചെമ്പഴന്തിയിൽ തന്നെ സ്വാമി കുട്ടികളെ പഠിപ്പിച്ചു താമസിച്ചു. നാണുവാശാൻ എന്ന പേര് സ്വാമിക്ക് അങ്ങനെ സിദ്ധിച്ചതാണ്. കടയ്ക്കാവൂരിനടുത്ത് വീരാൻകാവ് എന്ന സ്ഥലത്തും പിന്നീട് അഞ്ചുതെങ്ങിലും ഇക്കാലത്ത് കുട്ടികളെ പഠിപ്പിച്ചിരുന്നതായി നടരാജഗുരു പറയുന്നു. ഇതിനിടയിൽ മാതാപിതാക്കൻ



മാരുടെയും മറ്റും നിർബന്ധ ത്താൽ സ്വാമിക്ക് വിവാഹം കഴിക്കേണ്ടിവന്നു. എന്നാൽ വിഷയസുഖങ്ങൾക്ക് സ്വാമിയെ വ്യാമോഹിപ്പിക്കാൻ കഴിഞ്ഞില്ല. പിന്നെ സ്വല്പകാലത്തിനുള്ളിൽ അമ്മ മരിച്ചു. 1060-ൽ അച്ഛനും കാലധർമ്മം പ്രാപിച്ചു. സ്വാമി ദാമ്പത്യബന്ധത്തിൽ നിന്നും ഇതിനുമുമ്പുതന്നെ സ്വയം മോചിച്ചിരുന്നു. കുമാരനാശാന്റെ ഈ വാക്കുകൾ സ്വയം പൂർണ്ണങ്ങളാണ്. മറ്റൊരു വ്യഖ്യാനം ആവശ്യമില്ലാതെ. ''മാതാപിതാക്കളുടെ മരണശേഷം കുടുംബബന്ധത്തിൽ നിന്ന് മോചിക്കുന്നത് സ്വാമിക്ക് എളുപ്പമായി തീർന്നു. സ്വാമി ഇതിനുശേഷം വീട്ടിൽ താമസിക്കാതെയായി. രാത്രിയും പകലും സമീപത്തുള്ള ജനവാസമില്ലാത്ത കുന്നുകളിലും കാടുകളിലും പാറയിടുക്കുകളിലും സമുദ്രതീരങ്ങളിലും ക്ഷേത്രങ്ങളിലും മറ്റ് ഏകാന്തസ്ഥലങ്ങളിലും ധ്യാനനിരതനായി ഇരിക്കുന്നതും ഏകാകിയായി സഞ്ചരിക്കുന്നതും പലപ്പോഴും പലരും കണ്ടിട്ടുണ്ട്.''

## ഒരു അവധൂതന്റെ പുറപ്പാട്

ഗുരുവിന്റെ ജീവിതത്തിൽ ഇനിയും വേണ്ടത്ര വിവരങ്ങൾ കിട്ടിയിട്ടില്ലാത്ത ഒരു കാലഘട്ടമാണ് അവധൂതകാലം. പിൽക്കാലത്ത് ഗുരുവിന്റെ സന്തതസഹചാരിയായി മാറിയ കോട്ടുകോയിക്കൽ വേലായുധൻ പലപ്പോഴായി ഗുരുമുഖത്തുനിന്നും കേൾക്കാനിടയായ തിരുവായ്മൊഴികൾ ജീവചരിത്ര ഗ്രന്ഥത്തിൽ സമ്പാദനം ചെയ്തിരിക്കുന്നത് ഒരു വലിയ കാര്യമാണ്. അദ്ദേഹത്തിന്റെ വാക്കുകൾ നോക്കാം. ''ദിക്കുകൾ നടന്നുകാണുക, ദിഗ്വിശേഷങ്ങൾ നേരിട്ടറിയുക. രാമായണാദിഗ്രന്ഥങ്ങൾ ശ്രുതിമധുരമായി പാരായണം ചെയ്യുക ഇവ പതിവായി. ഒടുവിൽ അവിടുന്ന് ദൃഢപ്രജ്ഞനായ ശേഷം ആലുവ അദ്വൈതാശ്രമത്തിൽ വച്ച് കഴിഞ്ഞുപോയ കാര്യങ്ങൾ ചിലതു പറഞ്ഞിട്ടുള്ളതിൽ അന്നത്തെ രാമായണം വായനക്കാര്യം അടങ്ങിയിരുന്നു. അവിടുത്തെ ഒരു തിരുവായ്മൊഴി അതുപോലെ എഴുതുന്നു. അടുത്തുനിന്ന് ശ്രദ്ധിച്ച് അന്നൊക്കെ രാമായണം മുഴുവൻ ഒരു ദിവസം കൊണ്ട് വായിച്ചു തീർക്കുക വളരെ പുണ്യമാണെന്നായിരുന്നു ഏവർക്കും ഉണ്ടായിരുന്ന ധാരണ. നാം വായിച്ചിട്ടുണ്ട് ഒരു ദിവസം കൊണ്ട് രാമായണം മുഴുവൻ. അങ്ങനെ പല ദിവസവും വായിച്ചിട്ടുണ്ട്.''

''കടലോരങ്ങളിൽ രാത്രി കഴിച്ചുകൂട്ടുക ഒരു തപോവൃത്തിയായിരുന്നു. മത്സ്യം പിടുത്തക്കാരുടെ വല കഴുകി ഉണക്കി മടക്കി വച്ചിരിക്കുന്നിടത്ത് അതിന്റെ പുറത്ത് തലവച്ച് ശരീരം അതോടു ചേർത്ത രാത്രി കഴിച്ചുകൂട്ടും. അങ്ങനെ പലദിനങ്ങളിലും കടൽക്കാറ്റേറ്റു വിശ്രമിക്കുക പതിവായിരുന്നു. വെളുപ്പിന് എണീറ്റ് ആരും കാണാതെ നടന്നുകളയും. അക്കാലത്ത് ഭക്ഷണത്തിന് അങ്ങനെ നിർബന്ധമില്ലാത്ത സ്ഥിതിയായിരുന്നു. ആരെന്തു കൊടുത്താലും അത് ഭക്ഷിച്ചുവന്നു. അങ്ങനെ മത്സ്യവും അന്ന് കഴിച്ചിരുന്നു.'' ''അഞ്ചു തെങ്ങിലെ താമസവിവരം അറിഞ്ഞ് പെരുന്നെല്ലി തൃപ്പാദങ്ങളെ വീട്ടിലേക്കു ക്ഷണിച്ചു. അവിടെ നല്ല ഒരു ഗ്രന്ഥപ്പുരയുണ്ടായിരുന്നു. പെരുന്നെല്ലിയുടെ മാതാവിന് ഗുരുദേവനോട്



ബഹുമാനാദരവുകൾ തോന്നി. ആ നിലയിൽ പെരുന്നല്ലിയിൽ കുറച്ചുനാൾ കഴിച്ചുകൂട്ടി. അന്ന് ഇതുപോലെ സന്യാസജീവിതം നയിച്ചു വന്ന കുഞ്ഞൻപിള്ള ചട്ടമ്പിയും പെരുന്നെല്ലിയിലെ അതിഥിയായി മുറയ്ക്ക് അവിടെ എത്തും. ഒരുമിച്ച് ഭാഗവതപാരായണത്തിന് പോകും. പെരുന്നെല്ലി ധനവാനും കൂടി ആയിരുന്നു. അദ്ദേഹം തുല്യമാർ ഗ്ഗക്കാരായ ഈ സന്യാസിമാരെ തമ്മിൽ പരിചയ പ്പെടുത്തി.'' ''ഷണ്മുഖദാസൻ എന്ന ചട്ടമ്പിസ്വാമികൾ നേരത്തേ തൈക്കാട്ട് അയ്യാവിനെ സമീപിച്ച് യോഗമുറകൾ ശീലിക്കാൻ തുടങ്ങിയിരുന്നു. നാണുഭക്തൻകൂടി ആ മാർഗ്ഗം പിന്തുടർന്നു. അവർ ഒരുമിച്ചുപോയി തൈക്കാട്ട് അയ്യാവുമായി സമ്പർക്കത്തിലായി. ഉപദേഷ്ടാവായി അയ്യാവു സ്വാമിയെ ഇരുവരും അംഗീകരിച്ചു. യോഗമുറകളും, സിദ്ധിമാർഗ്ഗങ്ങളും അഭ്യസിച്ചു തുടങ്ങി.''

''അയ്യാസ്വാമി എന്നതിന്റെ ഒരു രൂപഭേദമാണ് അയ്യാവ്. സുബ്ബരാ യപണിക്കർ എന്നു പേരുള്ള അയ്യാവ് ചെങ്കൽപ്പേട്ട ജില്ലക്കാരനാണ്. അദ്ദേഹം സ്വാതി തിരുനാൾ രാജാവിന്റെ കാലത്താണ് തിരുവന്തപുരത്തു വന്നത്.''

തൈക്കാട് അയ്യാവിന്റെ സമാധി സംബന്ധിച്ച് ഒരു മഹാത്മാവിന്റെ സമാധി എന്ന തലക്കെട്ടിൽ 1084 കർക്കടകം ലക്കം വിവേകോദയത്തിലുള്ള ഒരു വിവരണം (എൻ കുമാരനാശാൻ എന്നു പേരു വച്ചുള്ളത്) ഇപ്രകാരമാണ്. ''തൈക്കാട്ട് അയ്യാവ് പലേവിധത്തിലും മാഹാത്മ്യമേറുന്ന ഒരു ദിവ്യാത്മാവായിരുന്നു. ശ്രീനാരായണഗുരു, ചട്ടമ്പി സ്വാമി മുതലായ വന്ദ്യന്മാരുടെ ആദ്ധ്യാത്മികോ പദേഷ്ടാവായിരുന്നു അയ്യാവ്. 1084 കർക്കിടകം 6 ന് രാത്രി 8 മണിക്ക് സ്വഭവനത്തിൽ വച്ച് സമാധിയായി. ഇദ്ദേഹത്തിന്റെ വയസ്സ് ക്ലിപ്തമായി ആർക്കും അറിയില്ല. 80 ൽ പരം വയസ്സുള്ള അയ്യാവിന് രോഗം ബാധിച്ച അവസരങ്ങൾ ഇല്ല. വെളുപ്പിന് നാലു മണിമുതൽ പൂജാദി കർമ്മങ്ങൾ നടത്തുക നിർബന്ധമായിരുന്നു. റസിഡൻസി സൂപ്രണ്ടായിരുന്ന അയ്യാവ് ഓഫീസ് ജോലികളും കൃത്യമായി നിർവ്വഹിച്ചു വന്നു. ശിഷ്യന്മാർക്ക് ഉപദേശങ്ങൾ നൽകുക ഓഫീസിൽ പോകുന്നതിനുമുൻപ് നിർവ്വഹിക്കും. സമാധിക്ക് ഏതാനും ദിവസങ്ങൾക്കു മുൻപ് കാലുകളുടെ പുറം ഭാഗത്ത് ഒരു നീരും വേദനയും അനുഭവപ്പെട്ടു. തനിക്ക് സമാധിക്ക് സമയമായി എന്നു പറഞ്ഞ് നിരാഹാരവ്രതമായി ഇരിപ്പായി ഇടയ്ക്ക് ഒരു പ്രാവശ്യം നിർബന്ധത്തിന് വഴിപ്പെട്ട് അൽപ്പം പാല് കുടിച്ചു. മേലാൽ അസഹ്യപ്പെടുത്തരുത് എന്നു പറഞ്ഞു. സമാധിക്ക് ഏതാനും നിമിഷം മുൻപ് ഞാൻ പോകുന്നു എന്നു മാത്രം പറഞ്ഞു.'' എത്രമാത്രം ബഹുമാന്യനും ആദരണീയനുമായിരുന്നു അയ്യാ സ്വാമികൾ എന്നു മനസ്സിലാക്കാൻ കുമാരനാശാന്റെ ഈ വാക്കുകൾ മാത്രം മതി. ശ്രീനാരായണഗുരു, ചട്ടമ്പി സ്വാമി മുതലായ വന്ദ്യൻമാരുടെ ആദ്ധ്യാത്മികോപദേഷ്ടാവ് എന്ന പ്രയോഗം ഏറെ ചിന്തനീയമാണ്.

തൈക്കാട്ട് അയ്യാഗുരുവുമായും ചട്ടമ്പിസ്വാമികളുമായും ശ്രീനാരായണഗുരുവിനുണ്ടായിരുന്ന വ്യക്തിബന്ധം എന്തെന്ന് മനസ്സിലാക്കുന്നതിനും അനാവശ്യ വിവാദമായ ഗുരുശിഷ്യവാദം നിരർത്ഥകമാണെന്ന് സ്വയം പ്രഖ്യാപിക്കുന്നതുമാണ് ചുവടെ ചേർക്കുന്ന കുമാരനാശാന്റെ രേഖപ്പെടുത്തൽ. കാരണം ഗുരുദേവൻ ജീവിച്ചിരുന്നപ്പോൾ തന്നെയാണ് ആശാൻ ഇത് വിവേകോദയത്തിൽ പ്രസിദ്ധീകരിച്ചത്. ഏതെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നെങ്കിൽ ഗുരു അത് പറയുമായിരുന്നു. ''ഇക്കാലത്ത് സ്വാമി പ്രാചീന മലയാളം മുതലായ ഗ്രന്ഥങ്ങളുടെ കർത്താവായ കുഞ്ഞൻപിള്ള ചട്ടമ്പി എന്ന മഹാനുമായി പരിചയപ്പെടുകയും ആ വഴി തിരുവനന്തപുരത്ത് തൈക്കാട്ട് അയ്യാവ് എന്ന സുബ്രഹ്മണ്യഭക്തനും യോഗിയുമായ ഗുരുവിന്റെ അടുക്കൽനിന്ന് യോഗാഭ്യാസ സംബന്ധമായ ഉപദേശം കൈക്കൊള്ളുകയും ചെയ്തു. ഇങ്ങനെ രണ്ടുമൂന്നു കൊല്ലം സ്വദേശത്തുതന്നെ പല സ്ഥലങ്ങളിലുമായി യോഗ ശീലിച്ചുകൊണ്ട് താമസിക്കുകയും സഞ്ചരി ക്കുകയും ചെയ്തു. കുറേനാൾ സ്വദേശത്ത് എങ്ങും സ്വാമിയെക്കണ്ടില്ല അപ്പോൾ ദക്ഷിണേ ന്ത്യയിലുള്ള പഴനി തുടങ്ങിയ പല മഹാക്ഷേത്രങ്ങളും സ്വാമി സന്ദർശിച്ചതായി അറിയുന്നു. ഈ സഞ്ചാ രത്തിൽ സ്വാമി ഭിക്ഷാടനംകൊണ്ട് ഉപജീവിക്കുകയും വഴിയമ്പലങ്ങളിൽകിടന്ന് ഉറങ്ങുകയുമാണ് ചെയ്തിട്ടു ള്ളത്. ആ താരുണ്യദശയിൽ സുമുഖനും ശാന്തഹൃ ദയനുമായ സ്വാമി ഏത് ജനക്കൂട്ടത്തിനിടയിൽ കാണപ്പെട്ടാലും യോഗശക്തികൊണ്ട് ഉജ്ജ്വലമായ മുഖത്തുള്ള പ്രത്യേകതേജോവിശേഷം അവിടുന്ന് ഒരു അമാനുഷനാണെന്ന് വിളിച്ച് പറയുമായിരുന്നു.''

**(തുടരും)**



# മഞ്ഞൾ പ്രസാദം

കെ.വേണുഗോപാൽ. പൂന

**പ**ച്ചപ്പട്ടുടുത്ത് നിത്യ ഹരിതയായി വിളങ്ങാറുള്ള കേരളാംബ മഞ്ഞൾക്കുഴമ്പു തേച്ച് കുളിച്ചു മഞ്ഞൾക്കുറിയും തൊട്ട് മഞ്ഞപ്പട്ടാട ചുറ്റി മഞ്ഞയുടെ കനകപ്രഭ ചൊരിഞ്ഞു നിലകൊള്ളുന്ന ഏതാനും ദിനങ്ങൾ ഉണ്ടാകാറുണ്ട്. അതേ വർഷാന്ത്യത്തിൽ ആഷോഷിക്കപ്പെടുന്ന ശിവഗിരി തീർത്ഥാടനവേളയാണത്. ഭാർഗ്ഗവരാമന്റെ കേരളനാട് ഒന്നാകെ മഞ്ഞപ്രഭയിൽ മുങ്ങി മഞ്ഞയിൽ കുളിച്ചു നിൽക്കുന്ന നാളുകൾ, വർഷാവസാനകാലം മുതൽ പുതുവത്സരപിറവിയുടെ ആഹ്ലാദം അലതല്ലുന്ന ആദ്യവാരങ്ങളിൽ വരെ ആഘോഷിയ്ക്കപ്പെടുന്ന ഉത്സവനാളുകൾ, ശിവഗിരി തീർത്ഥാടന നാളുകൾ. മലയാളനാടിന്റെ ഒരറ്റംമുതൽ മറ്റേയറ്റം വരേയും അയൽനാടുകളുടെ പാർശ്വഭാഗങ്ങളിലും മുക്കുകളും കവലകളും ഇടവഴികളും പ്രധാനവീഥികളും രാജപാതകളും പീതവർണ്ണങ്ങളിലുള്ള കൊടിതോരണങ്ങൾകൊണ്ടും ബാനറുകൾ കൊണ്ടും, കൂറ്റൻ ബോർഡുകൾ കൊണ്ടും ഉന്നതമായ കമാനങ്ങളാലും മുത്തുക്കുടകളാലും അലങ്കരിക്കപ്പെടുന്ന കാലം. എവിടെയും പൂത്തുലഞ്ഞു നില്ക്കുന്ന കണിക്കൊന്നകൾ നിരനിരയായി നിലകൊള്ളുന്ന പ്രതീതി. മനുഷ്യമനസ്സുകൾക്ക് ആനന്ദം പകർന്നു നല്കപ്പെടുന്ന കനകനിറക്കാഴ്ച, പീത വർണ്ണക്കാഴ്ച.

1928 ജനുവരിമാസം കോട്ടയത്തെ നാഗമ്പടം ക്ഷേത്രസന്നിധിയിലുള്ള മാഞ്ചുവട്ടിൽ, ശാന്തഗംഭീരനായി വിശ്രമം കൊള്ളുന്ന

ഗുരുദേവസവിധത്തിൽ എത്തിച്ചേർന്ന സർവ്വശ്രീ ടി. കെ. കിട്ടൻ റൈറ്ററും വല്ലഭശ്ശേരി ഗോവിന്ദൻ വൈദ്യരും ആണല്ലോ ശിവഗിരി തീർത്ഥാടനം എന്ന ആശയം അവിടുത്തെ സമക്ഷത്തിൽ ആദ്യമായി തൃപ്പാദങ്ങളുടെ പരിഗണനയ്ക്കും അനുമതിയ്ക്കും അനുഗ്രഹാശ്ശിസുകൾക്കും വേണ്ടി സമർപ്പിച്ചത്. ഗുരു ഈ ആശയത്തെക്കുറിച്ച് ചില സന്ദേഹങ്ങൾ പ്രകടിപ്പിക്കുകയും തക്കതായ വിശദീകരണം ലഭിച്ചശേഷം അതിന് അനുമതി നൽകുകയുമാണല്ലോ ഉണ്ടായത്.

ഹിന്ദുക്കൾക്ക് കാശിയും രാമേശ്വരവും, ക്രിസ്ത്യാനികൾക്ക് വത്തിക്കാനും, ആന്തോക്യായും മുസ്ലീങ്ങൾക്ക് മക്കയും മദീനയും, ബൗദ്ധർക്ക് ബോധിഗയയും തീർത്ഥാടന കേന്ദ്രങ്ങളായുള്ളപ്പോൾ കേരളത്തിലെ ഈഴവർക്കും അധ:സ്ഥിത ജനതയ്ക്കും തീർത്ഥാടനത്തിനായി ശിവഗിരി പുണ്യസ്ഥലമായി അനുവദിച്ചരുളണം എന്നതായിരുന്നു ആവശ്യം. ഈഴവർ ഹിന്ദുക്കൾ ആയിരുന്നില്ലേ. ആയിരുന്നു. പക്ഷേ ഹിന്ദുവിന് കിട്ടേണ്ടതായ ഒരുവിധ പരിഗണനകളും അക്കാലത്ത് ഈഴവർ തുടങ്ങി താഴോട്ടുള്ളവർക്ക് കിട്ടിയിരുന്നില്ല എന്നു മാത്രമല്ല ജാതിയുടേയും തീണ്ടലിന്റേയും അയിത്തത്തിന്റേയും പേരിൽ അവർക്ക് അനുഭവിക്കേണ്ടിവന്ന പീഢനങ്ങളുടേയും യാതനകളുടേയും കഥകൾ ഇന്നത്തെ തലമുറയ്ക്ക് സങ്കല്പിക്കാവുന്നതിനേക്കാൾ എത്രയോ മൃഗീയവും പൈശാചികവുമായിരുന്നു. ഹിന്ദുമതത്തിന്റെ കാവൽക്കാർ എന്ന് ഊറ്റം കൊണ്ടിരുന്നവർ നിലനിർത്തിപോന്നിരുന്ന ദുരാചാരങ്ങളുടേയും അനാചാരങ്ങളുടേയും നേർക്ക് വിരൽ ചൂണ്ടുകയും അവയെ ഉച്ചാടനം ചെയ്യാൻ ആയുധമില്ലാതെ പൊരുതി വിജയം വരിക്കുകയും ചെയ്ത ഗുരുവര്യൻ തന്റെ ആയുസ്സിന്റെ അവസാന നാളുകളോടടുത്തു വരുന്ന ഒരു സന്ദർഭത്തിലായിരുന്നു ശിവഗിരി തീർത്ഥാടനം എന്ന ആശയം സ്വീകാര്യമാക്കിയത്.

പഞ്ചശുദ്ധികൾ : ശരീരശുദ്ധി, വാക് ശുദ്ധി, ഗൃഹശുദ്ധി, മനശുദ്ധി, ഇന്ദ്രിയ ശുദ്ധി തുടങ്ങിയവ പാലിച്ച് കഠിനമല്ലെങ്കിലും എളിയ രീതിയിലുള്ള വ്രതാനുഷ്ഠാനങ്ങളോടുകൂടി വേണം തീർത്ഥാടനം എന്നു തുടങ്ങി ചില നിബന്ധനകൾ ഗുരു വച്ചിരുന്നു. പണം ധൂർത്തടിക്കാനുള്ള ഉപാധിയാകരുത് തീർത്ഥാടനം. അത് വളരെ ലളിതവും അനാർഭാടകരവും ആയിരിക്കണം എന്ന് അവിടുന്ന് നിഷ്കർഷിച്ചിരുന്നു. തൊഴിൽ അവസരങ്ങൾ വളരെ വിരളമായിരുന്ന ഒരു കാലമായിരുന്നു അത്. പ്രഭാതം മുതൽ പ്രദോഷം വരെ എല്ലു മുറിയെ പണിയെടുത്താലും രണ്ടുനേരം കഞ്ഞികുടിക്കാൻ ഉള്ള വക ലഭ്യമല്ലാതിരുന്ന ആ കാലത്ത് തീർത്ഥാടനത്തിനായും മറ്റും പണം സ്വരുക്കൂട്ടുന്നതിന്റെ പ്രയാസം കണക്കിലെടുത്തായിരുന്നു അവിടുന്ന് തീർത്ഥാടനം ലാളിത്യത്തിൽ മതി എന്ന് നിഷ്കർഷിച്ചിരുന്നത്.

എന്നാൽ ലാളിത്യം ഇന്ന് ധാരാളിത്തത്തിനു വഴിമാറിക്കൊടുത്തു. അനാർഭാടം ആർഭാടത്തിനും പക്ഷേ അതിന് ശരിയായ ന്യായീ കരണമുണ്ട്. ഏതാണ്ട് എൺപത് വർഷങ്ങൾക്കു മുൻപ് ഉണ്ടായി രുന്ന ജനതയല്ല ഇന്ന് കേരളത്തിൽ ജീവിക്കുന്നത്. ഇന്ന് വിദ്യകൊണ്ട് അവർ പ്രബുദ്ധരാണ്. സംഘടന കൊണ്ട് ശക്തരായി തൊഴിലും വ്യവസായങ്ങളും കൊണ്ട് സമ്പന്ന രായി. ദാരിദ്ര്യം ഇന്ന് വെറും പഴങ്കഥയാണ്. ശിവഗിരി തീർത്ഥാടനം വിഭാവനം ചെയ്ത സമയത്തുണ്ടാ യിരുന്ന സാമൂഹിക വ്യവസ്ഥി തിയും സമ്പദ്ഘടനയുമല്ല ഇന്നു ള്ളത്. എല്ലാം മാറിപ്പോയി. അന്ന് അവശരായിക്കഴിഞ്ഞിരുന്നവർ ഇന്ന് സമൂഹത്തിലെ ഒരു നിർ ണ്ണായക ശക്തിയാണ്. അവരുടെ വാക്കുകൾ ശ്രദ്ധിക്കപ്പെടുന്നു.

**പഞ്ചശുദ്ധികൾ: ശരീരശുദ്ധി, വാക് ശുദ്ധി, ഗൃഹശുദ്ധി, മനശുദ്ധി, ഇന്ദ്രിയ ശുദ്ധി തുടങ്ങിയവ പാലിച്ച് കഠിനമല്ലെങ്കിലും എളിയ രീതിയിലുള്ള വ്രതാനുഷ്ഠാനങ്ങളോടുകൂടി വേണം തീർത്ഥാടനം എന്നു തുടങ്ങി ചില നിബന്ധനകൾ ഗുരു വച്ചിരുന്നു. പണം ധൂർത്തടിക്കാനുള്ള ഉപാധിയാകരുത് തീർത്ഥാടനം. അത് വളരെ ലളിതവും അനാർഭാടകരവും ആയിരിക്കണം എന്ന് അവിടുന്ന് നിഷ്കർഷിച്ചിരുന്നു. തൊഴിൽ അവസരങ്ങൾ വളരെ വിരളമായിരുന്ന ഒരു കാലമായിരുന്നു അത്. പ്രഭാതം മുതൽ പ്രദോഷം വരെ എല്ലു മുറിയെ പണിയെടുത്താലും രണ്ടുനേരം കഞ്ഞികുടിക്കാൻ ഉള്ള വക ലഭ്യമല്ലാതിരുന്ന ആ കാലത്ത് തീർത്ഥാടനത്തിനായും മറ്റും പണം സ്വരുക്കൂട്ടുന്നതിന്റെ പ്രയാസം കണക്കിലെടുത്തായിരുന്നു അവിടുന്ന് തീർതാഥാടനം ലാളിത്യത്തിൽ മതി എന്ന് നിഷ്കർഷിച്ചിരുന്നത്. എന്നാൽ ലാളിത്യം ഇന്ന് ധാരാളിത്തത്തിനു വഴിമാറിക്കൊടുത്തു.**

മാനിക്കപ്പെടുന്നു. പ്രവൃത്തികൾ ന്യായീകരിക്കപ്പെടുന്നു. അവരെ തള്ളിപ്പറഞ്ഞിരുന്നവർ കൊള്ളാൻ ശ്രമിക്കുന്നു. ഇകഴ്ത്തി പറഞ്ഞിരുന്നവർ പുകഴ്ത്തി പറയുന്നു. അകറ്റിനിറുത്തിയിരുന്നവർ അടുപ്പിക്കാൻ ശ്രമിക്കുന്നു. പുച്ഛിച്ചുതള്ളിയിരുന്നവർ പുൽകി പുണരാൻ ശ്രമിക്കുന്നു. സമുദായ നേതാക്കളുടെ വീട്ടുമുറ്റത്ത് രാഷ്ട്രീയ ഭിക്ഷാംദേഹികൾ ഭജനമിരുക്കുന്ന കാഴ്ച ദൃശ്യമാധ്യമങ്ങളിലൂടെ ജനം കണ്ടറിയുന്നുണ്ടല്ലോ. ഇങ്ങനെ ഇന്നു കാണുന്ന ഈ നിലയിൽ ഉദ്ധരിക്കപ്പെട്ട ഒരു ജനത, ഇന്ന് അതിന് കാരണഭൂതനായ ആ മഹാത്മാവിന്റെ നാമധേയത്തിൽ കൊണ്ടാടുന്ന ആഘോഷം എന്തുകൊണ്ട് യഥോചിതം ആർഭാടകരമാക്കിക്കൂടാ? എന്തുകൊണ്ട് അത് ന്യായീകരിച്ചുകൂടാ? തീർച്ചയായും അല്പമൊക്കെ ധാരാളിത്തവും ആർഭാടവും ആകാം. അവർക്കതിനിന്ന് കഴിവുണ്ട്.

ശിവഗിരി തീർത്ഥാടകർക്ക് പ്രത്യേകതരം വസ്ത്രധാരണരീതി ആവശ്യമുണ്ടോ എന്ന് ആരാഞ്ഞ പ്പോൾ അനാർഭാടത്തിൽ അധിഷ്ഠിതമായ ഒരു നിർദ്ദേശമാണ് ഗുരു നൽകിയത്. തീർത്ഥാടകർ മഞ്ഞ വസ്ത്രം ധരിച്ചുകൊള്ളട്ടെ എന്ന്. വെള്ള വസ്ത്രം ഗ്രഹസ്ഥാശ്രമികൾക്കുള്ളത്, കാഷായം സന്യാസിമാരുടേത്, കറുപ്പ് അയ്യപ്പ ഭക്തൻമാർക്ക്. അപ്പോൾ ശിവഗിരി തീർത്ഥാടകർക്ക് മഞ്ഞ വസ്ത്രം. ഭഗവാൻ ശ്രീകൃഷ്ണന്റെ മഞ്ഞപ്പട്ട്. പീതാംബരം പോലുള്ളത്. പക്ഷേ മഞ്ഞപ്പട്ടു വാങ്ങാൻ പണം വ്യയം ചെയ്യാതെ തന്നെ, വെള്ള വസ്ത്രം മഞ്ഞളിൽ മുക്കി എടുത്തുപയോഗിക്കാം.. ആവശ്യം കഴിഞ്ഞ് കഴുകി വെളുപ്പിച്ച് വീണ്ടും വെള്ള വസ്ത്ര മായി ഉപയോഗിക്കുകയും ചെയ്യാം. ചുരുങ്ങിയ പക്ഷം മേൽമുണ്ടെങ്കിലും. മഞ്ഞയായിരി ക്കണം. ഇവിടെയും ഗുരു ലാളിത്യത്തിനായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. മഞ്ഞമുണ്ട് ആയിക്കൊള്ളട്ടെ എന്ന് ഗുരു അരുളിച്ചെയ്തത് വളരെ വിശാല വീക്ഷണത്തോടുകൂടി ആയിരുന്നിരിക്കണം. അവിടുത്തെ ഓരോ വാക്കിനും വിശാലമായ അർത്ഥ വ്യാപ്തിയുണ്ടായിരുന്നു. ആശയ ഗംഭീര്യമുണ്ടായിരുന്നു. മഞ്ഞ നിറം ഐശ്വര്യത്തിന്റെയും സമൃദ്ധിയുടേയും നിറമാണ്. അഭിവൃദ്ധിയുടേയും ആത്മവിശ്വാസത്തിന്റേയും നിറമാണ്. സമ്പത്തിന്റേയും സംതൃപ്തിയുടേയും നിറമാണ്. വർഷം മുഴുവനും ഐശ്വര്യവും സമൃദ്ധിയും ലഭ്യമാകണമെന്നാകാംക്ഷയോടു കൂടിയാണല്ലോ നാം വിഷുപ്പുലരിയിൽ കണിക്കൊന്ന പൂക്കളും, വാഴപ്പഴവും, ചക്കപ്പഴവും, കണി വെള്ളരിയും, കനകാഭരണങ്ങളും കണികണ്ടുണരുന്നത്. മംഗള കാര്യങ്ങൾക്കായി ഒരുക്കുന്ന നിറപറയും പൂക്കുലയും നിലവിളക്കും എല്ലാം തന്നെ ഐശ്വര്യത്തിന്റെ മഞ്ഞനിറമാർന്നതാണ്. വാഴപ്പഴത്തിലും കൊന്ന തൻപൂവിലും വാരുറ്റകാന്തി പരത്തുന്ന മഞ്ഞയെപ്പറ്റി എത്ര യെത്ര കവിഭാവനകൾ നാം വായിച്ചറിഞ്ഞും കേട്ടും ആനന്ദനി ർവൃതി അടഞ്ഞിരിക്കുന്നു.

മഞ്ഞവസ്ത്രധാരികളായി മഞ്ഞപതാകകളും ഏന്തി ചെറുസംഘ ങ്ങൾ കാൽനടയായും, പീതാലം കൃതമായ ചെറുതും വലുതുമായ നൂറുകണക്കിന് വാഹനങ്ങളി ലേറിയും ജനലക്ഷങ്ങൾ നാരായണമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് വർക്കലയെ ലക്ഷ്യമാക്കി, ശിവ ഗിരിക്കുന്നിനു മുകളിൽ സ്ഥിതി ചെയ്യുന്ന ഗുരുദേവസമാധിമന്ദിരം മനസ്സിൽ ധ്യാനിച്ചു കൊണ്ടുനീങ്ങുന്ന കാഴ്ച നയനാന്ദകരമാണ്. പഞ്ഞമാസം, കള്ളക്കർക്കിടകം എന്നൊക്കെയുള്ള അപഖ്യാതി മാറ്റപ്പെട്ട് രാമായണമാസം എന്ന ഖ്യാതി കൈവരിച്ച ഭക്തിസാന്ദ്രമായ നാളുകൾ കഴിഞ്ഞ് വളരെ വൈകാതെ ശരണഘോഷങ്ങൾ മുഴങ്ങുന്ന മണ്ഡലകാലത്ത് സ്വാമി ഭക്തന്മാരുടെ കരിംകച്ചയും കരിമ്പടവും കണ്ട് കഴിയുമ്പോൾ കനകപ്രഭാപൂരം പരത്തുന്ന മഞ്ഞയിൽ കുളിച്ചുനിൽക്കുന്ന കേരളം ശിവഗിരി തീർത്ഥാടനത്തിനായി ഒരുങ്ങിക്കഴിഞ്ഞിരിക്കും. ശ്രീ നാരായണഗുരുദേവനാൽ സമർപ്പിക്കപ്പെട്ട മഞ്ഞപ്പട്ട് ചുറ്റി മന്ദസ്മേരമുഖിയായി വിളങ്ങുന്ന മലയാള മങ്ക- കേരളാംബ തീർത്ഥാടകർക്ക് സ്വാഗതമോതുവാൻ, അവരെ എതിരേല്ക്കുവാൻ തയ്യാറായി നിൽക്കുകയല്ലേ എന്ന് കവികൾ പുകഴ്ത്തിയെങ്കിൽ അതിൽ തെല്ലും അതിശയോക്തിയില്ലതന്നെ.

മഞ്ഞയുടെ മഹത്വം വിളിച്ചോതുന്ന ശിവഗിരി തീർത്ഥാടനത്തിന്റെ പരിസമാപ്തിയും പുതുവർഷത്തിന് സ്വാഗതമോതുന്നതായ ആഹ്ലാദം നിറഞ്ഞുതുളുമ്പുന്നതായ ജനുവരി ഒന്നാം തീയതി തന്നെയായിക്കൊള്ളട്ടെ എന്ന് ഗുരു അരുളിയത് വെറും യാദൃച്ഛികമല്ല. അവിടുത്തെ ആ തിരുമൊഴികളിലും ആ ദീർഘവീക്ഷണമുണ്ടായിരുന്നു. ആഹ്ലാദവും, ആനന്ദവും, സമൃദ്ധിയും ഐശ്വര്യവും, ഒരുമയും, സമാധാനവുമൊക്കെ ആ ആനന്ദമൂർത്തി ഭാവത്തിന്റെ, ആത്മസംതൃപ്തിയുടെ വരും കാലദിനങ്ങളുടെ വീക്ഷണം. ●

# സമർപ്പണം

**വി. എൻ. പവിത്രൻ.**

ഓം നമാമി നാരായണ പാദ പങ്കജം
കരോമി നാരായണപൂജനം സദാ
വദാമി നാരായണ നാമ നിർമ്മലം
സ്മരാമി നാരായണ തത്ത്വമവ്യയം

ഞാൻ ശ്രീനാരായണ പാദകമലത്തെ നമസ്കരിക്കുന്നു. ഞാൻ എപ്പോഴും ശ്രീനാരായണ പൂജ ചെയ്യുന്നു. ഞാൻ നിർമ്മലമായ ശ്രീനാരായണ നാമം ഉച്ചരിക്കുന്നു. യാതൊരു പരിണാമവും ഇല്ലാത്ത ശ്രീ നാരായണതത്ത്വം ഞാൻ സ്മരിക്കുന്നു.

ഓം ത്വമേവ മാതാച പിതാത്വമേവ
ത്വമേവ ബന്ധുച സഖാത്വമേവ
ത്വമേവ വിദ്യാദ്രവിണം ത്വമേവ
ത്വമേവ സർവ്വം മമ ദേവ ദേവ
ത്വം = നീ, നിങ്ങൾ
ഏവ = തീർച്ചയായ, തന്നെ
സഖാ = സ്നേഹിതൻ, മിത്രം, സുഹൃത്ത്
ദ്രവീണം = ധനം
മമ = എന്റെ, അവിടുന്ന്.

എന്റെ ദേവ ദേവ, അവിടുന്ന് തന്നെയാണ് എന്റെ മാതാവ്, അവിടുന്ന് തന്നെയാണ് എന്റെ പിതാവ്. അവിടുന്നു തന്നെ എന്റെ ബന്ധുവും സ്നേഹിതനും അവിടുന്ന് തന്നെ വിദ്യയും ധനവും. എന്റെ എല്ലാം അവിടുന്ന് തന്നെ.

ഓം അന്യഥാ ശരണം നാസ്തി
ത്വമേവ ശരണം മമ
തസ്മാത് കാരുണ്യഭാവേന
രക്ഷ രക്ഷ മഹാഗുരോ

അന്യഥാ = കൂടാതെ, മറ്റു പ്രകാരത്തിൽ
ശരണം = ആശ്രയം, അഭയം
നാസ്തി = ന + അസ്തി = ഇല്ല
അസ്തി = ഉണ്ട്
രക്ഷ = രക്ഷിക്കുക, പാലിക്കുക

ഹേ മഹാഗുരോ എനിക്ക് മറ്റൊരു ശരണവും ഇല്ല. അവിടുന്ന മാത്രമാണ് എനിക്ക് ആശ്രയം (ശരണം) അതുകൊണ്ട് ഉദാത്തമായ കാരുണ്യത്തോടെ എന്നെ രക്ഷിച്ചാലും രക്ഷിച്ചാലും.

ഓം കായേന വാചാ മനസേന്ദ്രിയൈർവാ
ബുദ്ധ്യാത്മനാവാ പ്രകൃതേ: സ്വഭാവത്
കരോമിയദ്യത് സകലം പരസ്മൈ
ശ്രീനാരായണായേതി സമർപ്പയാമി. (3)

ശരീരംകൊണ്ടോ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ ഇന്ദ്രിയങ്ങൾ കൊണ്ടോ ബുദ്ധികൊണ്ടോ പ്രകൃതിയുടെ സ്വഭാവം നിമിത്തം ഞാൻ ചെയ്യുന്നതെല്ലാം ശ്രീനാരായണനായിക്കൊണ്ട് സമർപ്പിക്കുന്നു. ഞാൻ ശ്രീനാരായണനായിക്കൊണ്ട് സമർപ്പിക്കുന്നുവെന്ന് മൂന്ന് പ്രാവശ്യം ചൊല്ലണം. (ഉരുവിടണം)

ഓം അസതോമാ സദ്ഗമയാ
തമസോമ ജ്യോതിർഗമയാ
മൃത്യോർമാ അമൃതം ഗമയാ
ലോകാ: സമസ്ത: സുഖിനോ ഭവന്തു.

എന്നെ അസതൃത്തിൽ നിന്ന് സത്യത്തിലേക്ക് നയിക്കേണമേ എന്നെ അജ്ഞാനമാകുന്ന ഇരുട്ടിൽ നിന്ന് ജ്ഞാനമാകുന്ന പ്രകാശത്തിലേക്ക് നയിക്കേണമേ എന്നെ മരണത്തിൽ നിന്ന് അമൃതത്വത്തിലേക്ക് (മരണമില്ലാത്ത അവസ്ഥയിലേയ്ക്ക്) നയിക്കേണമേ. എല്ലാ ലോകരും സുഖമുള്ളവരായി ഭവിക്കട്ടെ.
ഒരാൾ തനിയേ പോകുമ്പോൾ അയാൾ ഗമിക്കുന്നുവെന്ന് പറയുന്നു. അയാൾ തന്നെ വഴികാട്ടിയായി വരുമ്പോൾ നയിക്കുന്നുവെന്ന് പറയുന്നു.

ഓം പൂർണ്ണമദ: പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണ്ണസ്യപൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ
ഓം ശാന്തി: ശാന്തി: ശാന്തി:

അദ: = അത് (ബ്രഹ്മം) പൂർണ്ണം = പൂർണ്ണമാകുന്നു.
ഇദം = ഇതും (പ്രപഞ്ചവും) പൂർണ്ണം = പൂർണ്ണമാകുന്നു.
പൂർണ്ണാത് = പൂർണ്ണത്തിൽ നിന്ന്
പൂർണ്ണം = പൂർണ്ണം, ഉദച്യതേ = പ്രകടമാകുന്നു.

പൂർണ്ണസ്യ = പൂർണ്ണത്തെ അപേക്ഷിച്ച്. പൂർണ്ണം= പൂർണ്ണത്തെ
ആദായ = എടുത്തിട്ട്, ,സ്വീകരിച്ചിട്ട്
പൂർണ്ണം ഏവ = പൂർണ്ണം തന്നെ
അവശിഷ്യതേ = അവശേഷിക്കുന്നു

കാരണമായ ബ്രഹ്മവും കാര്യമായ പ്രപഞ്ചവും പൂർണ്ണമാകുന്നു. പൂർണ്ണമായ ബ്രഹ്മത്തിൽ നിന്നാണ് പൂർണ്ണമായ പ്രപഞ്ചം പ്രകടമാകുന്നതെങ്കിലും ബ്രഹ്മത്തിന്റ പൂർണ്ണതയ്ക്ക് യാതൊരു കുറവും ഉണ്ടാകുന്നില്ല. പൂർണ്ണമായ ബ്രഹ്മം പ്രപഞ്ചത്തിൽ സർവ്വത്രവ്യാപിച്ചു നിൽക്കുന്നതിനാൽ പ്രപഞ്ചവും സർവ്വത്രപൂർണ്ണമായി ത്തന്നെയിരിക്കുന്നു. പൂർണ്ണം എപ്പോഴും പൂർണ്ണമായിത്തന്നെ അവശേഷിക്കുന്നു. ശാന്തിഃ, ശാന്തിഃ, ശാന്തിഃ

എന്ന് മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കുന്നത് ആധിഭൗതികമായും, ആദ്ധ്യാത്മികമായും ആധിദൈവീകമായും ഉള്ള എല്ലാ ദു:ഖങ്ങൾക്കും ശാന്തിയുണ്ടാകട്ടെ എന്നർത്ഥം. ശത്രുക്കൾ, കള്ളന്മാർ, ദുഷ്ടന്മാർ, ദുഷ്ടമൃഗങ്ങൾ തുടങ്ങിയവയിൽ നിന്ന് അതായത് മറ്റുള്ളവർ കാരണമായി അനുഭവിക്കേണ്ടിവരുന്ന ദു:ഖങ്ങൾ ആധിഭൗതികം താൻ തന്നെ കാരണമായി അനുഭവിക്കേണ്ടിവരുന്ന ദു:ഖങ്ങൾ, ഭയം, ക്രോധം, രോഗം, മരണം തുടങ്ങിയ ആദ്ധ്യാത്മികം ദൈവീകശക്തികൾ കാരണമായി അനുഭവിക്കേണ്ടി വരുന്ന ദു:ഖങ്ങൾ, കൊടുങ്കാറ്റ്, അതിവൃഷ്ടി, അനാവൃഷ്ടി തുടങ്ങിയ ആധിദൈവികം.

**മംഗളം**

അന്തർജ്യോതി : ബഹിർജ്യോതി:
പ്രത്യക്ജ്യോതി : പരാൽപര:
ജ്യോതിർ ജ്യോതി : സ്വയം ജ്യോതി :
ആത്മജ്യോതി : ശിവോസ്മ്യഹം.
പ്രത്യക് = ഉള്ളിലേക്ക് തിരിഞ്ഞ
പരാക് = ഈ ദൃശ്യ പ്രപഞ്ചം

ഞാൻ അകത്തും പുറത്തും പ്രത്യക്കായും പരാക്കായും പ്രകാശിക്കുന്ന പ്രകാശസ്വരൂപനും, ജ്യോതിസ്സിന്നും കൂടി ജ്യോതിസ്സും, സ്വയം പ്രകാശനും ആത്മജ്യോതിസ്സുമായ സാക്ഷാൽ ശിവനാണ്. ●

## വിവാഹിതരായി



പി.എൻ. രാധാകൃഷ്ണന്റെ (എം.ഐ.ജി. ഫ്ളാറ്റ്, വികാസ്പുരി, ന്യൂഡൽഹി 110 018) മകൻ **ദീപക്കും** എം.ജി. രാഘവന്റെ (ശ്രീനാരായണഗുരു സി.എച്ച്. എസ്. ചിഞ്ചപാഡറോഡ്, കല്യാൺ ഈസ്റ്റ്) മകൾ **റാണിയും** തമ്മിലുള്ള വിവാഹം 27.08.2009ന് നെരുൾ, നവിമുംബൈയിൽ ശ്രീനാരായണ മന്ദിരസമിതിയുടെ ഗുരുദേവഗിരി കോംപ്ലക്സിൽ വെച്ച് നടന്നു

## ശ്രീനാരായണ മന്ദിരസമിതി മാര്യേജ് ബ്യൂറോ വഴി വിവാഹിതരായി



ശ്രീമതി ഓമന പ്രകാശന്റേയും ശ്രീമാൻ പ്രകാശന്റെയും മകൻ **പ്രജീഷും**, ശ്രീമതി സബിത പ്രദീപ്കുമാറിന്റെയും ശ്രീമാൻ പ്രദീപ്കുമാറിന്റെയും മകൾ **പ്രസീതയും** 28-06-2009ൽ ഗുരുവായൂരിൽ വിവാഹിതരായി

# ഗുരുദേവനും കേരളനവോത്ഥാനവും

ടി. കെ. പദ്മാകരൻ. ചെങ്ങന്നൂർ



ശ്രീ നാരായണഗുരുദേവൻ ഇന്നു പലർക്കും പലതാണ്. ആനയെ തപ്പിത്തടഞ്ഞു കണ്ട കുരുടൻമാരേപ്പോലെ അവിടുത്തെപ്പറ്റി പലരും പലതും പറഞ്ഞിട്ടുണ്ട്. ഗുരുദേവൻ ശങ്കരാചാര്യരെപ്പോലെ തികഞ്ഞ അദ്വൈതവാദിയും മഹാത്മാവും യുഗപ്രഭാവനായ യതിവര്യനും ആർഷഭാരതത്തിന്റെ അഭിമാന പ്രകാശവുമാണ്. അവിടുന്ന് വിപ്ലവകാരിയായ ഒരു സാമൂഹ്യ പരിഷ്കർത്താവും അനാചാരവിധ്വംസകനുമായ ഒരു ജനനേതാവായിരുന്നു. അവിടുത്തെ നിക്ഷിപ്ത താല്പര്യക്കാരായ ചില അഭിജാതർ ആദർശഹിന്ദു സന്ന്യാസിയായും ഈഴവ (തീയ്യ) ആചാര്യനായും വിശേഷിപ്പിച്ചിട്ടുണ്ട്. അവിടുന്ന് ഏകമതത്തിന്റെ പ്രണേതാവും പ്രയോക്താവും തദ്വാരാ മതസഹിഷ്ണുതയുടെ ഉത്തമപ്രതീകവും വിശ്വമാനവികതയുടെ പ്രവാചകനുമായിരുന്നു. അവിടുന്ന് മഹാദാർശനികനും അനുകമ്പാമൂർത്തിയും മഹാകവിയുമായിരുന്നു. പതിതകാരുണികനും മനുഷ്യസ്നേഹിയുമായിരുന്ന അവിടുന്ന് ജാതിഭേദവും മതദ്വേഷവുമില്ലാതെ മാനവരാശി ഒന്നടക്കം സാഹോദര്യത്തോടും സംതൃപ്തിയോടും വാഴുന്ന ഏകലോകം വിഭാവനം ചെയ്ത ലോകപൗരനും വിശ്വഗുരുവും ആയിരുന്നു. ഏകദൈവവിശ്വാസിയായിരുന്ന അവിടുന്ന് ദൈവസമാനൻ കൂടിയായിരുന്നു. കേരളത്തിലേയും മറുനാട്ടിലേയും സാധാരണക്കാരായ ലക്ഷക്കണക്കിന് ഈഴവ(തീയ്യ)രുടെ ദൈവവും ആരാധനാമൂർത്തിയുമാണവിടുന്ന്. ഇതിനെല്ലാമുപരി അവിടുന്ന് കേരള നവോത്ഥാന നായകന്മാരിൽ പ്രധാനിയുമാണ്. ശ്രീ. പി. പരമേശ്വരൻ രചിച്ചഗുരുദേവന്റെ ജീവചരിത്രത്തിനു കൊടുത്തിരിക്കുന്ന പേര് ശ്രീനാരായണഗുരുസ്വാമി-നവോത്ഥാനത്തിന്റെ പ്രവാചകൻ എന്നാണ്.



ഇതർത്ഥമാക്കുന്നത് അവിടുന്ന് കേരള നവോത്ഥാനത്തിന് അമൂല്യസംഭാവനകൾ ഏറ്റവും കൂടുതൽ നൽകിയ മഹാത്മാവാണെന്നല്ലാതെ മറ്റെന്താണ്.

എന്താണ് നവോത്ഥാനം? നവോത്ഥാനം എന്ന പദത്തിനുള്ള തത്തുല്യമായ ഇംഗ്ലീഷ് പദമാണ് Renaissance. ഈ പദത്തിന് നൂതന പിറവി, കലകളുടേയും സാഹിത്യത്തിന്റേയും നൂതനപിറവി (15-ാം നൂറ്റാണ്ടിൽ) മധ്യകാലഘട്ടത്തിൽ നിന്നും ആധുനികയുഗത്തിലേക്കുള്ള പരിവർത്തനകാലഘട്ടം എന്നൊക്കെയാണർത്ഥം (അവലംബം സി. മാധവൻപിള്ളയുടെ ഇംഗ്ലീഷ് മലയാളം നിഘണ്ടു). ഉദ്ദേശം ആയിരം വർഷം നീണ്ടുനിന്ന അന്ധകാരമയമായ മദ്ധ്യയുഗത്തിൽ നിന്ന് യൂറോപ്യൻജനതയെ ആധുനികയുഗത്തിലേക്ക് നയിച്ച പ്രതിഭാസമാണ് നവോത്ഥാനം.

യൂറോപ്പിൽ 15-ാം നൂറ്റാണ്ടിലാണ് നവോത്ഥാനം സംഭവിച്ചതെങ്കിൽ, ഭാരതത്തിൽ അത് 19-ാം നൂറ്റാണ്ടിലാണ് ആരംഭിച്ചത്. കേരളത്തിൽ അല്പംകൂടി കഴിഞ്ഞാണ് നവോത്ഥാനത്തിന്റെ ആദ്യകിരണങ്ങൾ കണ്ടുതുടങ്ങിയത്. അത് 1888-ലെ ശ്രീനാരായണ ഗുരദേവന്റെ പ്രസിദ്ധമായ അരുവിപ്പുറം ശിവലിംഗ പ്രതിഷ്ഠയോടുകൂടിയാണെന്നു പറയാം. ഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയാണ് കേരള നവോത്ഥാനത്തെ ലോകർക്കു കാണത്തക്കവണ്ണം ഉദ്ഘാടനം ചെയ്തത്. എന്നാണ് ശ്രീ. എം. കെ. കുമാരൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. (പുറം 313. ശ്രീ നാരായണയുഗപ്രഭാവം.) ഇന്ത്യൻനവോത്ഥാനത്തിന്റെ രണ്ടു മുഖ്യധാരകളാണ് മതനവീകരണപ്രസ്ഥാനവും സാമൂഹികനവീകരണ പ്രസ്ഥാനവും. 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് ബംഗാളിൽ ഈ രണ്ടുപ്രസ്ഥാനങ്ങളും ആരംഭിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച ഉല്പതിഷ്ണുക്കളായിരുന്നു ഇതിന് നേതൃത്വം കൊടുത്തത്. അവരിൽ പ്രധാനി രാജാറാം മോഹൻ റോയി ആയിരുന്നു. രാജാറാം മോഹൻ റോയി, ഈശ്വരചന്ദ്ര വിദ്യാസാഗർ, കേശവചന്ദ്രസെൻ മുതലായ ബംഗാളിലെ നവോത്ഥാന നായകന്മാർ, ഉയർന്ന ജാതിക്കാരുടെ, വിശേഷിച്ച് ബ്രാഹ്മണരുടെ ഇടയിൽ നടമാടിയിരുന്ന അന്ധ വിശ്വാസങ്ങളേയും അനാചാരങ്ങളേയും ഇല്ലാതാക്കാൻ ശ്രമിച്ചവരായിരുന്നു. രാജാറാം മോഹൻറോയ് സ്ഥാപിച്ച ബ്രഹ്മസമാജത്തിന്റേയും, മഹാരാഷ്ട്രയിൽ മഹാദേവ് ഗോവിന്ദ റാനഡെ സ്ഥാപിച്ച പ്രാർത്ഥനാ സമാജത്തിന്റേയും പരിപാടികൾ ശൈശവ വിവാഹം നിരോധിക്കുക, ജാതിവ്യത്യാസം അവസാനിപ്പിക്കുക, സതി അവസാനിപ്പിക്കുക, വിധവാ വിവാഹവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുക, ഏകദൈവ വിശ്വാസം പ്രചരിപ്പിക്കുക എന്നിവയെ കേന്ദ്രീകരിച്ചുള്ളവയായിരുന്നു. ദയാനന്ദ സരസ്വതി സ്ഥാപിച്ച ആര്യസമാജം വേദങ്ങളുടെ പ്രാമാണികത്വത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരു പ്രസ്ഥാനമായിരുന്നു. വേദങ്ങളിലേക്കു മടങ്ങുക എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. ജാതിവ്യവസ്ഥയേയും മറ്റനാചാരങ്ങളേയും അദ്ദേഹം എതിർത്തുവെങ്കിലും അദ്ദേഹം അന്യമതവിദ്വേഷിയായിരുന്നു. ഇ. വി. രാമസ്വാമിനായ്ക്കർ സ്ഥാപിച്ച ദ്രാവിഡ കഴകത്തിന്റേ ലക്ഷ്യം ഹിന്ദുമതത്തേയും അതിലെ അന്ധവിശ്വാസങ്ങളേയും എതിർക്കുക എന്നതായിരുന്നു. ഡോക്ടർ അംബേദ്കറും ജ്യോതിബാ ഗോവിന്ദ ഫൂലെയും താണജാതിക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചവരായിരുന്നു.

19-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിനും 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിനും ഇടയ്ക്ക് ഇന്ത്യയുടെ പല ഭാഗത്തും ഉടലെടുത്ത സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളിൽ ഭൂരിഭാഗവും ഹിന്ദുക്കളിലെ സവർണ്ണരുടെ നേതൃത്വത്തിലാണ് ആരംഭിച്ചതും പ്രവർത്തനം നടത്തിയതും. നവോത്ഥാനപ്രസ്ഥാനത്തിന്റെ മുന്നണി പടയാളികൾ എന്നറിയപ്പെട്ടിരുന്ന രാജാറാം മോഹൻ റോയി, ഈശ്വരചന്ദ്രവിദ്യാസാഗർ, കേശവചന്ദ്രസെൻ, മഹാദേവ് ഗോവിന്ദ റാണഡെ, ഇ. വി. രാമസ്വാമി നായ്ക്കർ എന്നിവരെല്ലാം സവർണ്ണരുടെ ഇടയിൽ നടമാടിയിരുന്ന, രൂഢമൂലമായിരുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ഇല്ലാതാക്കാനാണ് ശ്രമിച്ചത്. അവർണ്ണരെ അവർ കണക്കിലെടുത്തില്ല. എന്നാൽ ശ്രീനാരായണഗുരുദേവന്റെ നേതൃത്വത്തിൽ കേരളത്തിൽ രൂപം കൊണ്ട ശ്രീനാരായണപ്രസ്ഥാനം സ്ഥാപിത താല്പര്യങ്ങളെ പിഴുതെറിഞ്ഞ് സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും ഒരു നൂതനയുഗം സൃഷ്ടിക്കാൻ പശ്ചാത്തലമൊരുക്കിയിട്ടുള്ള പ്രസ്ഥാനങ്ങളിൽവച്ചൊന്നാം സ്ഥാനത്തുനിൽക്കുന്നു. ശ്രീനാരായണപ്രസ്ഥാനം ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ രൂപംകൊണ്ട നവോത്ഥാനപ്രസ്ഥാനങ്ങളിൽ നിന്നും രൂപത്തിലും ഭാവത്തിലും പ്രവർത്തനരീതിയിലും വേറിട്ടുനിൽക്കുന്നു. അതിനുകാരണം ശ്രീ നാരായണനും ശ്രീനാരായണപ്രസ്ഥാനങ്ങളും പ്രവർത്തിച്ചത് സമൂഹത്തിലെ മേൽത്തട്ടിലുള്ളവർക്കുവേണ്ടിയായിരുന്നില്ല, മറിച്ച് പട്ടിയുടെ സ്വാതന്ത്ര്യം പോലുമില്ലാതിരുന്ന ചെളിക്കുണ്ടിലെ പുഴുക്കളെപ്പോലെ കഴിയാൻ നിർബന്ധിതരാക്കപ്പെട്ടിരുന്ന ലക്ഷക്കണക്കിന്

ഇരുകാലിമാടുകൾക്കുവേണ്ടിയായിരുന്നു എന്നതാണ്. അവർക്ക് ഈ മണ്ണിൽ ഇടം നൽകാൻ ശ്രമിച്ച് അതിൽ വിജയശ്രീലാളിതനായ ശ്രീനാരായണഗുരുദേവൻ വിപ്ലവകാരിയായ സാമൂഹ്യ പരിഷ്കർത്താവും നവോത്ഥാന നായകനുമല്ലാതെ മറ്റെന്താണ്. സംതൃപ്തിയോടും സമാധാനത്തോടും സമഭാവന യോടും അന്തസ്സോടും മനുഷ്യർ ജീവിക്കുന്ന ഒരു സമൂഹത്തെയാണ് അവിടുന്നു ലക്ഷ്യമാക്കിയത്. ഈ ലക്ഷ്യമാണ് അരുവിപ്പുറം ക്ഷേത്രഭിത്തിയിൽ അവിടുന്നെഴുതിവച്ച

ജാതിഭേദം മതദ്വേഷ-
മേതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്

എന്ന ചതുഷ്പദിയിലൂടെ വ്യക്തമാക്കിയിട്ടുള്ളത്. സമൂഹത്തിൽ നീതി നിഷേധിക്കപ്പെട്ട ഈഴവരടക്കമു ള്ള പിന്നോക്ക സമുദായങ്ങളെ ഉദ്ധരിക്കുവാൻ വേണ്ടിയാണ് അവിടുന്ന് കർമ്മ പരിപാടികൾ തയ്യാറാക്കി, നിശ്ശബ്ദനായി, നിർഭയനായി, നിശ്ചയദാർഢ്യ ത്തോടെ പ്രവർത്തിച്ചത്. ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെ ഭൂരിസുഖത്തിനു പറ്റാത്തതും, ഇവിടുത്തെ വികലമായ സാംസ്കാരിക പാരമ്പര്യ ത്തിലധിഷ്ഠിത വുമായ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും അനീതികളേയും അവിടുത്തേക്ക് ചോദ്യം ചെയ്യേ ണ്ടിവന്നു. ഹിന്ദുമതത്തിൽ രൂഢമൂലമായിരുന്ന ഉച്ചനീചത്വങ്ങളേയും അനാചാരങ്ങളയും അന്ധവിശ്വാ സങ്ങളേയും ഇല്ലാതാക്കുകയായിരുന്നു അവിടുത്തെ മറ്റൊരു ലക്ഷ്യം. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മതത്തിന്റേയും ജാതിയുടേയും പേരിലുള്ള സംഘട്ടനങ്ങളും രക്തച്ചൊരിച്ചിലുകളും കേരളത്തിൽ നന്നേ കുറവാകാൻ കാരണം ഗുരു ദേവന്റെ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളുടെ ഫലമാണെന്നതിൽ രണ്ടുപക്ഷ മില്ല. ഇന്ത്യയിൽ ഏറ്റവും സമുജ്ജ്വലമായ സാമൂഹിക വിപ്ലവവും കേരളത്തിലാണ് നടന്നതെന്നാണ് ഇതു കാണിക്കുന്നത്.

ഗുരുദേവൻ തിരുവവതാരം ചെയ്ത കാലത്ത്, കേരളത്തിലെ പ്രത്യേകിച്ചു തിരുവിതാംകൂറിലെ സാമൂഹ്യാവസ്ഥ ഏതു വിധത്തിലുള്ളതായിരുന്നു എന്നറിഞ്ഞാലേ അവിടുത്തെ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ സാമൂഹ്യനവോത്ഥാനത്തിന്റെ ആഴവും പരപ്പും എത്രമാത്രം വലുതായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളു.

അന്ന് ജനങ്ങളെ സവർണ്ണരെന്നും അവർണ്ണരെന്നും രണ്ടു തട്ടായി വേർതിരിച്ചിരുന്നു. ബ്രാഹ്മണർ തൊട്ട് വർണ്ണ്യവ്യവസ്ഥയിലെ നാലാം ക്ലാസ്സുകാരനായ ശൂദ്രർ (നായർ) വരെ സവർണ്ണജാതിക്കാരായിരുന്നു. ഈഴവർ തൊട്ട് താഴോട്ടുള്ളവർ അവർണ്ണരും. സവർണ്ണരിൽ പ്രാമുഖ്യം ബ്രാഹ്മണർക്കായിരുന്നു. അവർ നാടുവാഴികളെ നിയന്ത്രിച്ചിരുന്നു. ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ ഇംഗിതത്തിനനുസരിച്ചായിരുന്നു കേരളത്തിലെ നാട്ടുരാജാക്കന്മാർ അന്നു ഭരണം നടത്തിയിരുന്നത്. സകല അധികാരങ്ങളും ബ്രാഹ്മണ രിൽ കേന്ദ്രീകരിച്ചിരുന്നു. അവർണ്ണർക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനോ ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ആരാധന നടത്തുന്നതിനോ പൊതു നിരത്തുകളിൽകൂടി സഞ്ചരിക്കുന്നതിനോ അവകാശമില്ലായിരുന്നു. ക്ഷേത്രമതിൽക്കെട്ടുകൾക്കു വെളിയിൽ വളരെ ദൂരെ മാറിനിന്ന് കാണിക്ക അർപ്പിച്ച് ആരാധന നടത്താനേ അവരെ അനുവദിച്ചിരുന്നുള്ളു. ക്ഷേത്രസമീപത്തെ റോഡുകളിൽ തീണ്ടൽപലകകൾ സ്ഥാപിച്ച് അതുവഴിയുള്ള അവർണ്ണരുടെ സഞ്ചാരം നിരോധിച്ചി രുന്നു. ആശാന്മാർ അവർണ്ണ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ശിക്ഷിച്ചിരുന്നത് വടി എടുത്തെറി ഞ്ഞായിരുന്നു. അഞ്ചലാപ്പീസുകളിൽ കാർഡോ, കവറോ വാങ്ങിക്കാൻ പച്ചിലയിൽ കാശുവച്ച് ദൂരെ മാറി നിൽക്കണമായിരുന്നു. വഴിയിൽക്കൂടി ഒരു ബ്രാഹ്മണൻ വരുന്നതുകണ്ടാൽ അവർണ്ണൻ ഓടി കാണാമറയത്തു പോയി ഒളിക്കണമായിരുന്നു. തീണ്ടലും തൊടീലും കണ്ടുകൂടായ്മയും അതിന്റെ മൂർദ്ധന്യതയിൽ എത്തിയിരുന്നു. അന്തരീക്ഷമാകെ ഹോയ് വിളികളാൽ മുഖരിതമായിരുന്നു. ബ്രാഹ്മണരുടെ ശവത്തിനുപോലും വഴിമാറിക്കൊടുക്കേണ്ട ഗതികേടും അവർണ്ണർക്കു ണ്ടായിരുന്നു. ബ്രാഹ്മണരിൽ നിന്നും ഓരോ ജാതിക്കാരനും അവന്റെ ജാതിയുടെ അവസ്ഥയ്ക്കനു സരിച്ച് അനുപാതക്രമത്തിൽ മാറിനില്ക്കണമായിരുന്നു. തീണ്ടാപ്പാടകലം അതിക്രമിച്ചുകടക്കുന്ന താഴ്ന്ന ജാതിക്കാരെ നായർ ആ നിമിഷം വെട്ടി വീഴ്ത്തു മായിരുന്നു എന്നാണ് വൊറ്റിയർ രേഖപ്പെടുത്തി യിട്ടുള്ളത്. മുട്ടിനു താഴെ മറയ്ക്കുന്ന വസ്ത്രങ്ങൾ അവർക്കു ധരിക്കാൻ പാടില്ലായിരുന്നു. അവർണ്ണ സ്ത്രീകൾക്ക് മാറു മറയ്ക്കാനോ ആഭരണങ്ങൾ അണിയാനോ അനുവാദമില്ലായിരുന്നു. അഥവാ ആരെങ്കിലും മാറു മറച്ചുനടന്നാൽ സവർണ്ണനെ കാണുമ്പോൾ മാറു മറച്ചിരുന്ന തുണി എടുത്തുമാറ്റണമായിരുന്നു. ഓടിട്ട വീടുകളിൽ

താമസിക്കാൻ അവർണ്ണനവകാശമില്ലായിരുന്നു പലതരം കരങ്ങൾ അവർ സർക്കാരിലേക്ക് അടയ്ക്കണമായിരുന്നു. സ്ത്രീകൾ മുലക്കരം കൊടുക്കാൻ നിർബന്ധിക്കപ്പെട്ടിരുന്നു. ചെറിയ കുറ്റങ്ങൾക്കുപോലും അതികഠിനമായ ശിക്ഷയാണ് അവർണ്ണർക്ക് വിധിക്കപ്പെട്ടിരുന്നത്. ഇതിനെല്ലാം പുറമേ സർക്കാർ സർവ്വീസ് അവർക്കു ബാലികേറാമലയായിരുന്നു. ഈ കാലഘട്ടത്തിലെ കേരളത്തെയാണ് ഭ്രാന്താലയം എന്ന് വിവേകാനന്ദസ്വാമികൾ വിശേഷിപ്പിച്ചിട്ടുള്ളത്.

അവർണ്ണരിൽ പ്രാമുഖ്യം ഈഴവർക്കായിരുന്നു. അവരെ ചണ്ഡാലപ്രമുഖർ എന്നാണ് സവർണ്ണർ വിശേഷിപ്പിച്ചിരുന്നത്. ഭൂതപ്രേതാരാധനയായിരുന്നു ഈഴവരടക്കമുള്ള പിന്നോക്ക ജാതിക്കാരുടെ പരമ്പരയായുള്ള മതവിശ്വാസം. ഭീകരതയുടേയും ദുഷ്ടതയുടേയും സങ്കലനമായ ഭദ്രകാളിയെന്ന പെൺചെകുത്താനെയാണ് പ്രാകൃതമായ ജന്തുബലി, നേർച്ച, പ്രേതംതുള്ളൽ തുടങ്ങിയ ചടങ്ങുകളോടെ അവർ ആരാധിച്ചിരുന്നത്. ശാസ്താവും, വീരഭദ്രനും മരിച്ചുപോയ പിതാക്കന്മാരും ആരാധിക്കപ്പെട്ടിരുന്നു. മിക്കസ്ഥലങ്ങളിലും ഈഴവർക്കു സ്വന്തമായി ക്ഷേത്രങ്ങളുണ്ടായിരുന്നു. ഈഴവാത്തികളായിരുന്നു പുരോഹിതന്മാർ. അഞ്ചുതമ്പിരാക്കൾ എന്ന പരദേവതമാരുടെ ആരാധനയും നടപ്പുണ്ടായിരുന്നു. മസൂരി ബാധ ഉണ്ടാകുമ്പോൾ ദേശക്കുരുതി എന്ന ചടങ്ങ് നടത്തുക പതിവായിരുന്നു. കെട്ടുകല്യാണം, തിരണ്ടുകുളി, പുളികുടി എന്നീ അനാചാരങ്ങൾ ഈഴവരുടെ ഇടയിൽ നിലവിലുണ്ടായിരുന്നു. മിക്ക ഈഴവവീടുകളോടനുബന്ധിച്ചും സർപ്പക്കാവുകൾ ഉണ്ടായിരുന്നു. കാവുകളിൽ പണച്ചിലവുള്ള ചടങ്ങുകൾ നടത്തിയിരുന്നു. കാവുകളിലെ മരങ്ങൾ സർപ്പകോപം ഉണ്ടാകും എന്ന ഭയത്താൽ മുറിക്കാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല.

ഈഴവരുടെ ഇടയിൽ നിലവിലുണ്ടായിരുന്ന അനാചാരങ്ങളെപ്പറ്റി പ്രസിദ്ധ നരവംശശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ തേഴ്സ്റ്റൺ caste & tribes in south India എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. "മിക്കസ്ഥലങ്ങളിലും ഈഴവർക്ക് സ്വന്തമായ ക്ഷേത്രങ്ങളുണ്ട്. ഈഴവാത്തികളാണ് പുരോഹിതന്മാർ. ഭദ്രകാളിയാണ് സാമാന്യേന ആരാധനാമൂർത്തി. ദേവതയ്ക്കുള്ള അർച്ചനയിൽ ജന്തുബലിയും ഉൾപ്പെടുന്നു. അഞ്ചുതമ്പിരാക്കൾ എന്നു പറയുന്ന പരദേവതമാരുടെ ആരാധന ഈഴവരുടെ ഇടയിൽ നടപ്പുണ്ടായിരുന്നു. ഈ പഞ്ചദൈവങ്ങളെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു ക്ഷേത്രം ഇന്നും തിരുവിതാംകൂറിൽ മയ്യനാട് എന്ന സ്ഥലത്തുണ്ട്. മദ്ധ്യതിരുവിതാംകൂറിൽ കായലിൽ ദൈവം എന്നു പറയുന്നുണ്ട്. ഒരു ഗ്രാമത്തിൽ മസൂരിബാധയുണ്ടാകുമ്പോൾ ഭദ്രകാളിക്ഷേത്രങ്ങളിൽ ധാരാളമായി നേർച്ചകൾ നടത്തുന്നു. കലം വയ്ക്കലാണ് പ്രധാനപ്പെട്ട നേർച്ച ആ സന്ദർഭത്തിൽ ആചരിക്കുന്ന മറ്റൊരു ചടങ്ങാണ് ദേശക്കുരുതി. കോഴി, ആട് എന്നീ ജന്തുക്കളെ ബലികൊടുത്തശേഷം അവയുടെ ഇറച്ചി പാകപ്പെടുത്തുന്നു. അങ്ങനെ പാകപ്പെടുത്തിയ ഭക്ഷണം തിന്നുന്നതിനുമുൻപ് സ്ത്രീകൾ ദേവതയുടെ മുമ്പിൽ കുറച്ചുസമയം കാഴ്ചവയ്ക്കുന്നു. തൂക്കം എന്ന മറ്റൊരു ചടങ്ങും ഉണ്ട്. തൂക്കച്ചാടിൽ തൂങ്ങുന്ന ആൾ മുഖത്തു പച്ചചായം തേച്ച് കൃത്രിമ ചുണ്ടുകളും ചിറകുകളും ഘടിപ്പിച്ച് വേഷം മാറുന്നു." (പുറം 30 നാരായണഗുരു. സമാഹാര ഗ്രന്ഥം)

ഈഴവരുൾപ്പെടെയുള്ള തീണ്ടൽ ജാതിക്കാരുടെ ദുഃസ്ഥിതി ഗുരുദേവന്റെ ശ്രദ്ധയിൽപ്പെട്ടു. താൻ ജനിച്ചു വളർന്ന ജാതിയുടെ അതൃപ്തികരമായ സമുദായ സ്ഥിതി അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിച്ചതിൽ ആശ്ചര്യപ്പെടാനില്ല എന്നാണ് മഹാകവി കുമാരനാശാൻ എസ്. എൻ. ഡി. പി. യോഗത്തിന്റെ 20-ാംമതു വാർഷികത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചത്. അവരിൽ നടമാടിയിരുന്ന അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഉന്മൂലനം ചെയ്യാൻ അവിടുന്നു ശ്രമിച്ചു. മാടൻ, മറുത, യക്ഷി, ഗന്ധർവ്വൻ, ഇശ്ശക്കി, ചുടലമാടൻ, ഭദ്രകാളി മുതലായ ദുർദ്ദേവതകളെയെല്ലാം അടിച്ചു പുറത്താക്കി അവയുടെ സ്ഥാനത്ത് ദേവീക്ഷേത്രങ്ങളും ശിവക്ഷേത്രങ്ങളും സ്ഥാപിച്ച് ആരാധനാക്രമത്തിൽ ഒരു വിപ്ലവം തന്നെ ഗുരുദേവൻ സൃഷ്ടിച്ചു. ഈ ക്ഷേത്രങ്ങളിലെല്ലാം അവർണ്ണവിഭാഗത്തിൽപ്പെട്ട പൂജാരിമാരെ നിയോഗിച്ചു. കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ച് അർത്ഥശൂന്യമായ ആരാധനാക്രമങ്ങളെപ്പറ്റിയും അനാചാരങ്ങളെപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കുകയും അവ വർജ്ജിക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇതിന്റെ ഫലമായി താലികെട്ട്, പുളികുടി, തിരണ്ടുകുളി മുതലായ അനാചാരങ്ങൾ നിറുത്തലാക്കാൻ അവിടുത്തേക്ക് കഴിഞ്ഞു. പുതിയ വിവാഹരീതി അവിടുന്നു നിർദ്ദേശിക്കുകയും ജനങ്ങളുടെ പങ്കാളിത്തത്തോടെ അത് നടപ്പിലാക്കുകയും ചെയ്തു. ഒരു വിവാഹത്തിന് പത്തു പേരിൽ

കൂടുതലാകരുതെന്ന് അവിടുന്ന് നിഷ്കർഷിച്ചു. വിവാഹത്തിന് അനാവശ്യമായി പണം ചെലവഴിക്കരുതെന്നും ആർഭാടത്തിനായി ചെലവഴിക്കാനുദ്ദേശിക്കുന്ന പണം സേവിംഗ്സ് ബാങ്കിലോ മറ്റോ നിക്ഷേപിച്ച് അതിന്റെ രസീത് വിവാഹസമയത്ത് തങ്ങളുടെ കുട്ടികൾക്ക് സംഭാവനചെയ്യേണ്ടതാണെന്നും അവിടുന്ന് നിഷ്കർഷിച്ചു. അപരക്രിയ നടത്തുന്നതിന് പുതിയ നിർദ്ദേശങ്ങൾ അവിടുന്നു നൽകി. ശ്രാദ്ധത്തിന്റെ പേരിൽ വാവുബലി നടത്തുന്നതിനെ അവിടുന്നു നിരുത്സാഹപ്പെടുത്തി. ഈഴവഭവനങ്ങളോടനുബന്ധിച്ചു നിന്നിരുന്ന സർപ്പക്കാവുകൾ വെട്ടി നശിപ്പിക്കുന്നതിനും അവയിൽ നിന്നിരുന്ന വൻതടികൾ വിറ്റ് പണം ലാഭിക്കുന്നതിനും കാവുകൾ നിന്നിരുന്ന സ്ഥലം കൃഷിഭൂമിയാക്കാനും അവിടുത്തെ ശ്രമഫലമായി സാധിച്ചു. പ്രാകൃതമായ ജന്തുബലി ഇല്ലാതാക്കാനും അവിടുത്തേക്കു കഴിഞ്ഞു.

അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഗുരുദേവന്റെ ശ്രമഫലമായി മാറിയതിനെപ്പറ്റി ഡോക്ടർ തേഴ്സ്റ്റൺ caste and tribes in South India എന്ന ഗ്രന്ഥത്തിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഭദ്രകാളിമതം നാണു ആശാൻ എന്ന വേദപണ്ഡിതന്റെ ഉത്സാഹഫലമായി ഇപ്പോൾ ക്ഷയിച്ചുകൊണ്ടിരിക്കുകയായിരുന്നു. തെക്കൻ തിരുവിതാംകൂറിലേയും മദ്ധ്യതിരുവിതാംകൂറിലേയും പല ക്ഷേത്രങ്ങളിലും ഇദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം സുബ്രഹ്മണ്യ പ്രതിഷ്ഠകളും സജാതീയ പൂജാരികളെക്കൊണ്ടുള്ള നിത്യപൂജയും നടന്നുവരുന്നു. ഈഴവ സമുദായത്തിന്റെ സാമൂഹ്യവും ഭൗതികവുമായ ഉയർച്ചയെ ലക്ഷ്യമാക്കി ശ്രീ നാരായണധർമ്മ പരിപാലനയോഗം എന്നൊരു സംഘടനയും ഉണ്ടാക്കിയിട്ടുണ്ട്. (പുറം 30 നാരായണഗുരു സമാഹാര ഗ്രന്ഥം)

ആധുനിക ഇന്ത്യയിൽ സാമൂഹ്യനവോത്ഥാനത്തിന്റെ ഭാഗമായിട്ടാണ് ജാതിവിവേചനത്തിനെതിരായ സമരം ആരംഭിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും മറ്റുരാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുമെല്ലാം വളരെ മുമ്പുതന്നെ ഗുരുദേവൻ ജാതിക്കെതിരെയുള്ള അവിടുത്തെ സന്ധിയില്ലാസമരം ആരംഭിച്ചിരുന്നു. (കേരളത്തിലെ സാമൂഹ്യ വിപ്ലവം മുഖ്യമായും ജാതിവ്യവസ്ഥയ്ക്കെതിരായിരുന്നു.) അതിന്റെ ഫലമായി ജാതിജന്യങ്ങളായ തീണ്ടൽ, തൊടീൽ, കണ്ടുകൂടായ്മ മുതലായ അനാചാരങ്ങൾക്ക് , അരുതുകൾക്ക്, ഒരു പരിധിവരെ അറുതി വരുത്താൻ അവിടുത്തേക്കു കഴിഞ്ഞു. ജാതിനിർണ്ണയം, ജാതിലക്ഷണം എന്നീ കവിതകളിലൂടെയും, പലപ്പോഴായി ചെയ്തിട്ടുള്ള നർമ്മഭാഷണങ്ങളിലൂടെയും ഉപദേശങ്ങളിലൂടെയും ജാതിയുടെ നിരർത്ഥകതയെ വെളിപ്പെടുത്താനും ജാതിയെ ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്താനും അവിടുത്തേക്ക് കഴിഞ്ഞിട്ടുണ്ട്. അധ:കൃത വർഗ്ഗക്കാരുടെ ആരാധനയ്ക്കായി അവിടുന്ന് ക്ഷേത്രങ്ങൾ നിർമ്മിക്കുകയും പ്രതിഷ്ഠകൾ നടത്തുകയും നാനാജാതി മതസ്ഥർക്കായി അവ തുറന്നുകൊടുക്കുകയും ചെയ്തു. തിരുവിതാംകൂറിൽ സർക്കാർവക എല്ലാ ക്ഷേത്രങ്ങളിലും എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം അനുവദിച്ചുകൊണ്ടുള്ള ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിക്കുന്നതിന് പ്രേരണാശക്തിയായി വർത്തിച്ചതും ഗുരുദേവനായിരുന്നു. എല്ലാ ജാതിക്കാർക്കും എല്ലാ റോഡുകളിൽ കൂടിയും യഥേഷ്ടം സഞ്ചരിക്കാനുള്ള അവകാശം സ്ഥാപിച്ചെടുക്കാനും അവിടുത്തേയും എസ്. എൻ. ഡി. പി. യോഗത്തിന്റേയും ശ്രമഫലമായി സാധിച്ചു. ഏതെങ്കിലും മതവുമായി അവിടുത്തേയ്ക്ക് പ്രത്യേക മമത ഒന്നും ഇല്ലായിരുന്നു. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നുള്ളതായിരുന്നു അവിടുത്തെ സിദ്ധാന്തം. ഇന്ത്യയുടെ പുരോഗതിക്കും രാഷ്ട്രീയാധികാരത്തിനും നിർണ്ണായക പ്രതിബന്ധമായ ജാതി പോയേ തീരൂ എന്നവിടുന്നു ശഠിച്ചു. മനുഷ്യരുടെ മതം വേഷം ഭാഷ എന്നിവ എങ്ങിനെയായിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിൽ യാതൊരു വിരോധവും ഇല്ല. എന്ന് അവിടുന്ന് കേരളീയരെ ഉദ്ബോധിപ്പിച്ചു. ഇതിന്റെ ഒക്കെ ഫലമായി ജാതി വ്യത്യാസത്തിന്റ രൂക്ഷതയും മതങ്ങൾ തമ്മിലുള്ള ഭിന്നതയും ഗണ്യമായി കുറയുവാൻ ഇടയായി.

അരുവിപ്പുറം പ്രതിഷ്ഠയ്ക്കുശേഷം ഏറെ താമസിയാതെ സംഘടനകൊണ്ട് ശക്തരാവുക , വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്നീ മുദ്രാവാക്യങ്ങൾ അവിടുന്നു പുറപ്പെടുവിച്ചു. ഔദ്യോഗിക കേന്ദ്രങ്ങളിൽ നിന്നും യാതൊരു പ്രോത്സാഹനവും ലഭിക്കുകയില്ല എന്നുറപ്പുണ്ടായിരുന്ന ഗുരുദേവൻ അവർണ്ണരുടെ ഉന്നമനത്തിനായി തനതായ നൂതനമാർഗ്ഗം ആവിഷ്കരിച്ചു. അവർണ്ണരെ ആദ്യമായി ആത്മശക്തിയുള്ളവരാക്കിമാറ്റുക, എന്നിട്ട് അനുരഞ്ജനത്തിന്റെ പാതയിലൂടെ അവരെ നയിക്കുക എന്നതായിരുന്നു മാർഗ്ഗം. ഇതിനായി ഈഴവരെ വിദ്യാസമ്പന്നരാ

ക്കുവാനും അവരുടെ ഇടയിൽ പുരോഗതിക്കു വിലങ്ങുതടിയായി നിന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ദുരീകരിക്കാനും വേണ്ടി ഒരു സംഘം ശ്രീനാരായണധർമ്മ പരിപാലനയോഗം രൂപീകരിക്കുകയും അതിലൂടെ ഊർജ്ജസ്വലമായി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. യോഗത്തിന്റെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ കടൽത്തീരത്തെ മണലുപോലെ അസംഘടിതരായി കഴിഞ്ഞിരുന്ന ഈഴവർ സംഘടിച്ചു ശക്തരാവുകയും അവകാശങ്ങൾ ഓരോന്നായി കണക്കു പറഞ്ഞു വാങ്ങാൻ ശ്രമിക്കുകയും ചെയ്തു. മറ്റു പിന്നോക്ക സമുദായങ്ങൾക്ക് യോഗത്തിന്റെ പ്രവർത്തനങ്ങൾ പ്രചോദനം നൽകുകയും തൽഫലമായി അവരും അവരുടെതായ സംഘടനകൾ രൂപീകരിച്ച് ശക്തരാകാൻ തുടങ്ങി. മുന്നോക്ക സമുദായങ്ങളും യോഗത്തെ അനുകരിച്ച് സംഘടനകൾ രൂപീകരിച്ച് കൂടുതൽ ശക്തിയാർജ്ജിക്കാൻ യത്നിച്ചു. യോഗത്തിന്റെ അനേകം ശാഖകളും യൂണിയനുകളും സ്ഥാപിക്കപ്പെട്ടു. യോഗത്തിന്റേയും ശ്രീനാരായണ സന്ദേശങ്ങളുടേയും പ്രചാരകന്മാരായി നാടുനീളെ സഞ്ചരിച്ചിരുന്ന പ്രാസംഗികരോട് മതം, സദാചാരം, വിദ്യാഭ്യാസം, വ്യവസായം എന്നിവയെപ്പറ്റി പ്രഭാഷണം നടത്താൻ ഗുരുദേവൻ ആവശ്യപ്പെട്ടു. ഇതിന്റെ ഒക്കെ ഫലമായി ഈഴവർക്കിടയിൽ ഒരു പുതിയ ഉണർവ്വും കർമ്മോന്മുഖതയും ഉണ്ടാക്കുവാൻ അവിടത്തേക്ക് കഴിഞ്ഞു.

കേരളത്തിലെ അവർണ്ണരുടെ നവോത്ഥാനത്തിന് വിദ്യാഭ്യാസം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണെന്ന് ഗുരുദേവൻ കണ്ടു. തലമുറകളായി തുടർന്നു പോന്നിരുന്ന എല്ലാ അജ്ഞതയ്ക്കും ഹേതു വിദ്യാവിഹീനതയാണെന്ന് അവിടുന്നു മനസ്സിലാക്കി. ആത്മവിശ്വാസം നേടാനും അപകർഷതാബോധം ഇല്ലാതാക്കാനും വിദ്യാഭ്യാസം പോലെ ഉപയുക്തമായ മറ്റൊന്ന് അവിടുന്ന് കണ്ടില്ല. ഇതു സാക്ഷാത്കരിക്കാൻ വേണ്ടിയാണ് അവിടുന്നു സ്വന്തമായി ആലുവായിൽ ഒരു സംസ്കൃതപാഠശാലയും, വർക്കലയിൽ ഒരു ഇംഗ്ലീഷ് സ്കൂളും, വീവിംഗ് സ്കൂളും സ്ഥാപിച്ചതും അവയിൽ നാനാജാതിമതസ്ഥരായ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് സൗജന്യമായി പഠിപ്പിച്ചതും. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും സ്ത്രീ വിദ്യാഭ്യാസത്തിനും കൂടുതൽ പ്രാമുഖ്യം നൽകണമെന്ന് അവിടുന്ന് ആവശ്യപ്പെട്ടു. ഗ്രാമങ്ങൾതോറും വായനശാലകൾ സ്ഥാപിക്കാൻ അവിടുന്ന് ആഹ്വാനം ചെയ്തു. ക്ഷേത്രനിർമ്മാണത്തെ ഒരവസരത്തിൽ അവിടുന്ന് നിരുത്സാഹപ്പെടുത്തി. ക്ഷേത്രം ജാതിവ്യത്യാസത്തെ അധികമാക്കുന്നു. ഇനി ജനങ്ങൾക്കു വിദ്യാഭ്യാസം കൊടുക്കണം. അവർക്കറിവുണ്ടാകട്ടെ. അതുതന്നെയാണ് അവരെ നന്നാക്കാനുള്ള മരുന്ന് എന്നും ഗുരുദേവൻ അരുളിച്ചെയ്തിട്ടുണ്ട്. പണം പിരിച്ച് വിദ്യാലയങ്ങൾ സ്ഥാപിക്കാൻ അവിടിന്ന് അനുയായികളെ ആഹ്വാനം ചെയ്തു. 1910-ൽ ചെറായി വിജ്ഞാന വർദ്ധിനി സഭക്കാർ ഗുരുദേവനു സമർപ്പിച്ച മംഗള പത്രത്തിനുള്ള മറുപടിയിൽ അവിടുന്ന് ഇതെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്ക്തഭാഗം ഉദ്ധരിക്കുന്നു. ഇപ്പോൾ പ്രധാനമായി പ്രചാരത്തിലിരിക്കുന്ന ഭാഷ ഇംഗ്ലീഷാകുന്നു. അതിനാൽ അതിലാണ് നാം ശ്രദ്ധിക്കേണ്ടത്. പുരുഷന്മാർക്കു മാത്രമല്ല സ്ത്രീകൾക്കും വിദ്യാഭ്യാസം ഉണ്ടായിരിക്കണം. അവരെ ഇപ്രകാരമുള്ള കാര്യങ്ങളിൽ പിന്നോട്ടു തള്ളിവിടരുത്. സാഹിത്യസംഘടനകളും വായനശാലകളും ഓരോ ദേശങ്ങളിലും പ്രത്യേകം പ്രത്യേകം ഉണ്ടായിരിക്കേണ്ടതും അതുകൾ മുലം വിദ്യാഭ്യാസ വിഷയത്തിൽ സമുദായത്തിനു വളരെ അഭിവൃദ്ധിയുണ്ടാകുവാൻ ഇടയുള്ളതുമാകുന്നു. സാഹിത്യ സംഘടനകളും വായനശാലകളും പ്രബലപ്പെടുത്തുന്നതിന് സമുദായാംഗങ്ങൾ ഓരോരുത്തുരും യഥായോഗ്യം യത്നിക്കേണ്ടതാണ്. (പുറം 73, 74 - നാരായണഗുരു സമാഹാരം ഗ്രന്ഥം)

ഇന്നു കേരളത്തിൽ നൂറുശതമാനം സാക്ഷരത കൈവരിക്കാൻ അടിത്തറയിട്ടത് ശ്രീ നാരായണ ഗുരുദേവനും അവിടുത്തെ വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന ഉപദേശവും ആണ്. ന്യായമായ മാർഗ്ഗത്തിലൂടെ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിൽ വ്യവസായിക വളർച്ചയ്ക്കുള്ള പങ്കിനെപ്പറ്റി അവിടുന്ന് അനുയായികളെ ബോദ്ധ്യപ്പെടുത്തി. സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ തുടങ്ങാൻ ആദ്യമായി ഒരാഹ്വാനം ഉണ്ടായത് ഗുരുദേവനിൽ നിന്നാണ്. 1910-ൽ ചെറായി വിജ്ഞാനവർദ്ധിനി സഭക്കാർ നൽകിയ മംഗള പത്രത്തിനു മറുപടി പറയുന്ന കൂട്ടത്തിൽ വ്യവസായം കൊണ്ടല്ലാതെ ധനാഭിവൃദ്ധി ഉണ്ടാക്കുവാൻ സാധിക്കുന്നതല്ല. ഇക്കാര്യത്തിലും ധനവാന്മാരുടെ ശ്രദ്ധയാണ് പതിയേണ്ടത്. പലമാതിരി യന്ത്രങ്ങൾ വരുത്തി കൈപ്പണികൾ നടത്തിക്കുന്നതിനും ധനവാന്മാർക്കു മാത്രമേ അധികം സാധിക്കുകയുള്ളു. ഒരാളോ അഥവാ സാധിക്കാതെ വരുന്ന പക്ഷം പലർകൂടി കമ്പനി ഏർപ്പെടുത്തിയോ ഇപ്രകാര്യമുള്ള കാര്യങ്ങളിൽ

വേണ്ടതു പ്രവർത്തിക്കേണ്ടതാണ് എന്ന് ഉപദേശിക്കുകയുണ്ടായി കേരളത്തിൽ സഹകരണ പ്രസ്ഥാനം അതിന്റെ പാരമ്യതയിൽ എത്തിനിൽക്കുന്ന കാലഘട്ടമാണല്ലോ ഇന്ന്. ഈ പ്രസ്ഥാനത്തെപ്പറ്റി ജനങ്ങൾക്കു യാതൊരു ധാരണയും ഇല്ലാതിരുന്ന കാലത്താണ് ഗുരുദേവൻ സഹകരണാടിസ്ഥാനത്തിൽ കമ്പനികൾ തുടങ്ങി വ്യവസായം അഭിവൃദ്ധിപ്പെടുത്തണമെന്ന് ഉപദേശിച്ചതെന്നോർക്കണം. ശിവഗിരി തീർത്ഥാടനത്തിന്റെ അഷ്ടലക്ഷ്യങ്ങളിൽ ഒന്ന് വ്യവസായാഭിവൃദ്ധി ആണെന്ന കാര്യം ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.

സമുദായത്തിനും രാജ്യത്തിനും മാനവരാശിക്കു തന്നെയും ദോഷകരവും സദാചാരബോധത്തിന് ആഘാതമേല്പിക്കുവാനുപയുക്തവുമായ ചെത്തും മദ്യവ്യവസായവും ഉപേക്ഷിക്കണമെന്ന് ഈഴവരെ ഉദ്ബോധിപ്പിക്കുകയും അതിനായി സമരം ചെയ്യുകയും ചെയ്ത ഗുരുദേവനെപ്പോലെ സാംസ്കാരിക നവോത്ഥാനത്തിനുവേണ്ടി പ്രയത്നിച്ച മറ്റൊരു ആത്മീയനേതാവിനെ ചരിത്രത്തിന്റെ ഏടുകളിൽ കാണാൻ കഴിയുകയില്ല.

ശുചിത്വം, മിതവ്യയം എന്നിവ വളരെ നിഷ്കർഷയോടെ പാലിക്കണമെന്ന് അവിടുന്ന് അയിത്ത ജാതിക്കാരെ ഉപദേശിച്ചു. ശുചിത്വമുള്ളവനോട് മാറിനിൽക്കാൻ പറയാൻ ആരും ധൈര്യപ്പെടുകയില്ല. അതുപോലെ പണമുള്ളവനെ അവഗണിക്കാനും. ഗഹനങ്ങളായ അദ്വൈതചിന്തകൾ ഉൾക്കൊള്ളുന്ന കവിതകൾ സാധാരണ സംസകൃതത്തിലാണ് രചിക്കാറുള്ളത്. ഈ രീതിയാണ് ശങ്കരാചാര്യരും മറ്റ് ആത്മീയനേതാക്കളും അവലംബിച്ചിട്ടുള്ളത്. ഇതിനു വിപരീതമായി അത്തരം കവിതകൾ പച്ച മലയാളത്തിലെഴുതി ഒരു പുതിയ കാവ്യസരണി വെട്ടിത്തെളിക്കുകയാണ് ഗുരുദേവൻ ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ ആത്മോപദേശശതകം, ദൈവദശകം എന്നീ കൃതികൾ ഇതിനുദാഹരണങ്ങളാണ്. ഇതേപ്പറ്റി ശ്രീ. എം. കെ. കുമാരൻ അഭിപ്രായപ്പെട്ടിട്ടുള്ളത് ഇപ്രകാരമാണ്. ഈ കാലഘട്ടത്തിൽ സാംസ്കാരിക രംഗങ്ങളിൽ പൊതുവേയും സാഹിത്യരംഗത്തു പ്രത്യേകിച്ചും ഉണ്ടായ പരിവർത്തനത്തിലും ശ്രീനാരായണഗുരുവിന്റെ വ്യക്തിമുദ്ര പതിഞ്ഞിട്ടുണ്ട്. മഹാകവി കുമാരനാശാനിലൂടെയാണ് ഇതുതെളിഞ്ഞു വിളങ്ങുന്നതെന്നു പറയേണ്ടതില്ലല്ലോ. (പുറം 318– ശ്രീനാരായണയുഗപ്രഭാവം )

താൻ ജനിച്ചുവളർന്ന ഈഴവ സമുദായത്തെ ഉദ്ധരിക്കാൻ ശ്രമിച്ചതുകൊണ്ട് ഗുരുദേവനെ ഒരു സമുദായനേതാവായി തരം താഴ്ത്താനുള്ള ഹീനമായ ശ്രമം അല്പജ്ഞാനികളായ ചില അഭിജാതരിൽ നിന്നും ഉണ്ടായിട്ടുണ്ട്. മഹാപുരുഷന്മാരായ യേശുദേവനും മുഹമ്മദ്നബിയും ആദ്യം ചെയ്തത് അവർ ഉൾപ്പെട്ടിരുന്ന സമുദായങ്ങളെ സമുദ്ധരിക്കുക എന്നതായിരുന്നു. ആ യത്നത്തിന്റെ ഫലമായി അവർ ഇരുവർക്കും പീഡനം ഏൽക്കേണ്ടിവന്നു. ക്രിസ്തുവിനു കുരിശ്ശിലേറേണ്ടതായും നബിക്ക് മെക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്യേണ്ടതായും വാളെടുക്കേണ്ടതായും വന്നു. ശ്രീ ശങ്കരാചാര്യർ ബ്രാഹ്മണരുടെ ഇടയിൽ നടമാടിയിരുന്ന അനാചാരങ്ങൾക്കെതിരെ പോരാടിയതിന് അദ്ദേഹത്തിന് സമുദായ ഭ്രഷ്ട് കൽപ്പിക്കുകയുണ്ടായി. രാജാറാം മോഹൻ റോയി, ഈശ്വരചന്ദ്ര വിദ്യാസാഗർ, കേശവചന്ദ്ര സെൻ, മഹാദേവ് ഗോവിന്ദ റാണഡെ, ദയാനന്ദസരസ്വതി, ഇ. വി. രാമസ്വാമി നായ്ക്കർ, ഡോ. ബി. ആർ. അംബേദ്ക്കർ, ജ്യോതിബാ ഗോവിന്ദ ഫൂലെ എന്നിവരെല്ലാം ഇന്ത്യൻ സാമൂഹ്യ നവോത്ഥാനത്തിന്റെ വക്താക്കളായിട്ടാണ് അറിയപ്പെട്ടിരുന്നത്. ഇവരെല്ലാം താന്താങ്ങൾ ഉൾപ്പെട്ടിരുന്ന സമുദായങ്ങളെ ഉദ്ധരിക്കുവാൻ വേണ്ടിയാണ് പ്രവർത്തിച്ചത്. ഇവരെ ആരേയും സമുദായ നേതാക്കന്മാരായിട്ടല്ല പരിഗണിക്കുന്നത്. ഗുരുദേവന്റെ ആദ്യകാലപ്രവർത്തനങ്ങൾ അവർണ്ണ, അയിത്ത ജാതിക്കാരുടെ അഭിവൃദ്ധിയെ ലാക്കാക്കിയുള്ളതായിരുന്നു. ഈഴവർ (തീയ്യർ) കേരളത്തിലെ ഏറ്റവും വലിയ സമുദായമാണ്.ആ സമുദായത്തെ അഭിവൃദ്ധിയിലേക്കു നയിക്കാൻ പ്രവർത്തിച്ചതുകൊണ്ടുമാത്രം ഗുരുദേവന് ഇന്ത്യയിലെ നവോത്ഥാന നായകന്മാരുടെ മുൻനിരയിൽ നിൽക്കാനുള്ള യോഗ്യതയുണ്ട്. കേരളത്തിലുണ്ടായ രാഷ്ട്രീയ പ്രബുദ്ധതയുടെ മുന്നോടിയാണ് ശ്രീ നാരായണൻ നയിച്ച സാമൂഹ്യപ്രസ്ഥാനം.

എല്ലാ മാനുഷികാവകാശങ്ങളും നിഷേധിക്കപ്പെട്ട, മൃഗപ്രായരായി ഇരുകാലിമാടുകളായി ജീവിക്കാൻ വിധിക്കപ്പെട്ട, കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന, അവശരും ആർത്തരും ആലംബഹീനരുമായിരുന്ന, തൊട്ടുകൂടാത്തവരും, തീണ്ടിക്കൂടാത്തവരും മറ്റുള്ളവരുടെ ദൃഷ്ടിയിൽപ്പെട്ടാൽ ദോഷമുള്ളവരുമായിരുന്ന അയിത്തജാതിക്കാരെ മനുഷ്യരായി ഗണിക്കപ്പെടാവുന്ന ഒരു പുത്തൻ ജനതയായി വാർത്തെടുക്കാൻ പര്യാപ്തമായ ഒരു മഹാ വിപ്ലവമാണ് ഗുരുദേവൻ

നയിച്ചത്. അത് കേരളചരിത്രത്തിലെ ഏറ്റവും വലിയ സാമൂഹ്യവിപ്ലവത്തിന്റേയും സാംസ്കാരിക നവോത്ഥാനത്തിന്റേയും കഥയാണ്. ബ്രാഹ്മണ പൗരോഹിത്യത്തിന്റെയും നായർ മാടമ്പിത്തത്തിന്റേയും കണ്ണുതുറപ്പിച്ച് മനുഷ്യത്വത്തെ അവരെക്കൊണ്ടംഗീകരിപ്പിച്ച് കേരളത്തിൽ ഇന്നുകാണുന്ന സാമൂഹ്യനവോത്ഥാനത്തിന്റേയും, ഭാരത ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്തിട്ടുള്ള 1936- ലെ ക്ഷേത്രപ്രവേശന വിളംബരത്തിന് സാഹചര്യം ഒരുക്കിയതിന്റെയും കഥയാണത്. അക്രമത്തിന്റെ പടവാളുയർത്താതെ, നിരാഹാര സത്യാഗ്രഹമാകുന്ന ആത്മീയ മുഷ്ക് പ്രസംഗിക്കാതെ, പ്രസംഗങ്ങളും പ്രക്ഷോഭങ്ങളും കൊണ്ട് അന്തരീക്ഷം കലുഷമാക്കാതെ, മൂവായിരം കൊല്ലത്തിലധികം പഴക്കമുള്ള ബ്രാഹ്മണ മേധാവിത്വത്തിനെതിരെ നിശ്ശബ്ദ കുരിശ്ശുയുദ്ധം നടത്തിയതിന്റെ പൗരോഹിത്യത്തിന്റെ കടയ്ക്കൽ കത്തിവച്ചതിന്റെ കഥയാണത്. ആ കഥയിലെ നായകൻ നയിച്ച സാമൂഹ്യ സമത്വത്തിനുവേണ്ടിയുള്ള സമരം, സാമൂഹ്യനവോത്ഥാനത്തിലേയ്ക്കു നയിച്ച സമരം വിപ്ലവകരമല്ലെന്നു വാദിക്കുന്നവർ മന്ദബുദ്ധികളും വിവരദോഷികളും കാര്യങ്ങളുടെ നിജസ്ഥിതി കാണാൻ കഴിവില്ലാത്ത അന്ധന്മാരു മാണെന്നതിൽ രണ്ടുപക്ഷമില്ല.

നമിക്കുവിൻ സഹജരേ നിയതമീഗുരുപാദം
നമുക്കതിൽപരം ദൈവം നിനയ്ക്കിലുണ്ടോ !

## ഗുരുസെന്റർ വാർത്ത

ശ്രീനാരായണ മന്ദിരസമിതിയുടെ ഗോരേഗാവ്-ജോഗേശ്വരി-അന്ധേരി-വിലേപാർലെ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എല്ലാമാസവും ആദ്യത്തെ ഞായറാഴ്ചയിൽ കുടുംബയോഗങ്ങൾ അംഗങ്ങളുടെ വസതിയിൽവെച്ച് നടന്നു വരുന്നതായി യൂണിറ്റ് സെക്രട്ടറി കെ.കെ. സുധാകരൻ അറിയിച്ചു. ഗുരുപൂജ, ഗുരുപുഷ്പാഞ്ജലി, ഭജന എന്നിവയ്ക്കുശേഷം പ്രസാദവിതരണം നടക്കുന്നു. ധാരാളം പേർ ഈ പരിപാടികളിൽ പങ്കെടുക്കുന്നു. ഗോരേഗാവ് ഗുരുസെന്ററിൽ എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ, ശനി എന്നീ ദിവസങ്ങളിൽ വൈകിട്ടു 6.00 മണിമുതൽ 8.00 മണിവരെ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നു.

# അദ്വൈതഗുരു

**ഡോ: ഷൊർണ്ണൂർ കാർത്തികേയൻ**

ആഴിപ്പരപ്പിലുമൂഴിപ്പടർപ്പിലും
വാഴും പരമാത്മചൈതന്യമേ;
പാഴ്മരുഭൂവിലും ചേറാണ്ട പാടത്തും
വാഴ്‌വില്ലാ വിണ്ണിലും കാടകത്തും,
കേഴുന്ന കാട്ടാറിൻ മാറിലും നോവിനാൽ
മാഴ്കുന്ന മർത്ത്യമനക്കാമ്പിലും,
കാരുണ്യപീയൂഷം വർഷിച്ചുദൈവീക-
സാരം വിരിയിച്ച പുണ്യശാലിൻ!
വർഷങ്ങളോളമനാചാരശാപമേ-
റ്റൈശ്വര്യ മറ്റോരഹല്യകളായ്
ജീവശ്ശവങ്ങളായ്ത്തീർന്നോരവർണ്ണരെ
പാദാലുയിർപ്പിച്ച രാമനാഥൻ!
മാടനാശാന്റെ വ്രതപരിപാകമേ!
കുട്ടിയമ്മ തൻ സുകൃതക്കൂമ്പേ!
വയൽവാരവീട്ടിൻ വിളക്കേ; അവനി-
യ്ക്കൊരഭയമായ് കൈവന്ന കൈവല്യമേ!
ക്രിസ്തു, നബി, ബുദ്ധചൈതന്യപൂരമേ!
ബുദ്ധിയിൽ കാലടി മണ്ണിൻ മുത്തേ!
താവകനാവും നായെവും ബാഹുവും
നൗകകളെങ്ങൾക്കിന്നാഴി താണ്ടാൻ:
ജാതിമതഭേദമില്ലാതഖിലരും
പീതകൂതുകാൽ കഴിഞ്ഞുകൂടാൻ,
മാനവൻ മാനിയാം മാനവനാകുവാൻ,
ദീനാനുകമ്പയ്ക്കു കർത്താവാകാൻ,
തന്നാൽ കരേറേണ്ടവരെ കയറ്റുവാൻ,
തൻ സുഖമന്യസുഖമായ്ക്കാണാൻ,
പൊള്ളയാമുള്ളിലെ കള്ളങ്ങൾ, കാടുകൾ
എള്ളോളമില്ലാതകന്നുപോകാൻ,
വിദ്യാ, വിനോദ, വിത്തങ്ങൾ, വിവേകവും
മദ്യവിദ്വേഷവും വന്നണയാൻ,
യുക്തിയും സിദ്ധിയും വാസ്തവികത്വവും
ശക്തിയും ചേരുന്നസോദരരായ്
മാവേലിമന്നനോടൊത്തെതിരേൽക്കുക
ഭൂവിലദ്വൈതഗുരുദേവനെ.

# ദൈവദശകം മറ്റൊരു ഈശാവാസ്യം

*ഡോ. ഗീതാ സൂരാജ്*

പൂർണ്ണതയിലേക്കുള്ള അപൂർണ്ണമായ യാത്രയാണ് ജീവിതം. ജാഗ്രത സ്വപ്ന സുഷുപ്ത്യവ്യവസ്ഥകളിലൂടെ കടന്നുപോകുന്ന ജീവിതത്തിന്റെ ഓരോ താളവട്ടത്തിലും മനുഷ്യൻ അവനറിയാതെ തേടുന്നത് ഈ പൂർണ്ണതയത്രെ. നദി കടലിനെ തേടും പോലെ , കുഞ്ഞ് അമ്മയെ തേടും പോലെ, പ്രകാശം വിളക്കിനെ തേടും പോലെ ഒരിക്കൽ വിട്ടുപോന്ന ഉണ്മയിൽ ലയിക്കാനുള്ള അന്തർദാഹം പ്രകൃതിയുടെ ഓരോ അണുവിലും ഉണ്ട്. ഈ പൂർണ്ണത അഥവാ ഉണ്മയത്രെ ദൈവം. സ്ഥലകാലങ്ങൾക്ക് അതീതമായി നിൽക്കുന്ന അനശ്വരതാസങ്കല്പവുമാണത്. ദൃശ്യങ്ങൾക്ക് പുറകിലുള്ള കാരണവും അതുതന്നെ.

വേദകാലഘട്ടങ്ങളിൽ ഈ പൂർണ്ണതയെ അന്നത്തെ ഉദ്ഗാതാക്കളായ ഋഷിമാർ പ്രകൃത്യംശങ്ങളായി കണ്ടു. അങ്ങനെ ഇന്ദ്രനും, വായുവും, വരുണനും ദൈവങ്ങളായി. താത്വികവും സൂക്ഷ്മവുമായ അന്വേഷണം പിന്നീട് പ്രകൃതിശക്തികൾക്കെല്ലാം ആധാരമായ ബ്രഹ്മമെന്ന അദ്വൈതത്തിലേക്ക് അവനെ നയിച്ചിരിക്കാം. ഈശാവാസ്യോപനിഷത്തിന്റെ ശാന്തി മന്ത്രം പൂർണ്ണതയെക്കുറിച്ചുള്ള ആ ഋഷിയുടെ അദമ്യമായ ആത്മാവിഷ്കാരമാണ്. ഈശാവാസ്യമിദം സർവ്വം, എന്നാണ് ആ ഉപനിഷത്ത് തുടങ്ങുന്നത് തന്നെ. പ്രപഞ്ചത്തിലെല്ലാം അകവും പുറവും ഒരുപോലെ നിറഞ്ഞുനിൽക്കുന്ന പൂർണ്ണതയുടെ പൊരുളാണ് ദൈവദശകത്തിലെ ദൈവം. ഈശാവാസ്യോപനിഷത്തിനും ഗായത്രിക്കും ശേഷമുള്ള ഏക സാർവ്വജനീയ പ്രാർത്ഥനയായി ഗുരു നിത്യചൈതന്യയതി ദൈവദശകത്തെ കണ്ടതും അതുകൊണ്ടുതന്നെ. ദൈവദശകം യഥാർത്ഥത്തിൽ മറ്റൊരു ഈശാവാസ്യമാണ്. അതിനാൽ ദൈവോപനിഷത്ത് എന്ന് ഈ ദശകത്തെ വിശേഷിപ്പിച്ചാലും തെറ്റില്ല.

ഗുരുവിന്റെ സഗുണപ്രതിഷ്ഠകളുടെ അവസാനം പ്രതീകപ്രതിഷ്ഠകളായിരുന്നല്ലോ. അതുപോലെ സ്തോത്രകൃതികളിൽ സഗുണമൂർത്തികളുടെ സ്തുതികൾക്ക് ശേഷം രചിക്കപ്പെട്ട അത്യപൂർവ്വ സ്തോത്രമാണ് ദൈവദശകം. 1914 ലാണ് ഇതിന്റെ രചന. സ്തോത്രകൃതികളിൽ ഒടുവിലത്തേത് എന്നുതന്നെ പറയാം. 1924 ൽ രചിച്ച ഹോമമന്ത്രം മന്ത്രരൂപത്തിലുള്ള സ്തുതിയാണ്. പുലയർ അടക്കമുള്ള ആലുവാ അദ്വൈതാശ്രമത്തിലെ കുട്ടികൾക്ക് നിത്യേന പ്രാർത്ഥിക്കാൻ വേണ്ടി ഗുരു ചൊല്ലിക്കൊടുത്തതാണ് ദൈവദശകം. ഗുരുവിന്റെ ദർശനത്തിന്റെ സാരം മുഴുവൻ ഈ സ്തോത്രത്തിൽ ഉണ്ട്. സ്വന്തം ദർശനം പാവങ്ങൾക്കുവേണ്ടി അതിലളിതമായി രചിച്ചു നൽകി യതാണ് ദൈവദശകം എന്ന് നടരാജഗുരു ദൈവദശകത്തെ വിശേഷിപ്പിക്കുന്നുണ്ട്.

ദൈവദശകം പ്രത്യക്ഷത്തിൽ ലളിതമാണ്. അന്നവസ്ത്രാദികൾ

**സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഭൗതികമായ ജീവിതം തന്നെയാണ് മുഖ്യമായ പ്രശ്നം. വിശപ്പിന് വേദാന്തം പോര. അന്നം തന്നെ വേണം. നഗ്നത മറക്കാൻ ചിദാകാശം പോരാ, വസ്ത്രം തന്നെ വേണം. ഇതെല്ലാം മുട്ടാതെ നൽകുന്ന ദൈവം മാത്രമാണ് നമുക്ക് തമ്പുരാൻ. അനുനിമിഷം വായുവായി, വെള്ളമായി, അന്നമായി അവനുടുക്കുന്ന അവന്റെ വസ്ത്രമായി അവനോടൊപ്പം ദൈവം ഉണ്ട്. ധാന്യമായും പഞ്ഞിയായും രൂപപ്പെടുന്നത് ദൈവശക്തിയായ ഈ പ്രകൃതി തന്നെ. സവർണ്ണശക്തികൾക്കു മുന്നിൽ നട്ടെല്ലുമടക്കി മുട്ടിൽ നിന്നു ജീവിച്ചിരുന്ന ഒരു ജനതതിക്കാണ് ഗുരു ഈ പ്രാർത്ഥന പറഞ്ഞു കൊടുത്തത് എന്നു നാം ഓർക്കണം. ഗുരുവിനെ സംബന്ധിച്ചിടത്തോളം ഭൗതികതയും ആദ്ധ്യാ ത്മികതയും പരസ്പര പൂരകങ്ങളായിരുന്നല്ലോ.**

തൊട്ടുള്ള ഭൗതികകാര്യങ്ങൾ തൊട്ട് ആത്മീയതയുടെ മൗനഘനാബ്ധിവരെ ഉൾക്കൊണ്ടിട്ടുള്ള ഈ കൃതി സത്യത്തിൽ തിരുക്കുറളിനെക്കുറിച്ച് പറയുംപോലെ ഏഴാഴിയും ഉൾക്കൊണ്ട എള്ളാണ്. സ്ഥലകാലങ്ങൾക്ക് അതീതമായി ജീവരാശിയുടെ മുഴുവൻ പ്രാർത്ഥനയാണ്. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന് പ്രഖ്യാപിച്ച വിശ്വമാനവികഗുരുവിന് ഉതകുന്ന പ്രാർത്ഥന. ദൈവം എന്ന പദം ഏതുമതസ്ഥനും ഉപയോഗിക്കാം. ദിവ് എന്ന ധാതുവിന് പ്രകാശിക്കുക എന്നർത്ഥം. ദൈവമേ എന്നു തുടങ്ങുന്ന ഈ സ്തോത്രം അവസാനിക്കുന്നത് സുഖത്തിലാണ്. അഹത്തെ മാറ്റി ഉള്ളിൽ ദൈവത്തെ പ്രതിഷ്ഠിച്ചാൽ സുഖത്തിലേ ചെന്നെത്തൂ എന്ന കാര്യത്തിൽ തർക്കമില്ല. മനുഷ്യന്റെ മുഴുവൻ പ്രയത്നവും ആത്മസുഖം നേടാനാണ്. അഖിലരു മാത്മസുഖത്തിനായ് പ്രയത്നം സകലവുമിങ്ങു സദാപി ചെയ്തിടുന്നു. ജഗതിയിലിമ്മതമേകം എന്ന് ഗുരു ആത്മോപദേശ ശതകത്തിൽ പറഞ്ഞതോർക്കുക. മതമെന്ന വഴികളെല്ലാം നമ്മെ നയിക്കു ന്നത് ആത്മസുഖം എന്ന ലക്ഷ്യത്തിലേക്കാണ്. അതുതന്നെയാണ് ദൈവം. ക്രിസ്ത്യാനിയും, ഹിന്ദുവും, മുസൽമാനും, പാഴ്സിയും, കർത്താവിലൂടെ, അള്ളാവിലൂടെ, ശിവനിലൂടെ, വിഷ്ണുവിലൂടെയെല്ലാം തേടുന്നത് ഈ ദൈവത്തെയാണ്. അലയുന്ന ആത്മാക്കളുടെ അവസാനത്തെ താവളം ആത്മാനന്ദസ്വരൂപിയായ ഈ ദൈവമാണ് അതിനാൽ ദൈവദശകം ക്രിസ്ത്യാനിയുടേയോ ഹിന്ദുവിന്റേയോ ഇസ്ലാമിന്റേയോ പ്രത്യേക പ്രാർത്ഥനയല്ല. മനുഷ്യരായ മനുഷ്യരുടെ മുഴുവൻ ജീവരാശിയുടെ മുഴുവൻ പ്രാർത്ഥനയാണ്. ഒറ്റപ്പെട്ട സ്വാർത്ഥിയുടെ പ്രാർത്ഥനയുമല്ല. ഞങ്ങളുടെ മുഴുവൻ പ്രാർത്ഥനയാണ്.

ഈശ്വരസാക്ഷാത്കാരത്തിലൂടെ ഓരോ വ്യക്തിയും ആവിഷ്കരിച്ചിരുക്കുന്നത് അവനവനിൽതന്നെയുള്ള നന്മയെയാണ്. അതാണ് ദൈവം. അതിന് രൂപമില്ല. അത് ഒരു ആദിമ സ്ത്രോതസ്സാണ്. അനന്തമായ ആ ആദിമശക്തി, സ്ഥലകാലങ്ങളും എന്നല്ല സമസ്തവും ഉൾക്കൊള്ളുന്നതാണ്. അഹം ഈ ആദിമസത്തയിൽ നിന്നകന്നാൽ കൂടുതൽ കടുത്ത ദു:ഖങ്ങളിലേക്കും അലോസരങ്ങളിലേക്കുമാകും യാത്ര. ദൈവം കൈവിടാതെ കാത്താൽ മാത്രമേ അന്തിമ ലക്ഷ്യമായ സുഖത്തിലേക്ക് നമുക്ക് എത്തിച്ചേരാനാകൂ. ഉത്സവസ്ഥലത്ത് കേവലം ചെറിയൊരു നാണയത്തുട്ടുമായി പിതാവിന്റെ വിരൽതുമ്പും പിടിച്ച് വന്നെത്തുന്ന ബാലനെപ്പോലെ ഇന്ദ്രിയ പ്രലോഭനീയങ്ങളുമായ ഭൗതികാനന്ദങ്ങളുടെ നടുക്ക് തുച്ഛമായ വർഷങ്ങളുടെ ആയുസ്സുമായി വന്നെത്തുന്ന മനുഷ്യൻ, വളരെ എളുപ്പത്തിൽ ദൈവത്തിന്റെ വിരൽ തുമ്പുവിട്ട് നൈമിഷികാനന്ദങ്ങൾക്കിടയിൽ വഴി തെറ്റിപ്പോകാം. ഞങ്ങളുടെ ഈ സ്വഭാവം അറിഞ്ഞു കൊണ്ടുതന്നെയാണ് ഗുരുദേവൻ കൈവിടാതെ കാക്കണം എന്നു പ്രാർത്ഥിച്ചത്. പൂച്ചക്കുഞ്ഞിനെയെന്നവണ്ണം മാർജ്ജാരകിശോരന്യായേന ഞങ്ങളുടെ കയ്യിൽനിന്നു വിടാതെ കാത്തു രക്ഷിക്കണേ എന്ന് എടുത്തു പറഞ്ഞു കൊണ്ടാണ് ദൈവദശകം ആരംഭിക്കുന്നതുതന്നെ. ആധികളും വ്യാധികളും നിറഞ്ഞ തിരയൊടുങ്ങാത്ത പ്രപഞ്ചമാകുന്ന ആഴക്കടലിൽ ജീവിതമാകുന്ന ആവിക്കപ്പലായിരിക്കുന്നതും അതിനെ അപകടം കൂടാതെ നയിക്കുന്ന നാവികനായിരിക്കുന്നതും ദൈവം തന്നെ. നേതി നേതി പ്രക്രിയയിലൂടെ അനിത്യമായതിന്റെ പോളകൾ ഒന്നൊന്നായി മാറ്റിക്കഴിഞ്ഞാൽ എണ്ണിയാലൊടുങ്ങുമ്പോൾ ആസ്പന്ദമായി മനസ്സ് ചെന്നു

നിൽക്കുന്നിടവും ദൈവം തന്നെ. ദൃക്ദൃശ്യങ്ങളെ എണ്ണിയെങ്കിലും ഒടുവിൽ ദൃക്കും ദൃശ്യവും വിവേകവും ഒന്നായി തീരുന്നിടം, 'തൃപുടി മുടിയുന്നിടം' ദൈവത്തിലാണ്. ബൃഹദാരണ്യാകോപനിഷത്തിൽ ഉദ്ദാലകൻ ശ്വേതകേതുവിനോട് പറഞ്ഞുകൊടുക്കുന്നില്ലെ 'യത്' സഷ്യ സ ആത്മാ തത്വമസി ശ്വേത കേതോ എന്ന ആ സത്യം തന്നെയാണ് ദൃക്കൊടുങ്ങി ഉള്ളം ആസ്പന്ദമായി നിൽക്കുന്നിടം. ഹരിനാമകീർത്തനത്തിൽ എഴുത്തച്ഛൻ 'അർക്കനലാദി വെളിവൊക്കെ ഗ്രഹിക്കുമൊരു കണ്ണിനു കണ്ണ് മനമാകുന്ന കണ്ണതിന് കണ്ണായിരുന്ന പൊരുൾ താനെന്നുറയ്ക്കുമളവാനന്ദമെന്തു' ഹരി എന്ന് അത്ഭുതപ്പെടുന്നുണ്ടല്ലോ. മനസ്സിന്റെ ഓളമടങ്ങിയാൽ പിന്നെ ആനന്ദം തന്നെ.

ചിത്ത് അമരുന്ന ജഡത്തേയും ശ്രദ്ധിക്കാതിരിക്കാനാവില്ല. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഭൗതികമായ ജീവിതം തന്നെയാണ് മുഖ്യമായ പ്രശ്നം. വിശപ്പിന് വേദാന്തം പോര. അന്നം തന്നെ വേണം. നഗ്നത മറക്കാൻ ചിദാകാശം പോരാ, വസ്ത്രം തന്നെ വേണം. ഇതെല്ലാം മുട്ടാതെ നൽകുന്ന ദൈവം മാത്രമാണ് നമുക്ക് തമ്പുരാൻ. അനുനിമിഷം വായുവായി, വെള്ളമായി, അന്നമായി അവനുടുക്കുന്ന അവന്റെ വസ്ത്രമായി അവനോടൊപ്പം ദൈവം ഉണ്ട്. ധാന്യമായും പഞ്ഞിയായും രൂപപ്പെടുന്നത് ദൈവശക്തിയായ ഈ പ്രകൃതി തന്നെ. സവർണ്ണശക്തികൾക്കു മുന്നിൽ നട്ടെല്ലുമടക്കി മുട്ടിൽ നിന്നു ജീവിച്ചിരുന്ന ഒരു ജനതതിക്കാണ് ഗുരു ഈ പ്രാർത്ഥന പറഞ്ഞു കൊടുത്തത് എന്നുകൂടി നാം ഓർക്കണം. ഗുരുവിനെ സംബന്ധിച്ചിടത്തോളം ഭൗതികതയും ആദ്ധ്യാത്മികതയും പരസ്പര പൂരകങ്ങളായിരുന്നല്ലോ.

കടലും, അതിലെ തിരയും, തിരയുണർത്തുന്ന കാറ്റും അപരിമേയമായ അതിന്റെ ആഴവുമാണ് ഞങ്ങളും, മായയും, ദൈവത്തിന്റെ മഹത്വവും ദൈവവും എന്ന് നാം മനസ്സിലറിയേണ്ടിയിരിക്കുന്നു. തിരയും നുരയും പതയുമായി ചക്രവാളത്തോളം പരന്നുകിടക്കുന്ന കടലിന്റെ മുകൾപ്പരപ്പേ നാം കാണുന്നുള്ളു. ചരങ്ങളും അചരങ്ങളുമായിരിക്കുന്ന ബാഹ്യപ്രപഞ്ചത്തിന് സമാനമാണിത്. തിരയായി ഉയർന്നുകാണുന്നത് മായ. സത്യത്തിൽ അത് കടലിൽ നിന്ന് അഭിന്നമാണല്ലോ. തിരയായതെല്ലാം കടലുതന്നെ. കടലിനെ നാം കാണാതെ ആവരണം ചെയ്യുന്നതും തിരയായി അതിനെ വിക്ഷേപിക്കുന്നതും കാറ്റാണ്. അതുതന്നെ ദൈവത്തിന്റെ മഹിമ. കാറ്റിനെ എന്നപോലെ

**സത്യമായിരിക്കുന്നതും അറിവായിരിക്കുന്നതും ആനന്ദമായിരിക്കുന്നതും ദൈവമാണ്. ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെ ത്രികാലമായിരിക്കുന്നതും ദൈവമാണ്. കാലം അനാദ്യന്തമാണ്. സമയബദ്ധരായി നാം അതിനെ അടുത്ത് അറിയുന്നു എന്നത് സങ്കൽപ്പം മാത്രം. ഓതുന്ന മൊഴിയായിരിക്കുന്നതും ദൈവം തന്നെ. പ്രണവശബ്ദത്തിൽ നിന്നാണല്ലോ പ്രപഞ്ചത്തിന്റെ തുടക്കം. ആദിയിൽ വചനമുണ്ടായി, വചനം ദൈവത്തോടുകൂടെയായിരുന്നു എന്ന ബൈബിൾ വചനവും ഓർക്കുക. ക്ഷരമില്ലാതെ നാശമില്ലാതെ, അക്ഷരമായിരിക്കുന്നത് ദൈവം.**

ദൈവത്തിന്റെ ശക്തിയേയും നമുക്ക് കാണാൻ സാധിക്കുന്നില്ല. എത്ര തിര ഉയർന്നാലും എത്ര കാറ്റടിച്ചാലും മാറ്റം വരാത്ത ഒന്നുണ്ട് അതാണ് ആഴം. എല്ലാറ്റിനും അടിസ്ഥാനമായി വർത്തിക്കുന്ന ഈ ആഴമാണ് ദൈവം.

സൃഷ്ടിയും സ്രഷ്ടാവും സൃഷ്ടിജാലവും സൃഷ്ടിക്കുള്ള ഉപകരണവും ദൈവം തന്നെ. ചിത്രമെഴുതുന്നതിനു ചിത്രകാരന്റെ മനസ്സിൽ ചിത്രം രൂപം കൊള്ളുന്നതുപോലെ. ഈ പ്രപഞ്ചമത്രയും ദൈവത്തിന്റെ ഉള്ളിൽ ചിത്രരൂപത്തിൽ ഉണ്ടായിരുന്നിരിക്കണം. ഇന്ദ്രജാലക്കാരൻ രംഗത്ത് കാണിക്കുന്നതൊന്നും അയാളിൽനിന്ന് അന്യമാകുന്നില്ല. ഇന്ദ്രജാലക്കാരന്റെ മാന്ത്രികശക്തിയെ നമുക്ക് കാണാൻ സാധിക്കുന്നില്ല. ഇന്ദ്രജാലപ്രകടനം നിർത്തി, കണ്ടതെല്ലാം ഇന്ദ്രജാലമായിരുന്നു എന്ന് നമ്മെ അറിയിക്കുന്നതും അയാൾ തന്നെ. അതുപോലെ പ്രപഞ്ചമാകുന്ന മായയാൽ സ്വയം മറഞ്ഞ്, പ്രപഞ്ചകാര്യങ്ങളാകുന്ന മായയെ സൃഷ്ടിച്ച്, അതിൽ വിനോദിക്കുന്നവനും, അതേ സമയം മായാഭ്രമം നീക്കി സത്യാവസ്ഥയെ തെളിയിച്ച് സായൂജ്യം നൽകുന്നവനും ദൈവം തന്നെ.

സത്യമായിരിക്കുന്നതും അറിവായിരിക്കുന്നതും ആനന്ദമായിരിക്കുന്നതും ദൈവമാണ്. ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെ ത്രികാലമായിരിക്കുന്നതും ദൈവമാണ്. കാലം അനാദ്യന്തമാണ്.

സമയബദ്ധരായി നാം അതിനെ അടുത്ത് അറിയുന്നു എന്നത് സങ്കൽപ്പം മാത്രം. ഓതുന്ന മൊഴിയായിരിക്കുന്നതും ദൈവം തന്നെ. പ്രണവശബ്ദത്തിൽ നിന്നാണല്ലോ പ്രപഞ്ചത്തിന്റെ തുടക്കം. ആദിയിൽ വചനമുണ്ടായി, വചനം ദൈവത്തോടുകൂടെയായിരുന്നു എന്ന ബൈബിൾ വചനവും ഓർക്കുക. ക്ഷരമില്ലാതെ നാശമില്ലാതെ അക്ഷരമായിരിക്കുന്നത് ദൈവം.

അകത്തും പുറത്തും ഒരുപോലെ നിറഞ്ഞു നിൽക്കുന്നത് ദൈവമഹത്വമാണ്. ആത്മോപദേശശതകം ഒന്നാം ശ്ലോകത്തിൽ അറിവിലുമേറിയറിഞ്ഞിടുന്നവൻ തന്നുരുവിലുമൊത്തുപുറത്തു മുജ്ജ്വലിയ്ക്കും കരു എന്നാണ് ഗുരു ഈ മഹത്വത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. അകത്തിരുന്ന് കാണുന്ന ദൃക്കും പുറത്ത് ജ്വലിക്കുന്ന ദൃശ്യവും, അതിനെക്കുറിച്ച് ഉണ്ടാകുന്ന വിവേകവും ഒന്നുതന്നെ. അങ്ങനെയുള്ള ദൈവപദത്തെ പാടി പുകഴ്ത്തട്ടെ; ദീനാവന പാരായണനും ദയാസിന്ധുവുമായ ഭഗവാനോട് ജയിച്ചാലും എന്നാണ് പ്രാർത്ഥന. അർത്ഥനയോ അപേക്ഷയോ ഇല്ല. ഭഗവാന്റെ ജയം തന്നെയാണ് ഭഗവാന്റെ അംശത്തിന്റെ ജയവും.

ആഴമേറുന്ന ആ ചൈതന്യ സാഗരത്തിൽ എല്ലാവരും ആഴുമാറാകട്ടെ. നിത്യമായും സുഖമായും വാഴുമാറാകട്ടെ. ഈ ആശംസയോടെയാണ് ദൈവദശകം അവസാനിക്കുന്നത്. കടലിന്റെ ആഴത്തിൽ തിരയില്ല. അവിടെ നിത്യവും അഗാധവുമായ ജലം മാത്രം. ആ ഏകതയിൽ അമർന്നാൽ ചിരം സുഖം തന്നെ. ശ്രീരാമകൃഷ്ണപരമഹംസൻ പറയുംപോലെ ഉറുമ്പിന് ഉറുമ്പായിരുന്നാലേ പഞ്ചസാരയുടെ മധുരം അറിയാൻ പറ്റൂ. ആഴിയിൽ ഉപ്പുപാവ പോലെ അലിഞ്ഞാൽ ഉപ്പുപാവയുടെ വാഴ്‌വ് എവിടെ? ഉപ്പുപാവയ്ക്ക് അലിഞ്ഞ് തീരുംവരേയ്ക്കേ അതിന്റെ അസ്തിത്വം ഉള്ളു. അതുകഴിഞ്ഞാൽ അതും കടലുതന്നെ. താൻ ആഴിയുടെ അംശമാണെന്നറിഞ്ഞിട്ടും ഉപ്പുപാവയായിരിക്കു മ്പോഴാണ് അതിന്റെ ആനന്ദം അനുഭവവേദ്യമാകുന്നത്.

ദൈവം എന്നതിനേക്കാൾ പൂർണ്ണമായൊരാശയം മനുഷ്യൻ ഇന്നേവരെ ആവിഷ്കരിച്ചിട്ടില്ല. പക്ഷേ ആത്മാവിന്റെ ഉദാത്തമായ സ്വാതന്ത്ര്യത്തിനു വേണ്ടി മനുഷ്യൻ ആവിഷ്കരിച്ച ഈ ആശയം അവന്റെ തടവറയായി. ഏകത്വത്തിലേക്ക് നയിക്കേണ്ട ദൈവത്തിന്റെ പേരിൽ അവൻ ഹിന്ദുവും, ക്രിസ്ത്യാനിയും, മുസൽമാനും, പാഴ്സിയും, സിക്കും ആയി. ശൈവനും, വൈഷ്ണവനും, ബ്രാഹ്മണനും ചണ്ഡാലനുമായി. കാഷായവും രുദ്രാക്ഷവും കുരിശും കൊന്തയും താടിയും തലപ്പാവും കൃപാണവും ദൈവങ്ങളായി. അടിസ്ഥാനമായ ദർശനത്തിൽ നിന്നു വിട്ട് അതീവ ബാഹ്യമായ ആചാരങ്ങൾ മാത്രമായി മതങ്ങൾ. അൾത്താരയിലും ശ്രീകോവിലിലും, വിശുദ്ധ ഗ്രന്ഥങ്ങളിലും തേടുന്നത് ദൈവത്തെയാണ് എന്നവൻ മറന്നു. ഈ മറവിയെ കാലം പൊറുക്കില്ലെന്നും പൊറുത്തിട്ടില്ലെന്നും നമുക്ക് അറിയാം. ഈ മറവിയിൽ നിന്നു നമ്മെ വീണ്ടെടുക്കാൻ ദൈവദശകത്തിലെ ദൈവത്തിനേ കഴിയൂ. അത് വിശ്വത്തെ അനശ്വരവുമാക്കട്ടെ.

കവിത

## സാഷ്ടാംഗ പ്രണാമം

### എം. ജി. കണ്ടല്ലൂർ ഐരോളി

എന്റെ മനസ്സിന്റെ ശ്രീകോവിലിൽ പണ്ടേ
നിന്റെ രൂപം പ്രതിഷ്ഠിച്ചു ഞാൻ;
അന്നുതൊട്ടിന്നോളം നിൻ പാദപത്മത്തിൽ ഞാൻ
പുഷ്പാർച്ചനയും തുടർന്നിടുന്നു.
(എന്റെ....)

എൻ ശ്വാസ നിശ്വാസമുള്ളനാളത്രയും നിൻ
ദിവ്യമൂർത്തിയെയെന്നിൽ കുടിയിരുത്തും;
എങ്ങും നിറഞ്ഞു വിലസുന്ന ശ്രീപതേയെൻ
ചിത്തത്തിൽ വന്നു വിളങ്ങീടണേ;
(എന്റെ...)

നിൻ കീർത്തനാലാപ സങ്കീർത്തനങ്ങളാലെൻ
അന്തരംഗം ശുദ്ധമാക്കീടണേ;
പാപക്കറകളതൊക്കെ കഴുകിയങ്ങെൻ
ആത്മാവിനാനന്ദം നല്കീടണേ;
(എന്റെ)

അങ്ങതൻ ശ്രീ പത്മപാദാരവിന്ദത്തിൽ ഞാൻ
സാഷ്ടാംഗമെന്നും നമിച്ചീടുന്നു;
നിന്റെ ദിവ്യാത്മാവും ചൈതന്യവും ഗുരോ
എന്നുള്ളിലെന്നും സ്ഫുരിച്ചീടണേ;
(എന്റെ...)

# ശ്രീ നാരായണ ഗുരു സൂക്തങ്ങൾ ലോകജനതയ്ക്ക് അനശ്വരപ്രകാശം ചൊരിയുന്നു.

സത്യൻ താന്നിപ്പുഴ

**കേ**രളത്തിൽ നിലവിലിരുന്ന ജാതി നിയമങ്ങൾ വിചിത്രവും പരിഹാസ്യവുമായിരുന്നു. മനുഷ്യനും മനുഷ്യനും തമ്മിൽ അയിത്തവും തീണ്ടലും ആചരിച്ചു വന്നിരുന്നു.

താഴ്ന്നജാതിക്കാർ സവർണ്ണർക്ക് വഴിമാറികൊടുത്തിരുന്നു. പുലയർ വഴി നടക്കുമ്പോൾ ഒച്ചയിട്ടു വിവരമറിയിച്ചു. ഓരോ ജാതിക്കും തീണ്ടാപ്പാടകലം നിശ്ചയിച്ചുനിർത്തി. നായർക്ക് നമ്പൂതിരിയുടെ പന്ത്രണ്ടടി അടുത്തുവരെ മാത്രമേ ചെല്ലാൻ അനുമതിയുണ്ടായിരുന്നുള്ളൂ. ഈഴവന് നായരുടെ അറുപത്തിനാലടിവരെ അടുത്തുചെല്ലാമായിരുന്നു. പുലയൻ ഈഴവന്റെ നൂറടി അകലെ നിന്നു. തീണ്ടൽ നിയമങ്ങൾ അന്നാരും ലംഘിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല.

ആ കാലഘട്ടത്തിൽ സ്വർണ്ണാഭരണങ്ങൾ ധരിക്കാൻ ഈഴവർക്കും മറ്റു പിന്നോക്കസമുദായക്കാർക്കും അവകാശമുണ്ടായിരുന്നില്ല. സ്വർണ്ണാഭരണങ്ങൾ ധരിക്കുവാനുള്ള അവകാശം ബ്രാഹ്മണർക്കും ക്ഷത്രിയർക്കും നായന്മാർക്കും മാത്രം. കീഴ്ജാതിയിലെ സ്ത്രീകൾക്ക് മാറ് മറച്ചു വസ്ത്രംധരിക്കുവാനുള്ള അവകാശമില്ലായിരുന്നു. ഹിന്ദുസമുദായത്തിലെ അവർണ്ണവിഭാഗത്തിന് അവകാശങ്ങൾ നിഷേധിക്കുകയും സവർണ്ണർ ഭരണമേധാവികളായിത്തീരുകയും ചെയ്തു.



ആ കാലത്ത് കെട്ടുകല്യാണവും തിരണ്ടുകല്യാണവും കഴിഞ്ഞതിനുശേഷം മാത്രമേ ഒരു പെൺകുട്ടിക്ക് വിവാഹിതയാകാൻ അർഹതയുണ്ടായിരുന്നുള്ളൂ. ഒരു പെൺകുട്ടി പിറന്നാൽ പത്തുവയസ്സു കഴിയുന്നതിനു മുൻപ് ഒരു പുരുഷനെക്കൊണ്ടു താലികെട്ടിച്ചിരുന്നു. അതിനു സദ്യയും മറ്റുചെലവുകളും വേണ്ടി വ

ന്നിരുന്നു. ഈ താലികെട്ടുന്നവൻ പെൺകുട്ടിയുടെ ഭർത്താവാകുകയില്ല. കെട്ടാത്ത പെൺകുട്ടിയെ വിവാഹം കഴിക്കാൻ പാടില്ലെന്നായിരുന്നു അന്നത്തെ ആചാരം.

ജാതിയും മതവും അടിച്ചേൽപ്പിച്ച അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലവിലിരുന്ന ആ കാലഘട്ടത്തിൽ കൊല്ലവർഷം 1031 (1855) ചിങ്ങമാസത്തിലെ ചതയം നാളിൽ തിരുവനന്തപുരത്തിനു പന്ത്രണ്ടു കിലോമീറ്റർ വടക്ക് ചെമ്പഴന്തി ഗ്രാമത്തിൽ വയൽവാരം വീട്ടിൽ കുട്ടിയമ്മയുടേയും കൊച്ചു വിളയിൽ മാടനാശാന്റേയും മകനായി നാരായണൻ ജനിച്ചു.

ആ ദമ്പതികൾക്ക് മൂന്നു പെൺമക്കൾ കൂടിയുണ്ടായിരുന്നു. നാരായണനെ നാണു എന്നാണ് വിളിച്ചിരുന്നത്. നാണു സമർത്ഥനായി വളർന്നു. അഞ്ചാം വയസ്സിൽ എഴുത്തിനിരുത്തി. ചെമ്പഴന്തി മൂത്തപിള്ളയുടെയടുത്ത് നിലത്തെഴുത്തും പ്രാഥമിക പാഠങ്ങളും പഠിച്ചു. പിന്നീട് സംസ്കൃതം പഠിച്ചു. നാണുവിന്റെ അമ്മാവൻ കൃഷ്ണൻവൈദ്യർ അനന്തരവന്റെ വിദ്യാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. നാണുവിനെ ഗുരുകുലത്തിലയച്ച് പഠിപ്പിക്കുവാൻ തീരുമാനിച്ചു. വാരണപ്പള്ളിയിൽ കുമ്മംപള്ളി രാമൻ പിള്ള ആശാന്റെ കീഴിൽ മൂന്നുവർഷം പഠിച്ചു. ഗുരുകുലവിദ്യാഭ്യാസം അവസാനിച്ചതോടുകൂടി അദ്ദേഹം ഒരു പണ്ഡിതനായി മാറിക്കഴിഞ്ഞിരുന്നു. വീട്ടുകാർ നാണുവിന് ഒരു പള്ളിക്കൂടം സ്വന്തമായി സ്ഥാപിച്ചുകൊടുത്തു. നാണു കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിച്ചു. അങ്ങനെ നാണു നാണുആശാനായി.

നാണുവിന് സന്യാസിമാരോട് വലിയ സ്നേഹമായിരുന്നു. ആത്മീയ ജീവിതത്തോട് താല്പര്യം ജനിച്ച നാണുവിനെ വിവാഹം കഴിപ്പിക്കാൻ വീട്ടുകാർ തീരുമാനിച്ചു. നെടുങ്ങണ്ടയിലുള്ള ഉടയാൻകുഴി വീട്ടിലെ കാളിയമ്മയെ നാണുവിനെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ അച്ഛനും ബന്ധുക്കളും തീരുമാനിച്ചു. വിവാഹത്തിന് നാണുവിന് സമ്മതമുണ്ടായിരുന്നില്ല. അന്നത്തെ ആചാരമനുസരിച്ച് നാണുവിന്റെ സഹോദരി കാളിയമ്മയ്ക്ക് പുടവകൊടുത്തു. നാണു വധുവിനെ കാണാൻ പോലും പോയില്ല.

1884-ൽ മാടനാശാൻ മരിച്ചു. ലൗകികജീവിതത്തിൽ വിരക്തി തോന്നിയ നാണു സന്യാസം സ്വീകരിക്കാൻ തീരുമാനിച്ചു. പിതാവിന്റെ മരണശേഷം വീടുമായുള്ള സകല ബന്ധങ്ങളും ഉപേക്ഷിച്ചു. വീടുവിട്ടിറങ്ങി ഊരുചുറ്റിനടന്നു. ആ സന്ദർഭത്തിൽ കുഞ്ഞൻപിള്ള ചട്ടമ്പിയുമായി പരിചയപ്പെട്ടു. ഇദ്ദേഹമാണ് പിന്നീട്

**ജാതിയുടേയും മതത്തിന്റേയും പേരിൽ നിലവിലിരുന്ന അനാചാരങ്ങളെ തുടച്ചുമാറ്റി വിപ്ലവകരമായ പരിവർത്തനം സൃഷ്ടിച്ച ഗുരുദേവൻ നിരവധി ഉപദേശങ്ങൾ സമൂഹത്തിനു നൽകി. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്. ജാതി ചോദിക്കരുത് പറയരുത് വിചാരിക്കരുത്. മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി. മദ്യം വിഷമാണ് അത് ഉണ്ടാക്കരുത് കൊടുക്കരുത്, കുടിക്കരുത് എന്ന് ഗുരു ഉദ്ബോധിപ്പിച്ചു. ഗുരുദേവൻ ദിവ്യദൃഷ്ടികൊണ്ട് പല കാര്യങ്ങളും ഗ്രഹിച്ചിരുന്നു. ഭ്രാന്ത്, അപസ്മാരം തുടങ്ങിയ രോഗങ്ങളും ഗുരുവിന്റെ ദർശനം കൊണ്ട് മാറിയിരുന്നു.**

ചട്ടമ്പിസ്വാമികളായി മാറിയത്. ഇരുവരും ഒരുമിച്ച് തൈക്കാട്ട് അയ്യാവിന്റെ അടുത്തുപോയി. സുബ്രഹ്മണ്യോപാസകനായ അയ്യാവിൽ നിന്ന് യോഗാഭ്യാസം പഠിച്ചു. അതിനുശേഷം കന്യാകുമാരിക്കടുത്തുള്ള മരുത്വാമലയിൽ പിള്ളത്തടം ഗുഹയിൽ പോയിരുന്നു തപസ്സു ചെയ്തു. മരുത്വാ മലയിൽ അരിയാഹാരം കഴിക്കാതെ കായ്കനികൾ ഭക്ഷിച്ചാണ് തപസ്സനുഷ്ഠിച്ചത്. മരുത്വാ മലയിൽ നിന്നിറങ്ങി അരുവിപ്പുറത്തുള്ള ഗുഹയിലും കുറേക്കാലം തപസ്സുചെയ്തു. ശ്രീനാരായണഗുരു എന്നപേരിൽ പ്രസിദ്ധനായി.

1888-ൽ അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി. ഈഴവന് ശിവനെ പ്രതിഷ്ഠിക്കുവാൻ അവകാശമില്ലന്ന് ബ്രാഹ്മണർ പറഞ്ഞു. മേൽജാതിക്കാരുടെ വിമർശനത്തിന് ഗുരു നൽകിയ മറുപടി നാം പ്രതിഷ്ഠിച്ചത് നമ്മുടെ ശിവനെയാണ് എന്നായിരുന്നു. കേരള നവോത്ഥാനത്തിനു നാന്ദി കുറിച്ച സംഭവമാണ് ഈ ക്ഷേത്രപ്രതിഷ്ഠ. പുളികുടി, കെട്ടുകല്യാണം, തിരണ്ടുകല്യാണം തുടങ്ങിയ ധൂർത്തമായ ആചാരങ്ങൾ ഉപേക്ഷിക്കുവാൻ ജനങ്ങളെ ഉപദേശിച്ച ഗുരു തികഞ്ഞ ഒരു സാമൂഹ്യ പരിഷ്കർത്താവായിരുന്നു. മൈസൂറിൽ ഉദ്യോഗസ്ഥനായിരുന്ന ഡോക്ടർ പല്പു, കുമാരനാശാൻ തുടങ്ങിയവർ ഗുരുവിന്റെ ആദർശങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിച്ചു. 1903 മെയ് 15 ന് ശ്രീനാരായണ ഗുരുവിന്റെ ആശിസ്സുകളോടെ ശ്രീ

നാരായണധർമ്മ പരിപാലനയോഗം രജിസ്റ്റർ ചെയ്തു. ശ്രീ നാരായണധർമ്മം പ്രചരിപ്പിക്കുവാൻ നിരവധി ശാഖകൾ കേരളമൊട്ടാകെ രൂപീകരിച്ചു. സമുദായത്തെ ഉദ്ധരിക്കുവാൻ എല്ലാവരും സംഘടനയിൽ ചേരുവാൻ ഗുരു ആഹ്വാനം ചെയ്തു.

സംഘടനകൊണ്ട് ശക്തരാവുക
വിദ്യകൊണ്ട് സ്വതന്ത്രരാവുക

ഗുരു ഉപദേശിച്ചു.

ഗുരു നിരവധി ക്ഷേത്രങ്ങളും ആശ്രമങ്ങളും സ്ഥാപിച്ചു. കേരളത്തിന്റെ പലഭാഗങ്ങളിലും കർണ്ണാടകത്തിലും ഗുരു പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളുണ്ട്. ശിവനും സുബ്രഹ്മണ്യനുമാണ് മിക്കക്ഷേത്രങ്ങളിലും പ്രതിഷ്ഠിച്ചിരിക്കുന്നത്. 1912-ൽ ശിവഗിരിയിൽ വിദ്യാദേവതയായ ശാരദയുടെ പ്രതിഷ്ഠനടത്തി. ജാതിയുടേയും മതത്തിന്റേയും പേരിൽ നിലവിലിരുന്ന അനാചാരങ്ങളെ തുടച്ചുമാറ്റി വിപ്ലവകരമായ പരിവർത്തനം സൃഷ്ടിച്ച ഗുരുദേവൻ നിരവധി ഉപദേശങ്ങൾ സമൂഹത്തിനു നൽകി. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്. ജാതി ചോദിക്കരുത് പറയരുത്, വിചാരിക്കരുത് . മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി. മദ്യം വിഷമാണ് അത് ഉണ്ടാക്കരുത് കൊടുക്കരുത്, കുടിക്കരുത് എന്ന് ഗുരു ഉദ്ബോധിപ്പിച്ചു. ഗുരുദേവൻ ദിവ്യദൃഷ്ടികൊണ്ട് പല കാര്യങ്ങളും ഗ്രഹിച്ചിരുന്നു. ഭ്രാന്ത്, അപസ്മാരം തുടങ്ങിയ രോഗങ്ങളും ഗുരുവിന്റെ ദർശനം കൊണ്ട് മാറിയിരുന്നു.

അദ്വൈതസിദ്ധാന്തത്തിന്റെ കാഹളം മുഴക്കി നടന്ന ശ്രീ നാരായണഗുരു പെരിയാറിന്റെ തീരത്തുവന്ന് ശിവരാത്രി മണപ്പുറവും പരിസരവും കാണുവാനിട വന്നു. തനിക്കിരിക്കുവാൻ ഒരാശ്രമം ആലുവാ പ്രദേശത്തു വേണമെന്ന് ഗുരു അന്നേ നിനച്ചു. പട്ടണത്തിന്റെ ഹൃദയഭാഗത്ത് പെരിയാറിന്റെ തീരത്ത് ശിവരാത്രി മണൽപ്പുറത്തിനഭിമുഖമായി ഫലവൃക്ഷാദികൾകൊണ്ട് നിറഞ്ഞ മനോഹരമായ അഞ്ചേക്കറിൽ പരം സ്ഥലം ഗുരു ആശ്രമത്തിനായി തെരഞ്ഞെടുത്തു. ശിവഗിരിയിൽ ശാരദാപ്രതിഷ്ഠ നടത്തി കുറച്ചു ദിവസത്തിനു ശേഷം ശിഷ്യനുമൊരുമിച്ച് ഗുരു കാർത്തികപ്പള്ളിയിലുള്ള ഒരു ഭക്തന്റെ വീട്ടിൽ ചെന്നു. ആലുവായിൽ ഒരാശ്രമം സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റി ചർച്ച ചെയ്തു തീരുമാനമെടുത്തു. ഗുരു ശിഷ്യന്മാരുമൊന്നിച്ച് നാടിന്റെ നാനാ ഭാഗങ്ങളിലും സഞ്ചരിച്ച് പണം സ്വരൂപിച്ച് സ്ഥലം വാങ്ങി. അവിടെയാണ് അദ്വൈതാശ്രമം സ്ഥാപിച്ചിരിക്കുന്നത്. 1914-ൽ അദ്വൈതാശ്രമത്തോടനുബന്ധിച്ച് സംസ്കൃത വിദ്യാശാല പ്രവർത്തനമാരംഭിച്ചു. ജാതി മത വ്യത്യാസമില്ലാതെ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാൻ ഇവിടെ ഏർപ്പാടു ചെയ്തു. അറിവിന്റെ കനി തേടി നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ആശ്രമത്തിൽ വന്നു താമസിച്ചു പഠിച്ചു. ആലുവാ അദ്വൈതാശ്രമത്തിൽ ശ്രീനാരായണ ഗുരുദേവൻ ക്ഷേത്രം പണിയിച്ച് പ്രതിഷ്ഠ നടത്തിയില്ല. ഗുരുവിന്റെ ദർശനങ്ങളും തത്വങ്ങളും മനസ്സിലാക്കിയ ശിഷ്യന്മാരോട് അവർണ്ണർക്കും സവർണ്ണർക്കും മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും ഒന്നിച്ചിരുന്ന് ജ്ഞാനതൃഷ്ണ ശമിപ്പിക്കാൻ അവസരമുണ്ടാക്കുകയാണ് വേണ്ടതെന്ന് പ്രത്യേകം നിർദ്ദേശിച്ചു. നിരവധി ഭക്തന്മാർ ആശ്രമത്തിൽ വന്നു ഗുരുമന്ദിരത്തിന്റെ അങ്കണത്തിൽ നിരത്തിയിരിക്കുന്ന ആറ്റുമണലിൽ പടിഞ്ഞിരുന്ന് പ്രാർത്ഥിച്ച് തങ്ങളുടെ ജീവിത ദു:ഖങ്ങൾക്ക് പരിഹാരം കണ്ട് മടങ്ങുന്നു. ശ്രീനാരായണഗുരുദേവന്റെ ധർമ്മ സ്ഥാപനങ്ങളിൽ ഏറ്റവും പ്രശസ്തിയാർജ്ജിച്ചത് ആലുവാ അദ്വൈതാശ്രമമാണ്. ആശ്രമപ്രവേശന കവാടത്തിന്റെ ശില്പകലയുടെ ഭംഗി ആരേയും ഹഠാദാകർഷിക്കുന്നതാണ്. കിരീടാകൃതിയിലുള്ള മേൽ ഗോപുരത്തോടുകൂടിയ ഗുരുമന്ദിരം മനോഹരമാണ്. അതോടനുബന്ധിച്ച് തന്നെ ആശ്രമമന്ദിരവും നിലകൊള്ളുന്നു. ഏഷ്യയിൽ ഇദംപ്രഥമമായി 1924 മാർച്ച് മാസത്തിൽ ശ്രീനാരായണഗുരുദേവൻ ആലുവാ അദ്വൈതാശ്രമത്തിൽ വച്ച് സർവ്വമതസമ്മേളനം വിളിച്ചുകൂട്ടി. ''വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ്'' എന്ന സന്ദേശം യോഗത്തിൽ വച്ചു നൽകി. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ബുദ്ധമതക്കാരും ഈ മതമഹാസമ്മേളനത്തിൽ സംബന്ധിച്ച് ആശയങ്ങളും അഭിപ്രായങ്ങളും കൈമാറി.

1928 സെപ്തംബർ 20-ാം തീയതി (കന്നി-5) ശ്രീ നാരായണഗുരുദേവൻ സമാധിയായി. ശിവഗിരികുന്നിൽ പ്രത്യേകം നിശ്ചയിച്ച സ്ഥാനത്ത് ഗുരുദേവനെ സമാധിയിരുത്തി. ആ സ്ഥാനത്ത് മനോഹരമായ സമാധി മന്ദിരം ഉയർന്നു. വർഷംതോറും ലക്ഷക്കണക്കിനാളുകൾ ഗുരുദേവസ്മരണയ്ക്കായി ശിവഗിരി തീർത്ഥാടനം നടത്തുന്നു. വിശ്വസാഹോദര്യവും സർവ്വമത മൈത്രിയും ലോകശാന്തിയും വിളിച്ചറിയിക്കുന്ന ശ്രീനാരായണഗുരു സൂക്തങ്ങൾ ലോകജനതയ്ക്ക് അനശ്വരപ്രകാശം ചൊരിയുന്നു.

# ബാഹുലേയാഷ്ടകം: ധ്യാനയോഗ സാധന

കണ്ണറ വിജയകുമാർ



ഈശ്വരന്റെ സ്വരൂപത്തെത്തന്നെയുള്ള നിരന്തര സ്മരണയാണ് ധ്യാനം. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള പരമൈക്യത്തിന് യോഗം എന്നു പറയുന്നു. സാധന എന്നാൽ അഭ്യസിക്കുക. ധ്യാനയോഗ സാധനയ്ക്ക് നാരായണഗുരു രചിച്ചിട്ടുള്ള മഹത്തായ ഒരു കൃതിയാണ് ബാഹുലേയാഷ്ടകം.

യോഗമെന്നാലെന്തെന്നോ എന്തിനെന്നോ അധികം ആളുകൾക്കും വിസ്മയമാണ്. കർമ്മയോഗം, ഭക്തിയോഗം, ജ്ഞാനയോഗം, ജപയോഗം, തപയോഗം, ലയയോഗം, കുണ്ഡലിനീയോഗം, മന്ത്രയോഗം, തന്ത്രയോഗം, ധ്യാനയോഗം എന്നീ വിവിധ രീതിയിലുള്ള യോഗസമ്പ്രദായങ്ങളുണ്ട്. ഇതിൽ ഏത് സമ്പ്രദായമാണ് സ്വീകരിക്കേണ്ടതെന്ന് ഒരു സാധകന് ആശയക്കുഴപ്പമുണ്ടാക്കുന്നു.

സ്ഥാപിത താല്പര്യക്കാരായ ഗുരുക്കന്മാർ പറഞ്ഞു കൊടുക്കുന്നതെന്തോ അതാണ് ശരിയായ മാർഗ്ഗമെന്നു ധരിച്ച് അന്ധരെപ്പോലെ ആ വഴി പിന്തുടരുന്നു. ഭൗതിക സമ്പത്തുക്കളും ആസ്തികളും സ്വരൂപിച്ച് സ്വാർത്ഥ ന്മാരായി സുഖജീവിതം നയിക്കുകയാണ് ഈ ഗുരു ക്കന്മാരുടെ മാർഗ്ഗവും ലക്ഷ്യവും. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നു എന്ന ന്യായം ചരിത്രാതീതകാലം മുതൽ സംഭവിച്ചു കൊണ്ടേ യിരിക്കുന്നു.

യോഗസമ്പ്രദായങ്ങൾക്ക് യുഗങ്ങളോളം പഴക്കമുണ്ട്. ജനകമഹാരാജാവിന്റേയും ദശരഥ മഹാരാജാവി



**മനുഷ്യശരീരത്തിൽ എഴുപത്തീരായിരം നാഡികളാണുള്ളത്. ഈ നാഡികൾ ഷഢാധാരചക്രങ്ങളിൽ സന്ധിക്കുന്നു.. ഗുദത്തിനു പിൻഭാഗത്തുനിന്നാരംഭിച്ച് കണ്ഠനാളത്തിനു പിൻഭാഗം വരെ മനുഷ്യ ശരീരത്തിന്റെ പിൻഭാഗത്ത് നട്ടെല്ല് സ്ഥിതിചെയ്യുന്നു. നട്ടെല്ലിന്റെ താഴെനിന്നും മുകൾഭാഗംവരെ മൂന്നു നാഡികൾ സ്ഥിതിചെയ്യുന്നു. വലതുവശത്തുകൂടി പിംഗളയും ഇടതുഭാഗത്തുകൂടി ഇഡയും മദ്ധ്യഭാഗത്തുകൂടി സുഷുമ്നാനാഡിയും കടന്നു പോകുന്നു. ഷഢാധാര ചക്രത്തിൽ (എൻഡോക്രിൻ ഗ്ലാൻഡ്സ്) ആറു ചക്രങ്ങൾ ഉണ്ട്. ഈ ചക്രങ്ങൾ സുഷുമ്നാനാഡിയിൽ സ്ഥിതി ചെയ്യുന്നു. ഓരോ ചക്രത്തെയും താമരപ്പൂവിനോടും അതിന്റെ ദളത്തോടും ഉപമിച്ചിരിക്കുന്നു.**

ന്റേയും എഴുപത്തിരണ്ടു തലമുറകൾക്കു മുമ്പുമുതൽ ഋഷീശ്വരന്മാർ വിവിധ യോഗസമ്പ്രദായങ്ങൾ അനുഷ്ഠിച്ചുവന്നിരുന്നു. ഇവയെ എല്ലാം ക്രോഡീകരിച്ച് ഏവർക്കും അഭ്യസിക്കാവുന്ന രീതിയിൽ പതഞ്ജലി മഹർഷി ആവിഷ്കരിച്ച സമ്പ്രദായം പതഞ്ജലി യോഗസൂത്രമെന്നും രാജയോഗം എന്നും അറിയപ്പെടുന്നു. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ എട്ടു പടികളടങ്ങുന്ന പതഞ്ജലി യോഗസൂത്രത്തെ അഷ്ടാംഗയോഗം എന്നു പറയുന്നു.

ശ്രദ്ധാപൂർവ്വം അർപ്പണമനോഭാവത്തോടുകൂടി എതൊരാൾക്കും അനുഷ്ഠിക്കാവുന്നതാണ് ധ്യാനയോഗം സാധന. സ്ഥിതപ്രജ്ഞനായ ഒരു ഗുരുവിന്റെ ശിക്ഷണത്തിൽ സാധന അഭ്യസിക്കുക. ഗു = അന്ധകാരം, അജ്ഞത. രു = വെളിച്ചം, ജ്ഞാനം. ഗുരു = അജ്ഞതയെ നീക്കി ജ്ഞാനത്തെ പ്രദാനം ചെയ്യുന്നവൻ.

ഗുരുസാക്ഷാൽ പരംബ്രഹ്മ:
സർവ്വം ഖല്വിദം ബ്രഹ്മം
തജ്ജലാനിതിശാന്ത ഉപാസിത:

സർവ്വ ചരാചരങ്ങളും ബ്രഹ്മത്തിൽനിന്നും ജാതമായി. ഈ ശാശ്വത സത്യം സദാസമയവും സ്മരിക്കുക.

ബ്രഹ്മത്തിൽ നിന്നും ആകാശവും ആകാശത്തിൽ നിന്നും വായുവും, വായുവിൽനിന്നും അഗ്നിയും അഗ്നിയിൽ നിന്നും ജലവും, ജലത്തിൽ നിന്നും പൃഥിയും ജാതമായി. ഈ അഞ്ചു വസ്തുക്കളും കൂടി ചേർന്നത് പഞ്ചഭൂതം. പഞ്ചഭൂതാത്മകമാണ് മനുഷ്യരും പക്ഷിമൃഗാദികളും. പക്ഷിമൃഗാദികളെ അപേക്ഷിച്ച് മനുഷ്യർക്ക് വിവേചനശേഷിയും സംസാര ശേഷിയുമുണ്ടെന്നുള്ളതാണ് വ്യത്യാസം. പഞ്ചഭൂതങ്ങളുടെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് മനുഷ്യരും പക്ഷിമൃഗാദികളും വിവിധ രോഗങ്ങൾക്ക് അടിമയാകുന്നു.

പ്രപഞ്ചത്തിന്റെ മൂലശക്തിയാണ് ബ്രഹ്മം. അഥവാ പരബ്രഹ്മം. സച്ചിദാനന്ദം പരബ്രഹ്മസ്വരൂപമാണ്. സത്ത് =സത്യം, അസ്തിത്വം, ചിത്ത് = ജ്ഞാനം, പ്രകാശം, ആനന്ദം = സന്തോഷം, സംതൃപ്തി, ബ്രഹ്മത്തിന് പരബ്രഹ്മമെന്നും അപരബ്രഹ്മമെന്നും രണ്ടു രൂപങ്ങളുണ്ട്. പരബ്രഹ്മം അമൂർത്തമാണ്. പരബ്രഹ്മം പരമാത്മാവെന്നും നിർഗുണബ്രഹ്മമെന്നും അറിയപ്പെടുന്നു. അപരബ്രഹ്മം മൂർത്തമാണ് സർവ്വ ജഗത്തും ചരാചരങ്ങളും അപരബ്രഹ്മമാണ്. നാമരൂപങ്ങൾക്കതീതമായ പരബ്രഹ്മത്തിന്റെ പ്രത്യക്ഷഭാവങ്ങളാണ് ബ്രഹ്മവിഷ്ണു മഹേശ്വരന്മാരും മറ്റു സകല ദേവീദേവന്മാരും. അദ്വൈതസിദ്ധാന്തമനുസരിച്ച് പരബ്രഹ്മത്തെ വിവിധരൂപങ്ങളിൽ ധ്യാനിക്കുന്നു. ധ്യാനസാധനയിലുണ്ടാകുന്ന സാധാരണ തടസ്സങ്ങളെ നീക്കുന്നതിന് പ്രാരംഭകാലത്ത് വളരെ സഹായകരമാണ് സഗുണോപാസന. ധ്യാനപുരോഗതിയിൽ ബുദ്ധിയും ഇച്ഛാശക്തിയും ആത്മചേതനയും ഉണർത്തപ്പെട്ട് ശരീരത്തിനും മനസ്സിനും ഊർജ്ജസ്വലതയും ശാന്തിയും അനുഭവപ്പെടുന്നു. ധ്യാനത്തിന്റെ പരകോടിയിൽ എല്ലാ രൂപഭാവങ്ങളും ലീനമായി ആത്മീയതയുടെ ഉന്നതപദവിയിലേക്കുയരുന്നു.

മനുഷ്യശരീരത്തിൽ എഴുപത്തീരായിരം നാഡികളാണുള്ളത്. ഈ നാഡികൾ ഷഢാധാരചക്രങ്ങളിൽ സന്ധിക്കുന്നു. ഗുദത്തിനു പിൻഭാഗത്തുനിന്നാരംഭിച്ച് കണ്ഠനാളത്തിനു പിൻഭാഗം വരെ മനുഷ്യശരീരത്തിന്റെ പിൻഭാഗത്ത് നട്ടെല്ല് സ്ഥിതിചെയ്യുന്നു. നട്ടെല്ലിന്റെ താഴെനിന്നും മുകൾഭാഗംവരെ മൂന്നു നാഡികൾ സ്ഥിതിചെയ്യുന്നു. വലതുവശത്തുകൂടി

പിംഗളയും ഇടതുഭാഗത്തുകൂടി ഇഡയും മദ്ധ്യഭാഗത്തുകൂടി സുഷുമ്നാനാഡിയും കടന്നു പോകുന്നു. ഷഢാധാരചക്രത്തിൽ (എൻഡോക്രിൻ ഗ്ലാൻഡ്സ്) ആറു ചക്രങ്ങൾ ഉണ്ട്. ഈ ചക്രങ്ങൾ സുഷുമ്നാ നാഡിയിൽ സ്ഥിതി ചെയ്യുന്നു. ഓരോ ചക്രത്തെയും താമരപ്പൂവിനോടും അതിന്റെ ദളത്തോടും ഉപമിച്ചിരിക്കുന്നു.

**1. മൂലാധാര ചക്രം (ഗൊണാഡ്)**

ഗുദത്തിനുമുകളിൽ മൂലാധാര ചക്രം സ്ഥിതി ചെയ്യുന്നു. സുഷുപ്താവസ്ഥയിൽ കുണ്ഡലിനീ ശക്തിയുടെ സ്ഥാനം മൂലാധാര ചക്രത്തിലാണ്. ഈ പത്മത്തിലെ (താമര) നാലുദളങ്ങൾക്ക് വ, സ, ഷ, സ എന്ന നാലു ബീജാക്ഷരങ്ങളാണുള്ളത്.

**2. സ്വാധിഷ്ഠാനചക്രം (അഡ്രീനൽ)**

മൂലാധാരചക്രത്തിനു മുകളിലായി ലിംഗദേശത്ത് സ്വാധിഷ്ഠാനചക്രം സ്ഥിതിചെയ്യുന്നു. ബ, ഭ, മ, യ,ര.ല എന്നീ ആറു ബീജാക്ഷരങ്ങളാണ് ഈ പത്മത്തിലുള്ളത്.

**3. മണിപൂരകചക്രം. (പാൻക്രിയാസ്)**

നാഭീദേശത്തിനു പിന്നിൽ നട്ടെല്ലിലുള്ള സുഷുമ്നാ നാഡിയിൽ മണിപൂരകചക്രം സ്ഥിതിചെയ്യുന്നു. ഡ, ഢ, ണ, ത, ഥ, ദ, ധ, ന, പ, ഫ എന്നീ പത്ത് ബീജാക്ഷരങ്ങളാണ് ഈ പത്മത്തിലുള്ളത്.

**4. അനാഹതചക്രം (തൈമസ്)**

ഹൃദയത്തിനു പിന്നിൽ സുഷുമ്നാനാഡിയിൽ അനാഹതചക്രം സ്ഥിതിചെയ്യുന്നു. ക, ഖ, ഗ, ഘ, ങ, ച, ഛ, ജ, ഝ, ഞ, ട, ഠ എന്നീ പന്ത്രണ്ട് ബീജാക്ഷരങ്ങൾ ഈ പത്മത്തിൽ സ്ഥിതിചെയ്യുന്നു.

**5. വിശുദ്ധി ചക്രം ( തൈറോയ്ഡ്, പാരാതൈറോയ്ഡ്)**

കണ്ഠദേശത്ത് സുഷുമ്നാ നാഡിയിൽ വിശുദ്ധി ചക്രം സ്ഥിതിചെയ്യുന്നു. അ, ആ, ഇ, ഈ, ഉ, ഊ, ഋ, ൠ, എ, ഏ, ഐ, ഒ, ഓ, ഔ, അം, അ: എന്നീ പതിനാറു സ്വരാക്ഷരങ്ങളടങ്ങിയ ബീജാക്ഷരങ്ങളാണ് ഈ പത്മത്തിലുള്ളത്.

**6. ആജ്ഞാചക്രം ( പിനിയൽ)**

ഭ്രൂമദ്ധ്യ ദേശത്ത് (തിരുനെറ്റി) സുഷുമ്നാനാഡിയുടെ അഗ്രത്തിൽ ആജ്ഞാചക്രം സ്ഥിതിചെയ്യുന്നു. ഈ പത്മത്തിൽ ഹ, ക്ഷ എന്ന ബീജാക്ഷരങ്ങൾ സ്ഥിതിചെയ്യുന്നു. ഇഡാ, പിംഗള നാഡികൾ ഭ്രൂമദ്ധ്യത്തിൽ സംയോജിക്കുന്നു. നിരന്തരമായുള്ള ഇഷ്ടദേവതാ ധ്യാനം മൂലാധാരത്തിൽ നിന്ന് ആരംഭിക്കുന്നു. മൂലാധാരത്തിൽ കുണ്ഡലിനീശക്തി സുഷുപ്താവസ്ഥയിൽ സ്ഥിതിചെയ്യുന്നു. ധ്യാനത്തിന്റെ ഫലമായി കുണ്ഡലിനിയിലെ മേധാശക്തി അനാഹത ചക്രത്തിൽ (ഹൃദയത്തിൽ) എത്തുന്നു. മനുഷ്യശരീരത്തിൽ പാദം മുതൽ ശിരസ്സുവരെ എഴുപത്തീരായിരം നാഡികളുണ്ട്. ഹൃദയത്തിൽ നിന്നും ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽകൂടി നടക്കുന്ന രക്തചംക്രമണം ശ്രവണഗോചരമല്ല. രക്തചംക്രമണത്തിന്റെ ധ്വനിയാണ് നാദം. നിരന്തര ധ്യാന സാധനയുടെ ഫലമായി രക്തചംക്രണനാദം ശ്രവണഗോചരമാകുന്നു. പടിപടിയായുള്ള ധ്യാന സാധനയുടെ ഫലമായി വിശുദ്ധിചക്രവും ആജ്ഞാ ചക്രവും പ്രവർത്തനക്ഷമമാകുന്നു. സംസാരശേഷിയും സ്വരശുദ്ധിയും വാഗ്മിത്വവും നേതൃപാടവവും പ്രോജ്ജ്വലിതമാകുന്നു. ധ്യാനം പുരോഗമിച്ച് ശിരസ്സിന്റെ മേലറ്റത്തുള്ള സഹസ്രാരപത്മത്തിലെത്തുന്ന. സാധകന് ഒരു ആനന്ദാനുഭൂതി അനുഭവപ്പെടുന്നു.

എളുപ്പമായുള്ള വഴിയെക്കാണു-
മ്പോളിടക്കിടെയാറു പടിയുണ്ടാം
പടിയാറും കടന്നവിടെച്ചെല്ലുമ്പോൾ
ശിവനെക്കാണാകും ശിവശംഭോ
ശിവശംഭോ ശംഭോ ശിവശംഭോ
ശിവം = മംഗളം, ശുഭാന്തം

തന്ത്രയോഗം മനുഷ്യനെ പരമോന്നതിയിലേക്ക് നയിക്കുന്നതിനുള്ള ഒരു സമ്പ്രദായമാണ് ബീജാക്ഷരീ മന്ത്രധ്യാനം. ചില ബീജാക്ഷരങ്ങൾ സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും കൂടിച്ചേർന്നതുമാണ്.

ഓം - പ്രണവമന്ത്രം
ഓമിത്യേതദക്ഷരമിദം സർവ്വം
തസ്യോപവ്യാഖ്യാനം
ഭൂതം ഭവത് ഭവിഷ്യദിതി
സർവ്വമോങ്കാര ഏവ-
യച്ചാന്യത് ത്രികാലാതീതം
തദപ്യോങ്കാര ഏവ
(മാണ്ഡൂക്യോപനിഷത്)

ഓം എന്ന പ്രണവമന്ത്രാക്ഷരമാണ് ഇഹത്തിലും പരത്തിലുമുള്ളതെല്ലാം. ഭൂതഭവിഷ്യ വർത്തമാനകാ

ലങ്ങളിലും.

ഈ മൂന്നുകാലങ്ങൾക്കും അതീതമായി എന്തെങ്കി ലുമുണ്ടെങ്കിൽ അതും ഓങ്കാരം തന്നെയാകുന്നു.

**അം** - ബ്രഹ്മാവിനെ ധ്യാനിക്കുന്നതിനുള്ള ബീജാക്ഷരീ മന്ത്രം

**ഉം** - വിഷ്ണുവിനെ ധ്യാനിക്കുന്നതിനുള്ള ബീജാക്ഷരീമന്ത്രം

**ശ്രീം** - ഐശ്വര്യദേവതയായ ലക്ഷ്മീദേവിയെ ധ്യാനിക്കുന്നതിനുള്ള ബീജാക്ഷരീമന്ത്രം.

**ഹ്രീം** - ഇഷ്ടകാര്യ സാദ്ധ്യത്തിനുള്ള ഭുവനേശ്വരീ ബീജാക്ഷരീ മന്ത്രം.

**ഐം** - വിദ്യാദേവതയായ സരസ്വതീദേവിയെ ധ്യാനിക്കുന്നതിനുള്ള ബീജാക്ഷരീമന്ത്രം

**ക്ലീം** -ശത്രുനിവാരണത്തിനും മന:ശാന്തിക്കും വേണ്ടിയുള്ള ഭദ്രകാളീ ബീജാക്ഷരീമന്ത്രം.

**രം** -രുദ്ര ബീജാക്ഷരീമന്ത്രം

**ഹ** - ശിവബീജാക്ഷരീ മന്ത്രം

**ണം** - വിഘ്നേശ്വര ബീജാക്ഷരീ മന്ത്രം

**യം** - വായുദേവ ബീജാക്ഷരീ മന്ത്രം

**ലം** - ധാന്യസമൃദ്ധിക്കുള്ള പൃഥ്വി ബീജാക്ഷരീമന്ത്രം.

**വം** - ബാഹുലേയ ബീജാക്ഷരീമന്ത്രം

തന്ത്രയോഗത്തിലെ ബീജാക്ഷരീമന്ത്രങ്ങളിലെ അദ്വൈതാനുഭൂതി നുകർന്നും ആസ്വദിച്ചും നാരായണഗുരു രചിച്ചിട്ടുള്ളതാണ് എട്ടു ശ്ലോകങ്ങളുള്ള ബാഹുലേയാഷ്ടകം. ഓരോ ശ്ലോകത്തിലേയും ആദ്യാക്ഷരം ചേർത്തുവച്ചു കൂട്ടി വായിച്ചാൽ ഓം ഹ്രീം ശരവണ ഭവ എന്ന ബീജമന്ത്രമായി.

ബാഹുലേയനെ,<br>
കാർത്തികേയോ മഹാസേന:<br>
ശരജന്മാഷഡാനന: പാർവ്വതീ നന്ദന: സ്കന്ദ<br>
സ്സേനാനീരഗ്നീ ഭൂരവഗ്ഗുഹ:<br>
ബാഹുലേയസ്താരകജാ<br>
ദ്വിശാഖാ:ശിഖിവാഹന:<br>
ഷാൺമാതുര: ശ്കതിധര:<br>
കുമാര: ക്രൗഞ്ചദാരണ:

കാർത്തികേയൻ, മഹാസേനൻ, ശരജന്മാവ്, ഷഡാനനൻ, പാർവ്വതീ നന്ദനൻ, സ്കന്ദൻ, സേനാനി, അഗ്നിഭൂവ്, ഗുഹൻ, ബാഹുലേയൻ, താരകജിത്ത്, വിശാഖൻ, ശിഖിവാഹനൻ, ഷാൺമാതുരൻ, ശക്തിധരൻ, കുമാരൻ, ക്രൗഞ്ചദാരുണൻ എന്നീ പേരുകളിൽ ധ്യാനിക്കുന്നു.

ഉദാ: കാർത്തികേയായ നമ:<br>
മഹാസേനായ നമ:

വാസനാ സമ്പന്നനായ ഒരു ശില്പി നിർമ്മിച്ച പ്രതിമയേയോ ഒരു ചിത്രകാരൻ വരച്ച ചിത്രത്തേയോ പൂവിട്ടു പൂജിക്കുകയല്ല യഥാർത്ഥ ധ്യാനം. ധ്യാനിക്കു സത്തുലകം.

മനമലർകൊയ്തു മഹേശപൂജചെയ്യും<br>
മനുജനു മറ്റൊരു വേല ചെയ്തിടേണ്ട<br>
(ആത്മോപദേശ ശതകം-29)

മനസ്സാകുന്ന പൂക്കൾകൊണ്ട് മഹേശനെ - ശിവനെ - ഗുരുവിനെ - പൂജിക്കുന്ന - ധ്യാനിക്കുന്ന ഒരുവന്/ഒരുവൾക്ക് മറ്റു യാതൊരു തരത്തിലുമുള്ള പൂജാവിധികളുടെ ആവശ്യമില്ല. സർവ്വ ദേവീദേവന്മാരും ബാഹുലേയനെ ധ്യാനിക്കുന്നു. ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാരുടെയും മഹഗണപതിയുടെയും ഭദ്രകാളിയുടെയും സരസ്വതീദേവിയുടെയും ലക്ഷ്മീദേവിയുടെയും മഹനീയതകൾ എല്ലാം ബാഹുലേയനിലും ഗുരുദർശിക്കുന്നു. ഇതിലെ എട്ടു ശ്ലോകങ്ങളും ധ്യാനശ്ലോകങ്ങളാണ്. ഓരോ ശ്ലോകവും ഹൃദിസ്ഥമാകുന്നതുവരെ അതേ ശ്ലോകത്തിൽ ധ്യാനിക്കുക. നിരന്തര ധ്യാനംകൊണ്ട് എല്ലാ ശ്ലോകങ്ങളും ഹൃദിസ്ഥമാകുന്നു. യഥാർത്ഥവും അമാനുഷികവുമായ ബ്രഹ്മത്തിൽ വിലയം പ്രാപിച്ച ഒരു മഹാത്മാവിന്റെ രൂപത്തെ മനസ്സിൽ ധ്യാനിക്കുക എന്ന് വിവേകചൂഢാമണിയിൽ ശ്രീ ശങ്കരാചാര്യർ വ്യക്തമാക്കുന്നു. ബാഹുലേയാഷ്ടകത്തിലെ ഓരോ ശ്ലോകത്തിലെയും ഓരോ വരിയും ആരംഭിക്കുന്നത് ബീജാക്ഷരമന്ത്രങ്ങളെക്കൊണ്ടാണ്. ബീജാക്ഷര മന്ത്രങ്ങളുടെ അർത്ഥം മുകളിൽ കൊടുത്തിട്ടുണ്ട്. ഓരോ ശ്ലോകവും അവസാനിക്കുന്നത് ഭാവേയ ബാഹുലേയം എന്നാണ്. അതായത് ബാഹുലേയനെ ഞാൻ ധ്യാനത്തിൽ ദർശിക്കുന്നു. പരമകാരുണി കനായ നാരായണഗുരുവിന്റെയും മറ്റ് എല്ലാ ഗുരുജനങ്ങളു ടേയും പാദാരവിന്ദങ്ങളിൽ പ്രണാമ ങ്ങളർപ്പിച്ചുകൊണ്ട് സത്യാന്വോഷികളുടെ കരകമലങ്ങളിൽ പ്രേമപുരസ്സരം സമർപ്പിക്കുന്നു.

**ഓം ഹ്രീം ശരവണ ഭവ:**

# ആത്മോപദേശശതകം

-ശ്രീനാരായണഗുരു

### ശ്ലോകം 14

ത്രിഭുവനസീമ കടന്നു തിങ്ങിവിങ്ങും
ത്രിപുടി മുടിഞ്ഞു തെളിഞ്ഞിടുന്ന ദീപം
കപടയതിക്കു കരസ്ഥമാകുവീലെ-
ന്നുപനിഷദുക്തി രഹസ്യമോർത്തിടേണം

ത്രിഭുവനസീമ കടന്നു = മൂന്നുലോകങ്ങളുടെ അതിരുകൾക്കപ്പുറം കടന്നു

തിങ്ങിവിങ്ങും = നിറഞ്ഞു ഇടതിങ്ങി നിൽക്കും

ത്രിപുടി മുടിഞ്ഞു = ത്രിപുടി നശിച്ചു

തെളിഞ്ഞീടുന്ന ദീപം = പ്രകാശിക്കുന്ന ദീപം - അനുഭവസ്വരൂപമായി സ്വയം പ്രകാശിക്കുന്ന ബോധസത്യം.

കപടയതിക്ക് = രാഗദ്വേഷങ്ങൾ പോകാത്ത-കാഴ്ചയിൽ വലിയ സദാചാരി എന്നാൽ അകം നിറയെ ദുഷിച്ച ചിന്തകൾ ഉള്ള മിഥ്യാചാരന്മാർക്ക്

കരസ്ഥമാകുവീല = പ്രാപ്യമല്ല - അനുഭവപ്പെടുകയില്ല

എന്ന് ഉപനിഷദുക്തി രഹസ്യം ഓർത്തിടേണം = എന്ന് ഉപനിഷത്തുക്കളിൽ പറഞ്ഞിട്ടുള്ള പൊരുൾ ഓർത്തിരിക്കേണ്ടതാണ്.

ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നവസ്ഥകളാണ് ത്രിഭുവനം. ഞാൻ, ഞാൻ എന്ന അറിവിന് ആലംബമായ ശുദ്ധബോധം ജാഗ്രത്, സ്വപ്നം, സുഷ്പ്തി എന്നീ മൂന്ന് അവസ്ഥകൾക്കു സാക്ഷിയാണ്. അവസ്ഥാത്രയങ്ങൾ മാറി, മാറി വരുമ്പോൾ ഞാൻ അവയെല്ലാം അറിഞ്ഞുകൊണ്ട് മാറ്റമില്ലാതെ സാക്ഷിയായി നിൽക്കുന്നു. അവസ്ഥാത്രയങ്ങളിലെ ധർമ്മങ്ങളൊന്നും തന്നെ സാക്ഷിയായ ആത്മാവിനെ ബാധിക്കുന്നില്ല. അവയിൽ അതിന് പങ്കുമില്ല. അതുകൊണ്ടാണ് സ്വപ്നത്തിലേയും ഉറക്കത്തിലേയും അനുഭവങ്ങളും അതുപോലെ കഴിഞ്ഞുപോയ കാലങ്ങളിലേയും അനുഭവങ്ങൾ വർത്തമാനകാലത്തിൽ ഓർമ്മിക്കുവാൻ കഴിയുന്നത്. ആത്മാവ് കേവലം ദൃക്ക് മാത്രമാണ്. ശുദ്ധ ചിത് സ്വരൂപിയായ ആത്മാവിന് യാതൊരു പരിമിതികളുമില്ല. അതിനാൽ അത് തിങ്ങി (നിറഞ്ഞു) വിങ്ങി (ഇടതിങ്ങി) നിൽക്കുന്നു. ഇതാണ് ത്രിഭുവനസീമ കടന്നു തിങ്ങിവിങ്ങുന്നു എന്ന ഭാഗം കൊണ്ട് വ്യക്തമാക്കിയിരിക്കുന്നത്.

ത്രിപുടിമയമാണ് ജഗത്. അവസ്ഥാത്രയത്തിലേ ത്രിപുടികളുള്ളൂ. അറിയുന്നവൻ, അറിവ്, അറിയപ്പെടുന്ന വസ്തു ഇവയെ ത്രിപുടി എന്നു പറയുന്നു. ആത്മാവല്ലാത്ത ശരീരാദി ആനാത്മ വസ്തുക്കളിൽ ഞാൻ, ഞാൻ എന്ന അഭിമാനത്തെ അദ്ധ്യാസമെന്നു പറയും. തുടർന്ന്, തുടർന്ന് വരുന്ന അദ്ധ്യാസങ്ങൾക്കൊക്കെ മുമ്പുമുമ്പുള്ള അദ്ധ്യാസങ്ങളാണ് കാരണങ്ങളായി വരുന്നത്. ആത്മാവിൽ ദേഹേന്ദ്രിയാദി അനാത്മ വസ്തുക്കളെ അദ്ധ്യസിച്ചുതുകൊണ്ടാണ് ഞാൻ, ഞാൻ എന്ന ബോധമുണ്ടായിരിക്കുന്നത്. ഇതാണ് ത്രുപിടിയിലെ ഞാൻ, ഞാൻ എന്ന് എല്ലാവർക്കും എപ്പോഴും അനുഭവപ്പെടുന്ന അറിയുന്നവൻ. പിന്നീട് മറ്റു വസ്തുക്കളുടെ ഓരോന്നായിട്ടുള്ള ബോധം. ഇതാണ് ത്രിപുടിയിലെ അറിവ്. അതിഫലമായി പുറമേയുണ്ടെന്ന് തോന്നുന്ന പദാർത്ഥം. ഇതാണ് ത്രുപിടിയിലെ അറിയപ്പെടുന്ന പദാർത്ഥം. അദ്ധ്യാസനത്തിന് കാരണം ഭ്രമമാണ്. ഭ്രമം എപ്പോൾ എവിടെയുണ്ടാകുന്നുവോ; അപ്പോൾ അവിടെ അദ്ധ്യാസമുണ്ടാകുന്നു. നിത്യാനിത്യവസ്തു വിവേകം കൊണ്ട് അസത്യമായ ഈ അദ്ധ്യാസ ബുദ്ധിയെ നശിപ്പിച്ചിട്ടുള്ള ഒരുവന് ത്രുപുടിയിലെ അറിയുന്നവൻ, അറിവ്, അറിയപ്പെടുന്ന പദാർത്ഥം ഈ മൂന്നും ഒരേ ആത്മാവിന്റെ പ്രകാശനമാണെന്ന് സ്വയം ബോദ്ധ്യമാകും. ത്രിപുടികളുടെ അഭാവത്തിൽ ദ്വൈതത്തിന് സ്ഥാനമില്ല. ത്രിപുടികൾ തമ്മിൽ ഭേദമില്ലാതെ ശുദ്ധചിത് സ്വരൂപം മാത്രമായിത്തീർന്ന ആത്മാവിൽ നിന്ന് അന്യമായി ഒന്നുംതന്നെ ലോകത്തിലില്ലെന്നുള്ള സ്വാനുഭൂതിയിലെത്തുമ്പോൾ അവസ്ഥാത്രയത്തിന് സസാക്ഷിയായിരിക്കുന്നതും യാതൊരുവിധ പരിമിതികളുമില്ലാതെ നിൽക്കുന്ന ആത്മാവ് സ്വയം പ്രകാശിക്കും. ഇതാണ് ത്രിപുടി മുടിഞ്ഞു തെളിഞ്ഞിടുന്ന ദീപം എന്ന ഭാഗംകൊണ്ട് വ്യക്തമാക്കിയിരിക്കുന്നത്.

ത്രിഭുവനങ്ങളേയും കടന്നുനിറഞ്ഞു ഇടതിങ്ങി നിൽക്കുന്നതും ത്രിപുടി മുടിഞ്ഞു സ്വയം പ്രകാശിച്ചു തെളി

*(ശേഷം 42-ാം പേജിൽ)*

# ഞാൻ കണ്ട ബോംബെ

എൻ തമ്പാൻ



ജലതരംഗങ്ങളാൽ വലയംചെയ്യപ്പെട്ട മനോഹരമായ ഒരു കൊച്ചുദ്വീപാണ് ബോംബെ നഗരസുന്ദരി. ഭാരത സംസ്ഥാനങ്ങളുടെ തലസ്ഥാനമാണ് ഡൽഹിയെങ്കിൽ ബോംബെ സാമ്പത്തിക നഗരങ്ങളുടെ തലസ്ഥാനമാണ്. (Commercial Capital of India ) ഭാരതത്തിന്റെ മാത്രമല്ല ലോകത്തിന്റെ തന്നെ നാനാഭാഗത്തുനിന്നും സ്ത്രീ പുരുഷഭേദമന്യേ നൂറ്റാണ്ടുകളായി ജനസമൂഹത്തെ (Tourist) ആകർഷിച്ചുകൊണ്ടിരിക്കുന്ന വസ്തുത സർവ്വ സാധാരണമാണ്. ആശ്രയിച്ചു വരുന്നവർക്കെല്ലാം ആശ്വാസം നൽകുന്നു. അനുനിമിഷം നഗര മദ്ധ്യത്തിലൂടെ അതിവേഗത്തിൽ കുതിച്ചുപായുന്ന വൈദ്യുത വണ്ടികൾ ( Electric Train ) യാത്രക്കാരുടെ സേവനാർത്ഥം രാപ്പകൽ പ്രവർത്തിച്ചു കൊണ്ടി രിക്കുന്ന കാഴ്ച ജനകോടികൾക്ക് ആവേശവും ആശ്വാസവും നൽകുന്നില്ലെ? ( Western Railways & Central Railways )

മഹാരാഷ്ട്രയുടെ തലസ്ഥാനമായ ബോംബെ പട്ടണത്തിലെത്തുമ്പോൾ കാണുന്ന കാഴ്ച പ്രധാനമായും വി. ടി. സ്റ്റേഷൻ, മുംബെ മുനിസിപ്പൽ കോർപ്പറേഷൻ, ജനറൽ പോസ്റ്റ് ഓഫീസ്, ടൈംസ് ഓഫ് ഇന്ത്യ തുടങ്ങിയ സൗധങ്ങൾ- ആകാശംമുട്ടി നില്ക്കുന്ന കാഴ്ച വിസ്മയകരം തന്നെ.

ബോംബെ ഹൈകോർട്ട്, യൂണിവേഴ്സിറ്റി ഓഫ് ബോംബെ, ഗേറ്റ് വേ ഓഫ് ഇന്ത്യ തുടങ്ങിയ വൻകെട്ടിടങ്ങളുടെ സ്ഥാപനങ്ങൾക്ക് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ സ്വാധീനം അളവറ്റതാണ്. ഈ അത്ഭുത നിർമ്മാണങ്ങൾ കാണുമ്പോൾ ഭാരതീയരിൽ ചിലരെങ്കിലും ബ്രിട്ടീഷുകാരുടെ കഴിവിനെ പ്രശംസിക്കുന്നുണ്ടാവും.

ഭാരതത്തിന് ആവശ്യമായ തുണിത്തരങ്ങൾ മാഞ്ചസ്റ്ററിൽനിന്നും ഇറക്കുമതി ചെയ്തിരുന്നതിനു പകരം ബോംബെ പട്ടണത്തിൽ ആവശ്യമായ നെയ്ത്തു ശാലകൾ സ്ഥാപിച്ച് ആളുകൾക്ക് ജോലിനൽകിയതും മില്ലുകൾക്കു ചുറ്റും താമസസ്ഥലങ്ങളും ചുരുങ്ങിയ ചെലവിൽ ജീവിതസൗകര്യങ്ങളൊരുക്കിയതും ബ്രിട്ടീഷ്കാരിൽ നിന്നും ഭാരതത്തിന് ലഭിച്ച എണ്ണപ്പെട്ട നേട്ടങ്ങളിൽ ചിലതാണ്.

ബ്രിട്ടീഷ് ഭരണത്തിന്റെ പരിശ്രമമായി ഭാരതീയർക്ക് ധരിക്കുവാനുള്ള വസ്ത്രങ്ങൾ മാത്രമല്ല, വിദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാനുള്ള പലതരം തുണിത്തരങ്ങൾ നെയ്തെടുക്കാനുള്ള 65-ഓളം മില്ലുകളും (Textile Mills) ബോംബെ നഗരത്തിൽ സ്ഥാപിക്കപ്പെട്ടു. ദിനരാത്രഭേദമന്യേ ഈ മില്ലുകളിൽ 5 ലക്ഷത്തോളം തൊഴിലാളികൾ ഒന്നിലധികം ഷിഫ്റ്റായി ജോലിചെയ്യുന്ന കാഴ്ച അത്ഭുതം തന്നെ.



വിവിധതരത്തിലുള്ള തൊഴിലാളികൾ കഠിനാധ്വാനം ചെയ്തതിനാൽ നമ്മുടെ ആവശ്യത്തിൽ കൂടുതൽ തുണികൾ നെയ്തെടുക്കാൻ സാധിച്ചിരുന്നു.

മിൽതൊഴിലാളികൾക്ക് പകൽ മാത്രമല്ല രാത്രിയിലും ജോലിസ്ഥലത്ത് എത്തിച്ചേരാനുള്ള വാഹന സൗകര്യങ്ങൾ ഈ നഗരത്തിൽ യഥേഷ്ടം ലഭ്യമാണ്. ആയതിനാൽ ഇന്ത്യയിലെ മറ്റ് നഗരങ്ങളെപോലെ ഒരു നിർദ്ദിഷ്ട സമയത്ത് ഇവിടെ ജനസഞ്ചാരം നിശ്ചലമാകുന്നില്ല. പൂർണ്ണ വിശ്രമമില്ലാതെ ദിനരാത്രങ്ങൾ മുഴുവനായുള്ള ഈ സഞ്ചാരം ബോംബെ നഗരത്തിന്റെ വിശിഷ്ടതയാണ്. ഈ രാത്രി സഞ്ചാരന്മാരിൽ ചില അപഥ സഞ്ചാരികളും ഉൾപെടുന്നുണ്ടെന്നു മാത്രം. ലക്ഷക്കണക്കിനുള്ള മിൽ തൊഴിലാളികൾക്ക് വാസസ്ഥലങ്ങൾ മില്ലുടമകൾ തന്നെ മില്ലിന് സമീപത്ത് പണിതു കൊടുത്തു. എന്നാൽ മിൽ സമരം സംഘടിത തൊഴിലാളികളുടെ ഇടയിൽ രൂക്ഷമായതോടെ മില്ലുകൾ അടച്ചുപൂട്ടി. നെയ്ത്തുമാത്രം തൊഴിലാക്കിയ അനേകലക്ഷം തൊഴിലാളികൾ തൊഴിൽരഹിതരായി. താമസിക്കാൻ സ്ഥലമില്ലാതെ വളരെയധികം കഷ്ടപ്പെടേണ്ടിവന്ന കാഴ്ച പരിതാപകരം തന്നെ. മറ്റുതൊഴിലുകൾ പരിശീലിക്കാത്തതിനാൽ ധന സഹായം ലഭിക്കാത്ത തൊഴിലാളികളും അവരുടെ കുടുംബങ്ങളും അക്ഷരാർത്ഥത്തിൽ പട്ടിണിയിലായി. തന്റെ കുട്ടികൾക്ക് ഒരു നേരത്തെ ആഹാരമില്ലാതെ കഷ്ടപ്പെടുന്ന കാഴ്ച കാണാനുള്ള മനോബലം ഓരോ തൊഴിലാളിക്കും നഷ്ടപ്പെട്ടുപോയതിനാൽ വളരെയധികംപേർ അന്യനഗരങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും ജീവിതമാർഗ്ഗം തേടി തങ്ങളുടെ പ്രിയപ്പെട്ട ബോംബെ നഗരം വിട്ട് പോകേണ്ടി വന്നു. പിടിച്ചുനിന്നവർ ഉചിതമായ ഉത്തരം കിട്ടാതെ ചെറിയ ചെറിയ താൽക്കാലിക ജോലികൾ ചെയ്തു കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ പാവങ്ങളുടെ പട്ടിണിയെ ദുരീകരിക്കാൻ ഇതേവരെ ഒരു നടപടിയും നമ്മുടെ ജനകീയ ഭരണാധികാരികൾ സ്വീകരിച്ചു കാണുന്നില്ല. ലാൽബാഗ് മുതൽ പരേൽ വരെയുള്ള സ്ഥലങ്ങളിൽ വ്യാപിച്ചുകിടക്കുന്ന തൊഴിലാളികളുടെ ദുരവസ്ഥ ദയാശീലരായ നാഗരികരെ വളരെയധികം വേദനിപ്പിക്കുമെന്നതിൽ സംശയമില്ല.

മിൽ ഉടമകൾ മിൽ കെട്ടിടങ്ങളും അവയ്ക്കു ചുറ്റുമുള്ള വിശാലമായ സ്ഥലങ്ങളും കെട്ടിട നിർമ്മാതാക്കൾക്ക് (Builders) കൈമാറി വളരെയേറെ ധനം സമ്പാദിച്ചു കഴിഞ്ഞു. കെട്ടിട നിർമ്മാതാക്കൾ ഈ പ്രദേശങ്ങളിൽ ഗഗനചുംബികളായ അനേകം മാളികകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയും തന്മൂലം കണക്കില്ലാത്ത ലാഭം കൊള്ളയടിക്കുകയും ചെയ്തുവരികയാണ്. ബോംബെ പട്ടണത്തിൽ ഉയർന്നുനിന്നിരുന്ന ചിമ്മിനികൾക്ക് പകരം ഇന്ന് ഉയർന്നുവരുന്ന സൗധങ്ങളാണ് കാണാനുള്ളത്. ഇതും എത്ര മനോഹരം. മിൽതൊഴിലാളികൾക്ക് ബോണസ്സായി ഒരു അധിക ശമ്പളം കിട്ടിയിരുന്നു. എല്ലാ വീടുകളിലും ദീപശിഖയോടെയുള്ള ദീപാവലി ആഘോഷം എത്ര മനോഹരമായിരുന്നു. ഇന്ന് ഈ ഉത്സവകാലത്ത് ബോംബെ നിവാസികൾ ആർഭാടപൂർവ്വം ഈ വിശേഷദിവസങ്ങളെ ആഘോഷിക്കുമ്പോൾ പാവപ്പെട്ട തൊഴിലാളികൾ സുഖസമ്പന്നമായ തങ്ങളുടെ ഭൂതകാലത്തിലെ ആഘോഷപൂർണ്ണമായ ദസറയും ദീപാവലിയും നിമിഷമാത്രമെങ്കിലും സ്മരിച്ചുപോകുന്നതിൽ ആശ്ചര്യമില്ല. ദീപങ്ങളാൽ അലംകൃതമായ അന്നത്തെ ബോംബെ നഗരത്തെ സ്വപ്നം കാണുമ്പോൾ പാവപ്പെട്ട തൊഴിലാളികളുടെ നേത്രങ്ങൾ അല്പനേരമെങ്കിലും നനയാതിരിക്കുമോ?

ഉത്സവകാലത്തും അല്ലാതെയും ബോംബെ നഗരത്തിന്റെ നിശാസൗന്ദര്യം അവർ എങ്ങിനെ മറക്കും. നരിമാൻപോയിന്റ് മുതൽ ചൗപാട്ടി കടലോരംവരെ സമുദ്രത്തിൽ പ്രതിബിംബിച്ചുകാണുന്ന ദീപശിഖകൾ

മാനവഹൃദയത്തെ എത്രയധികം ആഹ്ലാദ ഭരിതമാക്കുന്നു. തെക്കു വടക്കു സ്ഥിതിചെയ്യുന്ന മലബാർ ഹിൽ സായാഹ്ന സന്ധ്യയുടെ മങ്ങിയ വെളിച്ചത്തിൽ ജനഹൃദയത്തെ ആകർഷിച്ചു കൊണ്ടിരിക്കുന്നതും പട്ടിണിയാൽ അവശരായ തൊഴിലാളികളുടെ മാനവദർപ്പണത്തിൽ ഒരു നിമിഷമെങ്കിലും പ്രതിബിംബിക്കുകയില്ലെ? എന്നാൽ ഈ അസാധാരണ സൗന്ദര്യത്തെ ആസ്വദിക്കാനുള്ള മാനസികാവസ്ഥ ചിലപ്പോൾ അവരിൽനിന്നും എന്നേ നഷ്ടപ്പെട്ടിരിക്കാം. യാതന അനുഭവിക്കുന്ന തൊഴിലാളികളുടെ ഈ ദയനീയ സ്ഥിതി ദുരീകരിക്കാൻ ഒരു ഫ്രഞ്ച് വിപ്ലവത്തെപോലെയുള്ള അല്ലെങ്കിൽ അതിലും വിപുലമായ ഒരു വിപ്ലവം ഇവിടെയും പ്രതീക്ഷിക്കാവുന്നതല്ലേ? ഇതിനൊക്കെ ''പ്രതികാരം ചെയ്യാതടങ്ങുമോ പതിതരേ നിങ്ങൾതൻ പിൻമുറക്കാർ'' എന്ന് ചങ്ങമ്പുഴ പാടിയത് എത്ര അർത്ഥവത്താണ്. അസഹ്യമായ വിശപ്പുമായി പാവപ്പെട്ട തൊഴിലാളികളുടെ സന്താനങ്ങൾ പ്രതികാരേച്ഛയോടുകൂടി വളരെനാൾ കാത്തിരുന്നെന്നുവരില്ല. ഇവരെ സമാശ്വസിപ്പിക്കാൻ നമ്മുടെ ഭരണാധികാരികൾ മുന്നോട്ടുവരുമോ? മധുര പ്രതീക്ഷയോടെ അവർ അർഹിക്കുന്ന പ്രതിഫലേച്ഛയോട് ഇനിയും ഈ തൊഴിലാളി വർഗ്ഗം കാത്തിരിക്കണമോ?

ഈ പാവങ്ങൾ എല്ലാവിധ സന്തോഷങ്ങളിൽനിന്നും അകലെയാണ്. അവർക്ക് ഹോളിയുമില്ല, ദസറയുമില്ല, ദീപാവലി ആഘോഷിക്കാനുള്ള ധനസ്ഥിതിയുമില്ല. ആടാനും, പാടാനുമുള്ള ചുറ്റുപാടുമില്ല. ഇതിനെല്ലാം ഒരു പോംവഴികണ്ടേ തീരൂ. മാറ്റുവിൻ ചട്ടങ്ങളെ- സ്വയമല്ലെങ്കിൽ മാറ്റും അതുകൾ ഈ നിങ്ങളെത്താൻ.

**കുലീനയും ഭർത്താവിനനുകൂലമായ ഗുണമുള്ളവളും, വരവിനനുസരിച്ച് ചെലവാക്കുന്നവളും, നിഷ്കളങ്കയുമായിരിക്കണം ഗൃഹനായിക.**

**അറിവിള്ളുവർ ഉപദ്രവിക്കാനോ, ദുഷിക്കാനോ ഒരുങ്ങുകയില്ല. അറിവില്ലാത്തവരോട് നാം അനുകമ്പയോടുകൂടി പെരുമാറണം. നാം പകരം ദ്വേഷിക്കരുത്.**

**-ശ്രീനാരായണഗുരു**

# ആത്മോപദേശശതകം

*39-ാം പേജിൽനിന്ന് തുടർച്ച*

യുന്ന ശുദ്ധചിത് സ്വരൂപമായ ആത്മാവിനെ കപടയതിക്കു അനുഭവപ്പെടുകയില്ലെന്നു ഉപനിഷത്തുക്കളിൽ പറഞ്ഞിട്ടുള്ള പൊരുൾ ഓർത്തിരിക്കേണ്ടതാണ്.

കർമ്മേന്ദ്രിയാണി സംയമ്യ യ ആസ്തേ മനസാസ്മരൻ
ഇന്ദ്രിയാർത്ഥൻ വിമൂഢാത്മാ മിഥ്യാചാര: സ ഉച്യതേ
**ഭഗവദ്ഗീത – III–6**

കർമ്മേന്ദ്രിയങ്ങളെ നിയന്ത്രിച്ച് ഒതുക്കിനിർത്തി (അടക്കിപ്പിടിച്ച്) യാതൊരുവൻ ഇന്ദ്രിയ വിഷയങ്ങളെ മനസ്സുകൊണ്ട് സദാസ്മരിച്ചു കൊണ്ടിരിക്കുന്നുവോ മൂഢാത്മാവായ അവൻ മിഥ്യാചാരനെന്ന് പറയപ്പെടുന്നു.

അവിദ്യയെയുപാസിക്കുന്നവരന്ധതമസ്സിലും
പോകുന്നു വിദ്യാരതരങ്ങതേക്കാൾ കൂരിരുട്ടിലും
**ഈശാവാസ്യോപനിഷത്ത് – ഗുരുദേവഭാഷ്യം**

കർമ്മാനുഷ്ഠാനത്തെ ഉപായവും ഉപായംകൊണ്ട് സാധിക്കാവുന്നതായിക്കരുതി കർമ്മത്തിൽ മാത്രം മുഴുകി ജീവിക്കുന്നവർ അധോഗതിയെ പ്രാപിക്കുന്നു. കർമ്മങ്ങളെ ഉപേക്ഷിച്ചു ദേവതാജ്ഞാനത്തിൽ തത്പരരായി ഉപാസനയെമാത്രം ആശ്രയിച്ചു ജീവിക്കുന്നവർ അതിലും വലിയ അധോഗതിയെ പ്രാപിക്കുന്നു.

മനുഷ്യാണാം സഹസ്രേഷ്ഠ കശ്ചിദ്യതതി സിദ്ധയേ
യതതാമമപി സിദ്ധാനാം കശ്ചിന്മാംവേത്തി തത്ത്വതഃ
**ഭഗവത്ഗീതാ – VII - 3**

അനേകായിരം മനുഷ്യരിൽ ഒരുവനാണ് ജ്ഞാനസിദ്ധിക്കായി ശ്രമിക്കുന്നുള്ളൂ. അങ്ങനെ ശ്രമിക്കുന്നവരിൽ തന്നെ ആയിരത്തിലൊരാൾ മാത്രമേ എന്നെ ശരിക്കും അറിയുന്നുള്ളൂ.

ഇങ്ങനെ അനേകായിരങ്ങളിൽ ഒരാൾക്കെങ്കിലും വന്നുചേരുന്ന ഈ അസുലഭ സൗഭാഗ്യം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ തീർച്ചയായും ആത്മഹത്യയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള പരിതാപകരമായ അധോഗതി വരാതിരിക്കുവാൻ അനുകമ്പാമൂർത്തിയായ ഗുരുദേവൻ ഉപദേശിക്കുകയാണ് ഈ വരികളിലൂടെ.

കപടയതിക്ക് കരസ്ഥമാകുവീലെ-
ന്നുപനിഷദുക്തിരഹസ്യമോർത്തിടേണം

**വി. എൻ. പവിത്രൻ**

# തൃപ്പാദങ്ങൾ സഞ്ചരിച്ച വഴികളിലൂടെ ഒരു തീർത്ഥയാത്ര

കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച...

**നിർമ്മലാ മോഹൻ**

**കാ**ലത്തെഴുന്നേറ്റ് ഗുരുമന്ദിരം, ഗണപതി ക്ഷേത്രം, ശിവക്ഷേത്രം എന്നിവിടങ്ങളിലെ പൂജ കഴിഞ്ഞ് ക്ഷേത്രമൊക്കെ നടന്നു കണ്ടു. നട തുറന്നപ്പോൾ തന്നെ അലങ്കാരങ്ങളില്ലാത്ത ഗുരുദേവന്റെ ആദ്യ ശിവപ്രതിഷ്ഠ കണ്ടു. ക്ഷേത്രച്ചുവരിൽ എഴുതിവെച്ച ആ കാഹളധ്വനിയും വായിച്ചു. ''ജാതിഭേദം മതദ്വേഷം... മാതൃകാസ്ഥാനമാണിത്''

ഗണപതിക്ഷേത്രത്തിന് സമീപം ഗുരു മന്ദിരത്തിനു മുന്നിലായി മനോഹരമായ മയിൽ വാഹനം. ക്രിസ്ത്യാനിയായ ഒരു ഗുരുദേവ ഭക്തൻ സമ്മാനിച്ചതാണത്രെ ആ മയിൽ വാഹനം. ഗുരുപൂജാഹാളിനു തൊട്ടു മുൻഭാഗത്തുള്ള സ്കൂൾ കെട്ടിടത്തിലാണ് സ്വാമികൾ യോഗ ക്ലാസ്സെടുക്കുന്നത്. അരമണിക്കൂർ നേരം ധ്യാനത്തെക്കുറിച്ചും ധ്യാനത്തിന് തയ്യാറെടുക്കേണ്ടത് എങ്ങനെ എന്നതിനെക്കുറിച്ചും പറഞ്ഞു തന്നു. കുറച്ച് ശ്വസനവിധികളും ചെയ്തു. പ്രാതലിനുശേഷം കൊടിതൂക്കി മലയിലേക്ക് പുറപ്പെട്ടു. ഗുഹയ്ക്ക് ഉൾവശം കാണുന്നതിനായി ഒരു ടോർച്ചും സ്വാമികൾ തന്നിരുന്നു.

ക്ഷേത്രത്തിന് തെക്കുള്ള നിരത്തിൽക്കൂടി കുറച്ചു നടന്നാൽ കൊടിതൂക്കി മലയിലേക്കുള്ള പടികളായി. രാജഭരണകാലത്ത് ഭൂമിയുടെ അളവ് തിട്ടപ്പെടുത്താൻ മലയുടെ മുകളിൽ കൊടിതൂക്കിയിരുന്നതിനാലാണ് കൊടിതൂക്കിമല എന്ന പേർ വീണതത്രെ. മലമുകളിൽ കരിങ്കല്ലുകൊണ്ടൊരു തറകെട്ടിയിട്ടുണ്ട്. 'ഇവിടെയാണ് ശ്രീനാരായണ ഗുരുദേവൻ സമാധിയിലിരുന്നത്' എന്ന് തറയിലെഴുതിയിട്ടുണ്ട്. സമീപത്തായി ഒരു ഗണപതിക്ഷേത്രം. കിഴക്കുഭാഗത്തുള്ള പാറകളുടെ ഇടയിൽക്കൂടി കുറച്ചു താഴോട്ടിറങ്ങിയാൽ ഗുരുദേവൻ കുടിക്കാൻ വെള്ളം ശേഖരിച്ചിരുന്ന് 'കിണ്ണിക്കിണർ' കാണാം. പകുതി കിണ്ണംപോലെ പാറയിടുക്കിൽ കാണുന്ന വിടവിൽ വെള്ളമുണ്ട്. ഇലകൾ നിറഞ്ഞ് മലിനമായിരിക്കുന്നു. ഗണപതിക്ഷേത്രത്തിന്റെ പടിഞ്ഞാറു ഭാഗത്തുകൂടി താഴോട്ടിറങ്ങിയാൽ ഗുരുദേവൻ തപസ്സ് ചെയ്ത ഗുഹയാണ്. അവിടെ നിന്നും താഴേക്ക് തികച്ചും ഒരു വനപ്രദേശം തന്നെയാണ്. താഴേയ്ക്കിറങ്ങാൻ പടികളൊന്നുമില്ല. പാറക്കല്ലുകൾക്കിടയിലൂടെ ശ്രദ്ധിച്ചുവേണം ഇറങ്ങാൻ. ഒരറ്റത്തായി പാറക്കൂട്ടങ്ങൾക്കിടയിലൂള്ള വിടവിലാണ് ഗുഹ. 'ഗുരുദേവൻ തപസ്സുചെയ്ത ഗുഹ' എന്നെഴുതി വെച്ചിട്ടുണ്ട്.

ഗുരുദേവൻ തപസ്സു ചെയ്ത ഗുഹ കണ്ടശേഷം ഗുരുദേവൻ ഇരിക്കാറുള്ള ഒരു ഗുഹ അപ്പുറത്തുള്ള നെയ്യാറിന്റെ തീരത്തുണ്ടെന്നറിഞ്ഞതിനാൽ ഞങ്ങൾ അത് കാണാൻ പോയി. കുറച്ചു മുന്നോട്ട് നടന്നപ്പോൾ നിരത്തുവക്കിൽ ഒരു ഗുരുമന്ദിരം. നിരത്തിൽ നിന്ന് താഴേക്കു

എട്ടുപത്തു പടികൾക്കു താഴെ ഒരു വിശ്രമ മന്ദിരം അതിനും താഴെ പുഴക്കരയിലെ പാറക്കൂട്ടങ്ങൾക്കിടയിലാണ് ഗുഹ. പാറക്കൂട്ടങ്ങൾക്കിടയിലൂടെ വലിയ ശബ്ദത്തിൽ ഒഴുകുന്ന നെയ്യാറിന്റെ കരയിലെ ഈ ഗുഹയിലാണ് ആധുനിക സൗകര്യങ്ങൾ ഉണ്ടാകുന്നതിന് മുമ്പ് ഗുരു വസിച്ചത്. ഒരു ചരിഞ്ഞ പാറയുടെ വിടവിലാണ് ഗുഹ. ഒരാൾക്ക് കടക്കാനുള്ള ചെറിയ വഴിയുണ്ട്. ഉള്ളിൽ നിൽക്കാൻ പറ്റില്ല. കുനിഞ്ഞു ചെന്ന് ഗുഹയിൽ ഇരിക്കാം. ഗുരുദേവൻ തപസ്സ് ചെയ്ത ഗുഹകളെല്ലാം വിജനവും ദുർഘടം പിടിച്ച വഴികളുമുള്ളതായിരുന്നല്ലോ. രണ്ടു കുന്നുകൾക്കിടയിലൂടെ കളകളാരവമുയർത്തി ഒഴുകുന്ന നെയ്യാർ ഗുരുദേവനെ ആകർഷിച്ചതിന്റെ ഫലമാണല്ലോ അരുവിപ്പുറം ക്ഷേത്രം.

അരുവിപ്പുറത്ത് കൃഷ്ണൻ കോൺട്രാക്ടർ കുഴിച്ചുകൊടുത്ത രണ്ട് കിണറുകൾ ഉണ്ട്. ഒരു കിണർ കുഴിക്കാമെന്നു ഗുരുവിന്റ പടത്തിനു മുന്നിൽ നിന്നു കൊടുത്ത വാക്കു പാലിക്കാത്തതിന്റെ പ്രായശ്ചിത്തമായിട്ടാണ് രണ്ടാമത്തെ കിണർ കുഴിച്ചത്. ഒരെണ്ണം ഓഫീസ് മുറിയുടെ മുന്നിലും മറ്റൊന്നു ഗുരുപൂജാ ഹാളിന്റെ വശത്തായും. ഓഫീസിനു മുന്നിലാണ് എസ്.എൻ.ഡി.പി. യോഗം സ്ഥാപനം നടന്ന പ്ലാവിൻ തറ. പൊതുമരാമത്തു വകുപ്പുമന്ത്രിയായിരുന്ന ടി.കെ. ദിവാകരനാണ് അരുവിപ്പുറത്തേക്കുള്ള യാത്ര സുഗമമാക്കാൻ പാലം പണിതുകൊടുത്തത്. അദ്ദേഹത്തിന്റെ ഒരു പൂർണ്ണകായ പ്രതിമ കവാടത്തിനടുത്തുതന്നെയുണ്ട്.

**മരുത്വാമലയിൽ**

അരുവിപ്പുറത്തിനു ശേഷം കാലത്ത് ഏഴുമണിയോടെ നാഗർകോവിലിൽ പൊറ്റയടിയിലുള്ള ശ്രീനാരായണ ധർമ്മ മഠത്തിലെത്തി. ഗേറ്റു കടന്നു ചെല്ലുമ്പോൾ തന്നെ പുൽത്തകിടിയിൽ ചിത്രം വരച്ചതുപോലെയുള്ള ഗുരുദേവന്റെ മുഖം.

മഠത്തിനു നേരെ മുന്നിലാണ് മരുത്വാമല. ധർമ്മമഠത്തിലെ മാനേജരുടെ ചെറുമകൻ ജിഷ്ണുവാണ് ഞങ്ങൾക്ക് വഴികാട്ടിയായി വന്നത്. ജിഷ്ണു എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്. മരുത്വാമലയിലേക്ക് കയറുന്നതിൽ കാൽഭാഗത്ത് പടികളാണ് പിന്നീട് കരിമ്പാറ കെട്ടുകൾക്കിടയിലൂടെ വേണം പോകാൻ. പടികൾ അവസാനിക്കുന്നിടത്ത് ഒരു ശിവക്ഷേത്രം ഉണ്ട്. പാറക്കെട്ടുകൾ തുരന്നുണ്ടാക്കിയതുപോലൊരു ഗുഹാക്ഷേത്രം. വശത്തായി കിണറുപോലെ കരിങ്കല്ലിലൊരു ചതുരക്കുഴി. അതിൽ വെള്ളമുണ്ട്. ക്ഷേത്രത്തിനുള്ളിലേക്കുള്ള വാതിലൊക്കെ ചെറുതാണ്. ആദ്യത്തെ മുറി പൂജാരികൾക്കുള്ള വാസസ്ഥലമാണ്. പിന്നീട് വീണ്ടും ചെറിയൊരു മുറി. പിന്നെ താഴെ ഇറങ്ങി വീണ്ടും മുകളിലേക്ക് കയറണം. മുകളിൽ ഭഗവാന്റെ ചിത്രം വെച്ച് പൂജ ചെയ്യുന്നു. അവിടെനിന്നും പുറത്തിറങ്ങിയാൽ സമീപം പത്മനാഭക്ഷേത്രമെന്ന മറ്റൊരു മണ്ഡപമുണ്ട്. ഇവിടെയും ഗുരുദേവൻ ഇരുന്നിട്ടുണ്ടത്രെ.

മുകളിലേക്കുള്ള പടികൾ അവസാനിച്ചിരിക്കുന്നു. ഇനി പാറക്കെട്ടുകൾ ആണ്. പിടിച്ച് കയറണം. കൈ എത്താത്തിടങ്ങളിൽ മുകളിൽ നിന്നു കൊണ്ട് ജിഷ്ണു പിടിച്ചുകയറ്റി. തീർത്ഥാടനസമയത്ത് ഇവിടെ ഭക്തരുടെ നീണ്ട നിര കാണുമത്രെ. മേല്പോട്ട് ഓരോരുത്തരായി മാത്രമേ കയറിപ്പോകാൻ പറ്റൂ. ഏകദേശം പത്തരമണിയോടെ ഞങ്ങൾ മുകളിൽ പരന്നു കിടക്കുന്ന പാറയുടെ മുകളിൽ എത്തി. പാറയുടെ വിടവിൽകൂടി ഒരാൾക്കു നൂണ്ടിറങ്ങാനുള്ള വഴിയുണ്ട്. അതിൽകൂടി ഇറങ്ങിയാൽ മലയുടെ മറുവശമാണ്. കുറച്ചു വിസ്തൃതമായ ഒരു പാറയുടെ താഴെ ഒരു മുറിപോലെ ഒരു സ്ഥലം. പാറയുടെ വിടവിൽ ഒരോരുത്തരായി ഗുഹയ്ക്കുള്ളിൽ (പിള്ളത്തടത്തിൽ) കടന്നു. നിവർന്നു നിന്നാൽ തലമുട്ടും. നാലുവശത്തും തിണ്ണപോലെ ഇരിക്കാൻ പാകത്തിൽ പാറകൾ. നടുക്കൊരു തളം. ഉള്ളിൽ കടക്കുമ്പോൾ നേരെ കാണുന്ന വിധത്തിൽ ജിഷ്ണു കൈയിലുണ്ടായിരുന്ന ഗുരുദേവ ചിത്രം വെച്ച് വിളക്കു കത്തിച്ചു. ഞങ്ങൾ ചുറ്റുമുള്ള പാറകളിലും താഴെയുമായി ഇരുന്നു. ഗുരുദേവൻ തപസ്സു ചെയ്ത പിള്ളത്തടത്തിലാണ് ഇരിക്കുന്നത്. പാറകൾക്ക് തേയ്മാനം സംഭവിച്ചിരിക്കുന്നതല്ലാതെ മറ്റൊരു മാറ്റവും അവിടെ സംഭവിച്ചിട്ടില്ല. മഴയും വെയിലുമേൽക്കാത്ത സ്ഥലമാണ്.

പതിനൊന്നുമണിയോടെ ഞങ്ങൾ മരുത്വാമലയിൽ നിന്ന് തിരിച്ചിറങ്ങാൻ തുടങ്ങി. കയറുന്നതിനേക്കാൾ വിഷമമാണ് ഇറക്കം. ധാരാളം മരുന്നു ചെടികൾ ഉണ്ട്. ഹനുമാൻ മൃതസഞ്ജീവനി കൊണ്ടുപോകുമ്പോൾ മലയുടെ ഒരുഭാഗം അടർന്നു വീണെന്നും അതാണ് മരുത്വാമലയെന്നുമാണ് ഐതിഹ്യം. അഗസ്ത്യമുനി തപസ്സുചെയ്ത സ്ഥലമത്രെ പിള്ളത്തടം. മലയുടെ അടിവാരത്തിൽ അന്ന പൂർണ്ണേശ്വരി ക്ഷേത്രമുണ്ട്. അതിനു മുന്നിലായി മരുന്നുസ്വാമികൾ എന്നപേരിൽ അറിയപ്പെടുന്ന സ്വാമികളുടെ വാസസ്ഥാനമാണ്.

തിരിച്ചെത്തി ഉച്ച വിശ്രമത്തിനു ശേഷം മൂന്നരമണിയോടെ ഞങ്ങൾ

*(ശേഷം 47-ാം പേജിൽ)*

# അരുവിപ്പുറം പ്രതിഷ്ഠ നവോത്ഥാനത്തിന് നാന്ദികുറിച്ച മഹാസംഭവം

**വേലായുധൻ പണിക്കശ്ശേരി**

അരുവിപ്പുറം അന്നൊരു കാട്ടുപ്രദേശമായിരുന്നു. 1888-ലെ ശിവരാത്രി ദിവസം ആറ്റിൽനിന്ന് മുങ്ങിയെടുത്തു ഒരു കല്ല് ശ്രീനാരായണഗുരുദേവൻ ശിവ ലിംഗമായി സങ്കൽപ്പിച്ച് അവിടെ പ്രതിഷ്ഠിച്ചു. ചരിത്രത്തിലെ മഹത്തായ ഒരു സാമൂഹിക വിപ്ലവത്തിന് തുടക്കമായി മാറി ആ സംഭവം.



കേരളത്തിലെ ക്ഷേത്രാരാധനാ സമ്പ്രദായത്തിലും സാമൂഹിക ജീവിതത്തിലും നിലനിന്നിരുന്ന സവർണാധിപത്യത്തെ പ്രതീകാത്മകമായി വെല്ലുവിളിക്കാൻ ആ സംഭവത്തിലൂടെ ശ്രീ നാരായണ ഗുരുവിന് സാധിച്ചു. ക്ഷേത്രങ്ങളുടെ നാലയലത്ത് പോലും പ്രവേശിക്കാൻ അർഹതയില്ലാത്ത ഒരവർണൻ, സവർണർ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച് ആരാധിക്കുന്ന ശിവലിംഗം പ്രതിഷ്ഠിച്ച് ആരാധന നടത്തുക മാത്രമല്ല, ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത് എന്നെഴുതി വെയ്ക്കുകയും ചെയ്തു. ഇതിന് മുമ്പ് കേരളത്തിലോ, ഭാരതത്തിലോ അങ്ങനെയൊരു സംഭവം നടന്നിട്ടില്ല. ഈഴവന് ശിവനെ പ്രതിഷ്ഠിക്കുവാൻ അധികാരമുണ്ടോയെന്ന ചോദ്യത്തിന്, ഞാൻ ഈഴവശിവനെയാണ് പ്രതിഷ്ഠിച്ചതെന്ന സൗമ്യമായ ഉത്തരം, പഴകി ദ്രവിച്ച ആചാരങ്ങളെ മുറുകെ പിടിച്ചിരുന്നവരെ മുഴുവൻ പിടിച്ചുകുലുക്കാൻ പോന്നതായിരുന്നു. മനുഷ്യനും മനുഷ്യനും തമ്മിൽ ഉയർച്ച താഴ്ചകൾ കൽപ്പിച്ച പഴയ വിശ്വാസത്തിന്റെ സ്ഥാനത്ത് പുതിയ ഈശ്വരനേയും വിശ്വാസത്തേയും പ്രതിഷ്ഠിക്കാൻ ശ്രീനാരായണഗുരുവിന് കഴിഞ്ഞു.

കേരളത്തിന്റെ സമഗ്രമായ നവോത്ഥാനത്തിന്റെ ആരംഭത്തിന് അങ്ങനെ അരുവിപ്പുറം സാക്ഷിയാവുകയായിരുന്നു. ഹിന്ദുമതത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും തെറ്റായ കീഴ്വഴക്കങ്ങൾക്കും എതിരായ പ്രധാന കാൽവെയ്പ്പായിരുന്നു അത്. ഹിന്ദുമതത്തിലെ ദൈവങ്ങളെ ആരാധിക്കുന്ന സാത്വികമായ ഒരു

ആരാധനാസമ്പ്രദായം അവർണ സമുദായങ്ങൾക്കിടയിൽ പ്രചരിപ്പിക്കുവാനും അത് സഹായകമായി. അതുവരേയും ചാത്തൻ, ചാമുണ്ഡി, മാടൻ, പൂതത്താൻ, കാളി, ചുടലമാടൻ തുടങ്ങിയ ദുർമൂർത്തികളെയാണ് അവർണസമുദായങ്ങൾ ആരാധിച്ചിരുന്നത്. മൃഗബലിയും മറ്റുമായിരുന്നു ഈ ദൈവങ്ങളെ പ്രീതിപ്പെടുത്താൻ സ്വീകരിച്ചിരുന്നത്. ഇത്തരം പ്രാകൃത ആചാരങ്ങൾക്ക് പകരം ശിവനേയും സുബ്രഹ്മണ്യനേയും പ്രതിഷ്ഠിച്ച് സാത്വികമായ പൂജാസമ്പ്രദായങ്ങൾ ഏർപ്പെടുത്തുകയായിരുന്നു ശ്രീനാരായണഗുരുവിന്റെ ലക്ഷ്യം. ജാതിഭേദവും മതദ്വേഷവും ഇല്ലാതായാൽ കേരളം മാതൃകാ രാജ്യമാകുമെന്ന് അദ്ദേഹം അന്നേ ദീർഘദർശനം ചെയ്തിരുന്നു. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്, മതമേതായാലും മനുഷ്യൻ നന്നായാൽ മതി തുടങ്ങിയ ശ്രീ നാരായണ സൂക്തങ്ങൾ എക്കാലത്തേയും മനുഷ്യവിമോചനത്തിന്റെ മഹാമന്ത്രങ്ങളാണ്.

വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കാനല്ല ശ്രീ നാരായണഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ചത്. കണ്ണാടി പ്രതിഷ്ഠ തന്നെ അതിന് തെളിവാണ്. അവർണ വിഭാഗങ്ങളെ പടിപടിയായി ഉയർത്തി മുഖ്യധാരയിലെത്തിക്കുകയായിരുന്നു ലക്ഷ്യം. ആത്മീയമായ ഒരു തലത്തിലേക്കുയരാനും അത് വഴിതെളിക്കട്ടെയെന്ന് കരുതിയിരിക്കണം. ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഇനി ക്ഷേത്രങ്ങൾ നിർമ്മിച്ചത് മതി, വിദ്യാലയങ്ങളും വായനശാലകളും വ്യവസായശാലകളുമാണ് ഉണ്ടാവേണ്ടതെന്ന് ഉദ്ബോധിപ്പിച്ചു. സംഘടിച്ച് ശക്തരാകാനും വിദ്യകൊണ്ട് പ്രബുദ്ധരാകാനും വ്യവസായം കൊണ്ട് സാമ്പത്തികഭദ്രത കൈവരിക്കാനുമാണ് ഗുരു ഉപദേശിച്ചത്.

മതപരിഷ്കരണം, ആചാരപരിഷ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഒരു വശത്ത് നടന്നു കൊണ്ടിരുന്നപ്പോൾ വിദ്യാലയങ്ങളിലും സർക്കാർ സർവ്വീസിലും പ്രവേശനത്തിന് വേണ്ടി ഡോ. പല്പുവിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനവും മറുവശത്ത് നടന്നിരുന്നു.

ഗുരുദേവന്റെ സാമുദായിക പരിഷ്കരണ പ്രവർത്തനങ്ങൾ മറ്റുസമുദായങ്ങൾക്കും പ്രചോദനമായി. ബ്രാഹ്മണരല്ലാത്തവർക്ക് വേദപഠനത്തിന് അവകാശമില്ലെന്ന പാരമ്പര്യവിശ്വാസത്തെ ചട്ടമ്പിസ്വാമികൾ സധൈര്യം നിഷേധിച്ചു. നായന്മാരുടെ ഇടയിലുണ്ടായിരുന്ന അനാചാരങ്ങൾ ഉപേക്ഷിക്കാനും സ്വാതന്ത്ര്യ കാശത്തിലും മറ്റും മാറ്റങ്ങൾ വരുത്താനും നായർ സർവ്വീസ് സൊസൈറ്റി മുന്നിട്ടിറങ്ങി. അവരിലെ പുരോഗമനചിന്താഗതിക്കാർ അവർണരുടെ അവകാശസമരങ്ങളെ സഹായിച്ചു. ആനന്ദമതം പ്രചരിപ്പിച്ച ബ്രഹ്മാനന്ദശിവയോഗിയും ആത്മവിദ്യാ സംഘത്തിന്റെ സ്ഥാപകനായ വാഗ്ഭടാനന്ദ ഗുരുദേവനും, നമ്പൂതിരി സമുദായത്തെ നവീകരിക്കാൻ ജീവിതം ഉഴിഞ്ഞുവെച്ച വി. ടി. ഭട്ടതിരിപ്പാടും അവർണരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടിയ അയ്യൻകാളിയും അരയസമുദായത്തെ ഉദ്ധരിച്ച പണ്ഡിറ്റ് കെ. പി. കറുപ്പനും മറ്റനേകം പേരും കേരളീയ നവോത്ഥാനത്തിന് തങ്ങളുടേതായ പങ്ക് വഹിച്ചിട്ടുണ്ട്.

മിശ്രവിവാഹം, മിശ്രഭോജനം എന്നിവയിലൂടെ ജാതിവിവേചനം ഇല്ലാതാക്കാൻ ശ്രമിച്ച സഹോദര പ്രസ്ഥാനവും മഹാകവി കുമാരനാശാനും, സി. വി. കുഞ്ഞുരാമനും ടി. കെ. മാധവനും മറ്റും എസ്സ്. എൻ. ഡി. പി. യുടെ പ്രവർത്തനങ്ങളിലൂടെ നടത്തിയ അവകാശസമരങ്ങളും വക്കം മൗലവിയുടെയും ക്രിസ്ത്യൻമിഷനറിമാരുടെയും പ്രവർത്തനങ്ങളും, മലയാളി മെമ്മോറിയലും ഈഴവമെമ്മോറിയലും വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും പാലിയം സമരവും ഇളക്കിവിട്ട അലകളും നവോത്ഥാനത്തെ ഏറെ സഹായിച്ചു. ക്രൈസ്തവമിഷനറിമാർ നാടിന്റെ നാനാഭാഗത്തും വിദ്യാലയങ്ങൾ സ്ഥാപിച്ചു. സവർണ്ണ അവർണ്ണ വ്യത്യാസം കൂടാതെ എല്ലാവർക്കും പ്രവേശനം അനുവദിച്ചു. അച്ചടിശാലകൾ സ്ഥാപിച്ച് പത്രപ്രവർത്തനവും പുസ്തക പ്രസിദ്ധീകരണവും ആരംഭിച്ചു. ഗദ്യത്തിന് പ്രാധാന്യവും മാന്യതയും നൽകി. അടിമ സമ്പ്രദായം തുടങ്ങിയ ദുരാചാരങ്ങൾ നിർത്തലാക്കാൻ അശ്രാന്തപരിശ്രമങ്ങൾ നടത്തി. നവോത്ഥാനത്തിന്റെ പ്രധാനപ്പെട്ട സംഭാവന ആശയപ്രചരണ മേഖലയായിരുന്നു. ആധുനിക ആശയങ്ങൾ ഉൾക്കൊള്ളുകയും പ്രചരിപ്പിക്കുകയും അവയുടെ വെളിച്ചത്തിൽ സാമൂഹിക പ്രശ്നങ്ങളെ വിശകലനം ചെയ്യാനുള്ള കഴിവ് ഉണ്ടാക്കിയതും നവോത്ഥാന പ്രസ്ഥാനങ്ങളാണ്. സാഹിത്യവും രാഷ്ട്രീയവും പത്രമാസികകളും അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്.

ശ്രീനാരായണഗുരു അദ്ധ്യക്ഷനും മഹാകവി കുമാരനാശാൻ സെക്രട്ടറിയും ഡോ: പല്പു ഉപാദ്ധ്യക്ഷനുമായി 1903-ൽ രൂപീകരിച്ച ശ്രീ നാരായണധർമ്മപരിപാലനയോഗത്തിന്റെ പ്രവർത്തനം വഴി ഈഴവരുടെ വിദ്യാഭ്യാസ രാഷ്ട്രീയാവകാശങ്ങൾ നേടിയെടുക്കുന്നതിനും ആചാരങ്ങൾ പരിഷ്കരിക്കു

ന്നതിനും വ്യവസായശീലം വളർത്തുന്നതിനും സർക്കാർ സർവ്വീസുകളിൽ അർഹമായ സ്ഥാനം നേടിയെടുക്കുന്നതിനും ആചാരങ്ങൾ പരിഷ്കരിക്കുന്ന തിനും വിലമതിക്കാനാവാത്ത സംഭാവനകളാണ് നൽകിയിട്ടുള്ളത്.

ടി. കെ. മാധവൻ, സഹോദരൻ അയ്യപ്പൻ, സി. കൃഷ്ണൻ വക്കീൽ, സി. വി. കുഞ്ഞുരാമൻ, സി. കേശവൻ, ആർ. ശങ്കർ എന്നിവരുടെ സേവനങ്ങൾ പ്രശംസനീയമാണ്. എസ്സ്. എൻ. ഡി. പി. യുടെ പ്രവർത്തനങ്ങളും ശ്രീ നാരായണഗുരുദേവന്റെ പ്രബോധനങ്ങളും മറ്റു സമുദായങ്ങളെക്കൂടി ഉണർത്താൻ പര്യാപ്തമായി.

ശ്രീ നാരായണധർമ്മപരിപാലനയോഗത്തിന്റെ മാതൃകയിൽ 1907-ൽ അയ്യൻകാളിയുടെ നേതൃത്വ ത്തിൽ പുലയരുടെ സാധുജനപരിപാലനസംഘവും, 1908-ൽ നമ്പൂതിരിമാരുടെ യോഗക്ഷേമസഭയും, 1914-ൽ നായർ സർവ്വീസ് സൊസൈറ്റിയും 1912-ൽ കൊച്ചിയിലെ പുലയസമുദായക്കാരുടെ പുലയമഹാ സഭയും 1912-14 കാലഘട്ടങ്ങളിൽ അരയന്മാരുടെയും വാലന്മാരുടെയും സംഘടനകളും രൂപീകൃതമാ വുകയും സജീവമായി പ്രവർത്തിക്കുകയും ചെയ്തു.

ഈ സംഘടനകളുടെ പ്രവർത്തനഫലമായി എല്ലാ സമുദായങ്ങളിലും സമൂലമായ പരിവർത്തനങ്ങളാണ് ഉണ്ടായത്. മിക്ക സമുദായങ്ങളിലും ഉണ്ടായിരുന്ന ബാലികമാരുടെ താലികെട്ടുകല്യാണം. തുടങ്ങിയ ആചാരങ്ങൾ നിലച്ചു. നായർ സമുദായം മരുമക്കത്താ യത്തിൽനിന്ന് മക്കത്തായത്തിലേക്ക് മാറി. നമ്പൂതിരി മാർക്കിടയിൽ തുല്യ സ്വത്തവകാശവും വിധവാ വിവാഹവും നിലവിൽ വന്നു. എല്ലാ സമുദായങ്ങളിലും വിദ്യാഭ്യാസത്തിനുള്ള താല്പര്യം വർദ്ധിച്ചു. വ്യവസാ യത്തിൽ ശ്രദ്ധ പതിയാൻ തുടങ്ങി. തീണ്ടൽ, തൊടീൽ തുടങ്ങിയ ദുരാചാരങ്ങൾ എന്നന്നേയ്ക്കുമായി ഇല്ലാ തായി. ക്ഷേത്രപ്രവേശന വിളംബരത്തോടെ സാമൂഹിക സാംസ്കാരിക വിപ്ലവത്തിന്റെ ഒരു ഘട്ടം അവസാനിച്ചു. രാഷ്ട്രീയ സ്വാതന്ത്ര്യവും സാമ്പത്തിക പരിവർ ത്തനവും സാമൂഹിക സാംസ്കാരിക വിപ്ലവത്തിന്റെ പരിസമാപ്തിക്ക് ആവശ്യമായിരുന്നു. കേരളീയ സമൂഹത്തെ ജനാധിപത്യത്തിന് പാകമാക്കിയത് ഈ പ്രവർത്തനങ്ങളാണ്. നമ്മുടെ രാഷ്ട്രീയമായ പ്രബുദ്ധതയുടെ മുന്നോടിയായ ആ പ്രവർത്തനങ്ങൾ ജാതിക്കും മതത്തിനും അതീതമായ കാഴ്ചപ്പാടിന് വേദിയൊരുക്കി. വിദ്യാഭ്യാസത്തിനും വ്യവസായത്തി നും നൽകിയ പ്രാധാന്യം ആധുനികകേരളം കെട്ടിപ്പടുക്കുന്നതിൽ ഏറെ സഹായിച്ചു.

ശ്രീ നാരായണഗുരുദേവന്റെ രംഗപ്രവേശനത്തിന് മുൻപ് ഒറ്റപ്പെട്ട ചില ലഹളകൾ നടന്നിട്ടുണ്ടെങ്കിലും, ചോരയിൽ മുങ്ങിയ വിപ്ലവങ്ങളോ ആയുധങ്ങളുടെ കരുത്തിൽ നടത്തിയ ആക്രമണങ്ങളോ അല്ല. നവകേരളം കെട്ടിപ്പടുക്കാൻ മലയാളികളെ സഹായിച്ചത്. ജനങ്ങളുടെ മനസ്സിൽ സംഭവിച്ച വമ്പിച്ച പരിവർത്തനമായിരുന്നു നമ്മുടെ നവോത്ഥാനത്തിന്റെ വിജയമന്ത്രം. **(തുടരും)**

## തൃപ്പാദങ്ങൾ സഞ്ചരിച്ച വഴികളിലൂടെ ഒരു തീർത്ഥയാത്ര

*44-ാം പേജിൽനിന്ന് തുടർച്ച*

കന്യാകുമാരിയിലേക്ക് പുറപ്പെട്ടു. താമസിച്ചതിനാൽ വിവേകാനന്ദപ്പാറയിൽ പോകാൻ പറ്റിയില്ല. നാലു മണി വരെയേ അവിടേയ്ക്ക് ബോട്ട് സർവ്വീസ് ഉള്ളൂ. കുറ ച്ചുസമയം കന്യാകുമാരി നടന്നു കണ്ടതിനുശേഷം ഞങ്ങൾ ശുചീന്ദ്രത്തേക്ക് പോയി. ക്ഷേത്രത്തിൽ 18 അടിയോളം വലിപ്പമുള്ള ഹനുമാന്റെ വിഗ്രഹമുണ്ട്. നിരവധി വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ എങ്ങോട്ടൊക്കെ പോകണമെന്നറിയാതെ ഒരുതരത്തിൽ ദർശനം നട ത്തി. ക്ഷേത്രത്തിലെ ശില്പവേലകൾ പത്മനാഭക്ഷേ ത്രത്തിലേതെന്നപോലെ മനോഹരമാണ്. ക്ഷേത്രദർശ നം കഴിഞ്ഞ് നേരെ ഞങ്ങൾ മഠത്തിൽ തിരിച്ചെത്തി.

പുലർച്ചെ പൂജ കഴിഞ്ഞ് മഠാധിപതി വിശുദ്ധാനന്ദ സ്വാമികൾ ഞങ്ങളെ മുറിയിലേക്ക് വിളിച്ചു. ശുഭയാത്ര ആശംസിച്ചുകൊണ്ട് ഞങ്ങൾക്ക് ഗുരുദേവന്റെ കലണ്ട റുകൾ നൽകി. മരുത്വാമലയുടെയും ഗുരുസമാധിമണ്ഡ പത്തിന്റെയും മുകളിൽ ഗുരുദേവന്റെ ചിത്രം ആലേഖനം ചെയ്ത കലണ്ടർ.

എല്ലാവരോടും യാത്രപറഞ്ഞ് ഞങ്ങൾ കന്യാകുമാരി സ്റ്റേഷനിലേക്ക് പുറപ്പെട്ടു. അവിടെനിന്ന് അഞ്ചുമണി ക്കുള്ള ജയന്തി ജനതയ്ക്ക് മുംബൈയിലേക്കും.

എന്റെ ആദ്യ ശിവഗിരി യാത്രയിൽതന്നെ ഗുരുദേവനുമായി ബന്ധപ്പെട്ട പ്രധാനസ്ഥലങ്ങളെല്ലാം കാണാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. ഇങ്ങനെയൊരു യാത്രയ്ക്ക് വഴിയൊരുക്കിതന്നെ എല്ലാവർക്കും നന്ദി അറിയിച്ചുകൊ ണ്ട് ഞാൻ ഇവിടെ നിർത്തട്ടെ.

*(അവസാനിച്ചു)*

# SREE NARAYANA GURU

## Father of Social Renaissance in Kerala

**Smt. Sathya Bai Sivadas**

Great men are those , whose life and teaching give a new impetus to the cultural evolution of large masses of people. Their actions and messages have universal significance and perennial values as they remain the source of inspiration for generations to come. Sree Narayana Guru was one such superhuman, who had set in motion an unprecedented spiritual and intellectual ferment in Kerala with his Unitive vedantic vision and the synthesis of the spiritual and temporal, he had reshaped the social conscience of Kerala, brought in a miraculous transformation of its social psyche, and wrested a new civilization based on religious tolerance and communal harmony, which earned him the title. “The Father of Social Renaissance in Kerala ”.

At Kollam, in south Kerala, the 150th Jayanti celebrations of Sree Narayana Guru was inaugurated by Ms. Sonia Gandhi on 30th August, 04 and an year from the date is declared as the year of Sree Narayana Guru on that occasion, Ms. Gandhi had enumerated some aspects of his multifarious personality. He was a spiritual leader, philosopher, humanist, poet and revolutionary all rolled into one, the greatest India had ever seen. Jawaharlal Nehru and Indira Gandhi also had paid glowing tributes to him, when they visited his shrine at Sivagiri, a few kms south of Kollam, Ravindranath Tagore and Mahatma Gandhi had gone to his abode at Sivagiri meet him (1922, 1925) (Tagore found in him “ Self effulgent of Divine Glore ”. Deena Bandhu C. F. Andrews, who accompanied Tagore considered him “ God in Man’s form” The French philosopher Romain Rolland qualified him as a “Jnani of Action ”, where as K.R. Narayanan, our former President considered him “ The light of hope of downtrodden people ”.)

These are credentials to his greatness, issued by great men. What about the common people? He has carved out a niche for himself in everyone’s heart. A tour of Kerala will reveal that there is no village or town without a mandir with his statue as idol, or a small temple consecrated by him, or an educational institution or a library

in his name. People come to the Gurumandir, surrender themselves in piety, light lamps and offer prayers and unburden all their woes. He is their God, they have no other God, they don't need either. To the intellectuals his messages are the perennial source of inspiration to fight for social justice.

He lived (1855-1928) in a society which was caste ridden to the core, with untouchability and inapproachability as norms. It was deeply cleft into Savarnas and Avarnas. Castes like Nambudiri (Kerala Brahmin), Menon, Nair etc constituted the Savarnas and were considered the upper caste. The Avarnas were castes like Ezhava, Paraya and Pulaya, and were condemned as untouchables, destined to subhuman existence. Caste hierarchy was strictly maintained by Savarnas as well as Avarnas. Among the Avarnas, the Ezhavas were the highest in social ranking. Hence castes like Paraya and Pulaya became untouchable to them. Each caste practised untouchability with as much rigour and venom as their caste superiors did, as each caste had someone inferior to them. But if anyone accepted a Christian or Muslim name, he became socially acceptable. Such was the limit of absurdity prevailing in the society. No wonder Swami Vivekananda called it a "Lunatic Asylum".

Narayana Guru was born in a moderately educated middle class family of Ezhavas. As a child he was precocious, and spiritually inclined. He became a scholar of Malayalam, Tamil, Sanskrit, Ayurvedam, and the Hindu scriptures at a very young age.

As he grew up, the humanist in him woke up and responded to the woes of miserable millions around him. Illiteracy, ignorance, superstitions and poverty reigned over the majority of Avarnas. Religion, which should have been a solace and support had become an instrument of tribulation for them by raising barriers and imposing restrictions in the name of caste. He saw how the essential goodness of the human soul was stifled under the weight of unhealthy traditions and the progressive human spirit suppressed by denials and restrictions.

After years of Meditation, he found the solution for all maladies caused by religion and caste in the Advaitha theory of Adi Shankara. Advaitha stipulates that the same Divine spirit dwells in all living beings. ALL IS ONE. Narayana Guru assimilated this great truth, If all life is the manifestation of the same universal spirit, how can there be any essential difference between one man and another ? Difference like colour of skin, dress, language and even religion are external and superficial. They induce variety in the great unity of basic equality. They do not impose any social ranking. But the caste system is a mischief maker. With the enforced social grading, it divides and subdivides humanity, and with its denials and restrictions it obstructs the spiritual and material progress of man. The more he thought about it, the more he was convinced that the caste system is against the spirit of Advaitha.

He was the next person who struck at the root of caste system by pointing out how it contradicts the spirit of Advaitha. He was up rooting a system which was rooted in religion, by making use of another tenet of the same religion.

Sree Narayana Guru evolved a unitive philosophy- a Gospel Unity- based on Advaitha- it is well explained through his poetic compositions " Advaitha Deepika " and " Atmospadesa Shathakam". The essence of his philosophy is in three assertions.

One Caste, One Religion and One God for man.

Ask not, Say not, Think not Caste.

What ever be the religion, let man improve himself.

This Gospel of Unity has shaken the social conscience of Kerala, a hundred years ago. It is equality relevant to modern times as the best antidote for communal disharmony and religious fundamentalism.

## The Saint turns Revolutionary:

The philosopher turned a revolutionary when he saw the blunders and atrocities committed in the name of religion and caste. The inhuman treatment meted out to the so called untouchables troubled his compassionate heart and raised moral indignation. Not only were they nurtured in ignorance, condemned to slavish drudgery, but also were subjected to shameless exploitation. They were not allowed to enter the Aryan (upper caste) temples, not even to walk on the roads around them. But their offerings in cash were accepted. The poor souls

waited patently 30-60 feet away from the temple premises, with the hope that a glimpse of the prosperous deity would improve their lot. Their own gods, whom the Avarnas propitiated with drunken orgies and animal sacrifices seemed ineffective in improving their lot. So, to propitiate the Aryan gods, they threw their coins into the temple premises which were washed and collected by the priests. However, seldom were the poor souls given a glimpse of the deity, as they were not allowed to worship those deities. Even gods were segregated in the land where Advaitha was born. This irony had to be changed and the thirst for worship would have to be satiated. Behind their piety and patience Narayana Guru saw the spark of human desire for emancipation and progress deep in their hearts, but hidden and subdued by restrogressive convictions and conventions. It was this hidden spark which he ignited with his unitive philosophy, to explode and become the propelling force for their spiritual and social upward mobility. The whole process is a bloodless revolution, in the upsurge of which all decadent and purile traditions were swept away and a new social order was ushered in.

## The Bloodless Revolution:

Narayana Guru launched this revolution through a unique step. Challenging social norms, he an Avarna who had no right to enter a temple, consecrated a temple for Lord Siva, who is strictly a deity for the upper caste, at Aruvippuram, ( a few kms south east of Trivandrum) on the wee hours of Sivaratri of 1888, he picked up a stone from the adjacent River Neyyar, stood in meditation for hours, clutching the stone, and then placed it on an altar as “Sivalingam”. It was the demolition of the dividing wall of caste and tradition between men and gods, and the assertion of man’s fundamental right to worship. To the hundreds of untouchable devotees who stood watching the ceremony, it was the first lesson in equality- equality of all before God, and the first step in their liberation from spiritual serfdom. They can worship the same Lord, as their upper caste overlords worship, if they cannot go to the temple, the temple has come to them. To the enraged priesthood, he gave the befitting reply that it was an Avarna Shiva, and not a Brahmin Shiva that he had installed. If was the death knell to the authority of priesthood, and the launching of the bloodless revolution.

But his message to humanity was something more than that. On the newly erected temple wall he wrote a small poem. It was not another Panchakshari to worship Lord Siva but it was a hymn of universal brotherhood to unify humanity. It read,

This is the model abode
Where all live in brotherhood
Without the dividing walls
Of caste discrimination and religious rivalry.

Through these lines, the small stone which he installed as Lord siva, evolved into a symbol of human unity, objectifying Advaitha.

Hundreds of Sree Narayana temples sprang up for different deities with trained non-Brahmins as Archakas. Through these temples, his clarion call to liberate the so-called untouchables from social and spiritual serfdom reached out to every nook and corner of Kerala and awakened the lethargic souls. Temples became the centers of activity-unification, enlightenment, and emancipation of the people.

## Revolution through Education :

This was the second step, but launched almost simultaneously. The Guru had realized that ignorance, and poverty are the root cause for all social evils. And the only remedy is education, with equal stress on its two emanations-education for character and education for career. It should ensure that the mind is enriched with the sense of truth, beauty, virtue and love, and also the ability to earn sufficiently for a comfortable living. Education has to enable them to integrate the opposing values of spiritual and material, traditional and contemporary. Only enlightenment trough, such education can make these crippled souls aware of their rights as human beings and their potentialities and induce in them the strength and confidence to compete with the privileged classes. He taught the people to make use of education as tool to liberate themselves form superstitious traditions, a means for economic independence, and a weapon to fight social injustice.

The down trodden people found a fresh breath of energy and a source of inspiration in his slogans.

Freedom through Education
Strength through Organization
Economic independence through industries.

Under his leadership his followers organized themselves into Sree Narayana Dharma Paripalana ( S.N.D.P ) Yogam, and launched massive educational programmes, both formal and informal .

Though he established sanskrit schools to teach the scriptures, he encouraged English education and inspired rich men to invest in industries and sponsor the deserving poor for technical education abroad.

## Revolution through Reformation :

The third step of the revolution was social and religious reformations. To safeguard the economy of a developing community, he forbade all ceremonies and rituals, including weddings and funerals and other religious functions where money was being wasted in feasting and festivities. Instead he suggested to make use of the money to educate a suitable person so that he would be useful to the society. He demysified religion by simplifying all rituals. He recognized the futility of chanting Sanskrit verses to ignorant masses and replaced them with simple malayalam verses and hymns so that people understnad the meaning of all. He saw how the consumption of alcohol was degrading the individual and undermining the economy of the society at large. So he gave the command. “ Liquor is poison, do not make it, do not give it, do not drink it. ” people obeyed his orders as he had become “God in human form”.

## Spirituality beyond Religions:

While S.N.D.P was taking care of people’s material prosperity the Guru was concerned about their spiritual needs. He believed that prayer and worship are the first step towards a higher spirituality. So he constructed temples and installed idols. But he turned an iconoclast, if the deity was to be propitiated with drunken orgies or animal sacrifice which was contrary to the higher values he was trying to inculcate in the people.

“Illumination in the hearts of the people” was the Guru’s concept about the purpose of temples. To illustrate this, he installed lamps instead of idols in two temples, and finally a mirror. These consecrations, starting with idols, passing through lamps and ending in a mirror represent the progressive steps in spirituality. From the first step of worshipping idols, man evolves to the enlightened stage of conceiving the Ultimate Truth-Aham Brahmasmi Through the mirror installation, the Guru revealed to the masses his message, “God is not somewhere up above, he is the innermost Being of one’s own Self”. The kingdom of God is within you.

This is the “One God” he preached about, the Spirit or Energy that animates and activates everything in this Universe. He had imbibed this spirit of the Universe. The Universe had become part of him. It was a spirituality beyond religions- a peak from where he could see and show that all religions point the way to the same eternal Truth. Hence, conversions from one religion to another is only a change of paths. All religious tenets are legacies to humanity from wise men. They have to be shared by all. Any religion is good enough for the believer to attain spirituality. (He accepted even atheism, if it could make a man better. Some of his followers were atheists).

The first All Religions meet in Asia was organized by him in Feb. 1924 at his Advaithashram in Aluva, close to the birthplace of Adi Sankara. At the entrance to the meeting hall the motto was displayed, “ We meet here not to argue and win, but to know and be known.” If, religious fanatics all over the world could understand the sense in these words, so much of bloodshed in the name of religion could have been avoided and the world would have been a much better place to live in.

The Guru’s endeavour was to evolve a new culture, a synthesis of the old and the new, a smooth transfer from outdated ideas to progressive modernism. And he achieved this social miracle within a short span of forty years. He had metamorphosed the depressed castes of Kerala, from prostate subhuman status to educated decent citizens with dignity, self respect and economic power. A radical change in sentiment, intellect and perspective was ushered in, where rancour and dissention prevailed, he brought in unity and harmony, poverty and ignorance was replaced with prosperity and erudition. The impetus brought out the literary, artistic and academic talents hidden in the depressed people and opened before them the

way for growth and prosperity for which sky is the limit. The flowers of Indian Renaissance began blooming among the once downtrodden masses of Kerala. It was both a spiritual and social Renaissance.

No other state in India has the record of such tremendous progress within such a short span of time. If the state of Kerala now stands first in literacy, it is the ultimate result of the massive educational projects launched by Sree Narayana Guru. If untouchability has become a thing of the past in Kerala, Sree Narayana Guru's temples are the inspiration behind it. If conflicts and confrontations in the name of religion is minimal in Kerala, the credit goes to his Gospel of Unity.

The secret of Narayana Guru's success is his integrated vision of man' need for spiritual salvation and physical well being. The basis of his humanism is an all encompassing love and faith in man's ability to evolve. In all his endeavors to uplift the downtrodden, he never said a word against the upper castes. In fact, many upper caste men were his followers. He was a philosopher, but he brought philosophy down to practical life. He was pious, but not a fanatic. Piety to him was something personal to each individual, a communion with the inner self. He was loyal to the essence of religions, but not their external crusts. He was born a Hindu, but never claimed as one. Though he was born and lived in Kerala, he was universal Guru, since his messages have universal application as they cut across cultural barriers and can inspire humanity at large. The world which is facing religious, racial and regional contradictions and conflicts, will certainly find solace and solutions in his messages. His legacy to humanity is a spirituality beyond the narrow confines of religions, respect for human dignity irrespective of caste, race and creed and the courage to shed the shackles of tradition, if it stands in the way of human progress. This legacy belongs to the entire world, and it is the duty of his devotees and followers to make this known to the world.

**Smt. Sathya Bai Sivadas**

(The writer is a retired lecturer in English from Andhra Predesh Educational Service, and the author of:

1. Sree Narayana Guru, The Practical Philosopher,

   Published by Sree Narayana Educational and Cultural Society of Secunderabad.

2. English Version published by Bharatiya Vidya Bhavan.

3. Telugu Version published by Hyderabad Book Trust.



ശ്രീനാരായണ മന്ദിരസമിതി പുതുതായി ആരംഭിച്ച ബി.എഡ്. കോളേജിന്റെ ഉദ്ഘാടനം ശ്രീമതി നീതി പ്രഥാൻ ഉദ്ഘാടനം ചെയ്യുന്നു.